Reg. No. M. 2293

ഒററപ്രതി 2ണ

# സത്യദീപം

"ഞാൻ ലോകത്തിൻെറ ദീപമാകുന്നു; എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കുന്നില്ല."

പുസ്തകം 27 | 1129 മേടം 1 ബുധനാഴ്ചതോറും പ്രസിദ്ധപ്പെടുത്തുന്നതു്—എറണാകുളം 1954 ഏപ്രിൽ 14 | ലക്കം 33



# ആത്മവിലാപം

(ജയിംസ് കെ. സി., മണിമല)

കാലത്തിൻെറ ഈ വഴിത്തിരിവിൽ ഞാൻ ഒന്നു നിന്നുകൊള്ളട്ടെ. നോക്കെത്താത്ത ആ ചക്രവാളച്ചരിവിൽ നീലയവനിക വീണുകിടക്കുന്നു. എണ്ണിയാൽ തീരാത്ത സംഭവപരമ്പരകൾ അതിനുള്ളിൽ ഒതുങ്ങിപ്പോയി. വെളിച്ചത്തിൻെറ മുമ്പിലും ഇരുട്ടിൻെറ മാറാലകളോ?

ചിന്തയ്ക്കു ചിറകുവച്ചാൽ!—ഭാവന അങ്ങോട്ടൊന്നു പറന്നുയന്നാൽ!!—സ്മരണയുടെ കിരണങ്ങൾ ആ നീലമറയ്ക്കപ്പുറത്തേക്കു കടന്നുചെന്നാൽ!!!

അതാ നൂററാണ്ടുകളുടെ കനത്ത ഭിത്തികൾ തകന്നുവീഴുന്നു. സംഭവങ്ങളുടെ കൂമ്പാരം ഇടിഞ്ഞു നിരക്കുന്നു. മാനുഷികനേട്ടങ്ങളുടെ ചിതൽപ്പുററുകൾ തകന്നിടിയുന്നു!!

* * *

ആരും എന്നെ അപലപിക്കരുതേ. കാലത്തിൻെറ ഈ നാഴികക്കല്ലിൽനിന്നു ഞാൻ പിറകോട്ടു നോക്കുകയാണു്; ഏകാന്തമായി; ഏകാഗ്രമായി; ഏകൈകനിരതയായി.

ചരിത്രത്തിൻെറ ഏടുകൾ മറിയുന്നു. സാമ്രാജ്യങ്ങൾ ഉദിക്കുന്നു; അസ്തമിക്കുന്നു;— ചെങ്കോലുകൾ ഉയരുന്നു; താഴുന്നു;—കിരീടങ്ങൾ "ഭാഗ്യം പിറന്ന" ശിരസ്സുകളെ അലങ്കരിക്കുന്നു; അടുത്ത നിമിഷത്തിൽ തകന്നുവീഴുന്നു. മനുഷ്യബുദ്ധിയുടെ വമ്പിച്ചനേട്ടങ്ങൾ "ബാബേലിലെ ഗോപുരം" പോലെ ഉയരുകയാണു്; കഷ്ടം! അനന്തരമാത്രയിൽ ആ തകന്ന കരിങ്കൽക്കൂമ്പാരങ്ങൾക്കിടയിൽക്കിടന്നു വീർപ്പുമുട്ടുന്ന ജീവിതങ്ങൾ എത്രയെത്ര?

അതാ പ്ലേറേറായും അരിസ്റ്റോട്ടലും അവരുടെ തത്വഭാണ്ഡങ്ങളുമേന്തി മുമ്പോട്ടുവരുന്നു. സെനേക്കായും സിസറോയും ജീവിതത്തിനു നീണ്ട വാറോലകൾ എഴുതിവിടുന്നു. അതിനിടയിൽ സോക്രട്ടീസു് കാൽക്കഴഞ്ചു "പാഷാണ"വുമായി ഓടിപ്പോകുകയാണു്.

ആ ചിന്തകന്മാർ മണ്ണടിഞ്ഞു. ശാസ്ത്രജ്ഞന്മാർ ശവകോടങ്ങൾ പൂകി. അവരുടേതായി ഒരു കഴഞ്ചു മണ്ണുപോലും ശ്മശാനവേദിയിൽ വദ്ധിച്ചിട്ടില്ല.

## II

കാലത്തിൻെറ രാജപാതയിൽ ആയിരത്തിത്തൊള്ളായിരത്തിൽപ്പരം വഴിക്കല്ലുകൾ പിറകിലാണു് ഞാൻ ഇപ്പോൾ നിലകൊള്ളുന്നതു്. "ആത്മനാഥനെ നിങ്ങൾ കണ്ടോ?" ഉള്ളുണന്നിറഞ്ഞ ഒരു ചോദ്യം. അന്നത്തെ ലോകം അതിനുത്തരം നൽകുമോ?

അദ്ദേഹത്തെ ആരും അറിയുകയില്ലെന്നോ? അടയാളങ്ങൾ ഞാൻ പറഞ്ഞുതരാം. തലയിൽ കട്ടകാരമുള്ളുകൊണ്ടുള്ള ഒരു കിരീടം കാണും. തോൾത്തലത്തിൽ ഭാരമേറിയ ഒരു ബലിമരവും. അദ്ദേഹത്തിൻെറ കഴുത്തിലും കാലിലും കനത്ത കയറിട്ടു ബന്ധിച്ചിട്ടുണ്ടാവും. ഇരുമ്പുചട്ടയും ഉരുക്കുതലപ്പാളുമണിഞ്ഞ റോമൻ ഭടന്മാർ വാളും വടിയും കുന്തവുമേന്തി അങ്ങേക്കകമ്പടി സേവിക്കുന്നുണ്ടു്.

ആ തയ്യലില്ലാത്ത മുഴുക്കുപ്പായം ചെമന്ന പാടുകൾകൊണ്ടു നിറഞ്ഞിരിക്കും. മട്ടനത്തിൻെറ പാരമ്യം അവിടുത്തെ രക്തധമനികളെല്ലാം വെട്ടിത്തുറന്നുകഴിഞ്ഞു.

"ആ ദൈവദൂഷണം പറഞ്ഞ നസറായനോ?" ജറുസലേം നഗരവാസികൾ ഏകസ്വരത്തിൽ ചോദിക്കുകയായി.

"അതെ. അദ്ദേഹം എൻെറ ഹൃദയേശ്വരനാണു്. ആ വഴിത്താര ഞാൻ പിഞ്ചെല്ലട്ടെ. ആ പാദമുദ്രകൾ ചുംബിക്കട്ടെ. എൻെറ പ്രേമോപഹാരങ്ങൾ അങ്ങേക്കു സമപ്പിച്ചുകൊള്ളട്ടെ.

പരിഹാസത്തിൻെറ പാഴിടിപോലെ അവർ എൻെറനേരെ പൊട്ടിച്ചിരിച്ചു.

## III

കാൽവരിയിലെ കഴുവുമരച്ചുവട്ടിലേക്കു് ഞാൻ ഓടി. അവിടെ അതാ ആത്മനാഥൻെറ സിംഹാസനം ഉയന്നുനില്ക്കുന്നു. എരിഞ്ഞുയരുന്ന തീവെയിലത്തും ഒരു വെള്ളിമേഘം അങ്ങേക്കു് പട്ടുകുട പിടിച്ചിട്ടില്ല. അവയെല്ലാം ദിംഗ്‌രേഖകളിൽ തളന്നുറങ്ങുകയാണു്. ആ നാട്ടുംപുറങ്ങളിലെ പ്രസംഗപര്യടനത്തിൽ അവിടുത്തെ പരിസേവിച്ചിരുന്ന തൈത്തെന്നൽ ഒരു "താലവൃന്ത"വുമായി കാൽവരിയിൽ വന്നിട്ടില്ല. അങ്ങേ പൂമേനിക്കു തണൽവിരിച്ച വൃക്ഷശിഖരങ്ങളിൽ ഒന്നുപോലും അവിടെയില്ല. ആ തൃപ്പാദങ്ങൾക്കു പൂവിരിച്ച ലതാനികുഞ്ജങ്ങൾ എങ്ങോട്ടുപോയോ?

മൂന്നാണികളാണു് പള്ളിമെത്തയുടെ അലങ്കാരങ്ങൾ. രക്തകണങ്ങളും വിയർപ്പുതുള്ളികളുംകൂടെ ആ ഫാലദേശത്തുനിന്നു് ഇററിററു വീഴുന്നു. ഘോരയാതനകളുടെ തീച്ചൂളയിൽ എരിയുന്ന ഒരു അന്തരംഗമാണു് ആ മുഖത്തു പ്രതിബിംബിക്കുന്നതു്. ആ ഒളിമങ്ങി അദ്ധോന്മീലിതങ്ങളായ നേത്രയുഗ്മം ഭൂതഭാവികളെ ഒരുപോലെ കാണാൻ കരുത്തുള്ളവയാണു്. മരണത്തിൻെറ വൈക്ലബ്യം വിളിച്ചറിയിക്കുന്ന ആ വരണ്ട ചുണ്ടുകൾ ജീവിതത്തിൻെറ കിടയററ തത്വങ്ങൾ പ്രസംഗിച്ചതാണു്—മുൾക്കിരീടമേന്തി വലത്തു തോളിലേക്കു തളന്നുവീണിരിക്കുന്ന ആ ശിരസ്സു് ആയിരങ്ങളുടെ രക്ഷാകേന്ദ്രമാണു്.

ആ കൈകൾ—ഭാരിച്ച രണ്ടു് ഇരുമ്പാണികളാൽ തറയ്ക്കപ്പെട്ടിരിക്കുന്ന ആ അവസ്ഥയിലും, പാപഭരിതമായ ലോകത്തെ വാരിപ്പുണരുവാൻ ആഞ്ഞിരിക്കുന്ന ആ കൈകൾ— അതെ, ആ കൈകളാണു് അഞ്ചപ്പം വാഴ്ത്തി അയ്യായിരംപേക്കു് വിളമ്പുവാൻ കൊടുത്തതു്!—കാററും കടൽത്തിരയും ശാസിച്ചടക്കിയതു്!! കുഷ്ഠരോഗികളെ സുന്ദരഗാത്രരാക്കി പറഞ്ഞയച്ചതു്!!! — പക്ഷവാതക്കാരനെക്കൊണ്ടു് കട്ടിലെടുപ്പിച്ചു യാത്രയാക്കിയതു്. അവസാനമായി ഗോതമ്പപ്പത്തിനുള്ളിൽ സ്വന്ത വ്യക്തിത്വം മറച്ചുവച്ചു പുതുമയുടെ പുലരിയിൽ ഒരു പുത്തൻബലിപീഠം സജ്ജമാക്കിയതു്!!!

ആ തൃപ്പാദങ്ങൾ—ചക്രവാളസീമകൾ ഒന്നാകെ ചവിട്ടിത്തള്ളാൻ കെല്പുള്ള ആ കാൽത്താരിണകൾ തറച്ചുനിത്തുവാൻ വെറും ഒരേ ഒരു ഇരുമ്പാണി!

ഗ്ലീലാക്കടലിൽ അലറിയുയരുന്ന തിരമാലകൾ തൃച്ചേവടികൾക്കു രാജവീഥിയിൽ വിരിച്ച നീലപ്പട്ടാടയായിരുന്നു. കാടും കടലും ഒരുപോലെ ചവിട്ടിക്കടന്ന മലരടിയിണ ബന്ധിക്കാൻ തുരുമ്പുപിടിച്ച ഒരു ഇരുമ്പാണി!.

അല്ല; ആരുടെയോ "കാരുണ്യം"; അരയിൽ ചുററിക്കെട്ടിയ പഴന്തുണിക്കഷണമോ അങ്ങേ പട്ടുടയാട. "വയലിലെ ലില്ലിപ്പുഷ്പങ്ങൾ സോളമനെക്കാൾ അലംകൃതങ്ങളാണു്." അവയ്ക്കു ജീവചൈതന്യവും ദ്യുതിപ്രകർഷവും നൽകിയ അവിടുത്തെ ധവളിമയിയന്ന മുഴുക്കുപ്പായം ആരപഹരിച്ചു?

## IV

ആത്മനാഥാ! അവിടുത്തേ സന്ദർശനത്തിനു ഞാൻ എത്രമാത്രം മോടിയായി ഒരുങ്ങിയെന്നോ? മൃണാളകോമളമായ ഈ പട്ടാംബരം അതിനുവേണ്ടി വലിയ വിലകൊടുത്തു വാങ്ങിയതാണു്. കനകഹാരങ്ങളാൽ അഭിമാനവിജൃംഭിതമായ എൻെറ കണ്ഠം തിരുമുമ്പിൽ മാത്രം അവനതമാകാനുള്ളതാണു്. രണ്ടായി പിന്നിയിട്ടു് ഭംഗിയേറിയ കാർകുഴലിൽ അങ്ങേക്കായിട്ടു മാത്രമാണു ഞാൻ പരിമളദ്രവ്യം അഭിഷേകംചെയ്തതു്. കനകകങ്കണങ്ങളും, വെള്ളിച്ചിലങ്കകളും പട്ടുപാദുകങ്ങളും എല്ലാം അങ്ങേക്കായിട്ടു മാത്രം ഞാൻ സമ്പാദിച്ചതാണു്. എന്നിട്ടും തേജോവലയിതമായ ആ തിരുനേത്രങ്ങളിൽനിന്നു് ഒരു കടാക്ഷത്തിനു് എനിക്കർഹതയില്ലെന്നോ?

* * *

ഹാ! പ്രാണനായകാ! ഞാൻ അറിഞ്ഞു, എല്ലാവും; ഞാൻ ഹേ



ഗത്തസേമ്മനിലെ ഒരു രംഗം.

തുവാണു് എല്ലാത്തിനും!

അനുഗ്രഹദായകങ്ങളായ ആ പാണിയുഗ്മങ്ങളിൽ ആണിയടിച്ചതു ഞാൻ! വാനോർ ചുംബിക്കുന്ന ആ തൃപ്പാദങ്ങൾ കുത്തിത്തുളച്ചതു ഞാൻ! ജഗജ്ജേതാവായ അങ്ങേ തിരുശിരസ്സിൽ മുൾക്കിരീടം അടിച്ചിറക്കിയതു ഞാൻ! സൗന്ദര്യത്തിൻെറ തനിക്കൂമ്പായ ആ ഗാത്രം ഇങ്ങനെ വിരൂപപ്പെടുത്തിയതു ഞാൻ! ആ ഹൃദയത്തിൽ ശേഷിച്ചിരിക്കുന്ന അവസാനത്തെ രക്തബിന്ദുക്കൾക്കുവേണ്ടി അങ്ങേ വിലാപ്പുറത്തു തറച്ചുകയററുവാൻ കുന്തവുമേന്തി നില്ക്കുകയാണു പിന്നെയും ഞാൻ!!!

മതി! ആത്മനാഥാ; അങ്ങു സഹിച്ചതു മതി! കാലത്തിൻെറ കനത്ത ഭിത്തികൾക്കു മറക്കാനാവാത്ത ഈ ബലിവേദിയിൽനിന്നു് അങ്ങു സഹിച്ചതുമതി!

അനേകായിരങ്ങൾ നഗ്നതമറയ്ക്കാൻ പഴന്തുണിപോലുമില്ലാതെ അലയുമ്പോൾ ഞാൻ എന്തിനു് ഈ പട്ടുടുപ്പണിയണം? ലക്ഷങ്ങളുടെ കൈകാലുകളിൽ അടിമത്തത്തിൻെറ ശൃംഖല വീണുകിടക്കുമ്പോൾ രത്നകങ്കണങ്ങൾ എൻെറ കൈക്കിണങ്ങുമോ? വിശന്നു പൊരിയുന്ന ഉദരങ്ങളെ പിന്നെയും പിന്നെയും ഞെക്കുകയാണല്ലോ ഞാൻ വയറുനിറച്ചുണ്ണുമ്പോൾ!

ആകയാൽ കാലത്തിൻെറ നാല്ക്കവലയിൽനിന്നു ഞാൻ നൂററാണ്ടുകൾ പിറകോട്ടുവന്നതു വ്യത്ഥമായില്ല. ആത്മനാഥാ, എല്ലാം ഞാൻ അങ്ങേക്കു സമപ്പിക്കുന്നു. ആ ബലിമരവും മൂന്നാണികളും മതിയെനിക്കു്.

തപശ്ചര്യയാണെൻെറ ബലിവേദി, ത്യാഗം, സഹനം, പരിഹാരം. ഇവയാണു് ആ മൂന്നാണികൾ.

അങ്ങനെ ഞാനും "ബലിമര"ത്തിൽ നിന്നുകൊണ്ടു് അവിടുത്തെ അഭിവീക്ഷിക്കാം. ആ തൃക്കൺ വിളയാട്ടത്തിൽ അങ്ങനെ ഞാൻ പുളകമണിഞ്ഞുകൊള്ളാം. അവിടുത്തെ വിശുദ്ധ ശ്ലീഹായുടെ മധുരാഹ്വാനംകൊണ്ടു ഈ "ആത്മവിലാപ"ത്തിൻെറ അവസാനത്തെ അടികൾ കുറിച്ചുകൊള്ളട്ടെ: "സഹോദരന്മാരെ! നിങ്ങൾ ആ പഴയ മനുഷ്യനെ കുരിശിൽതറയ്ക്കുവിൻ!!"

—o—

### ഭരണാധിപന്മാരുടെ സങ്കേതസ്ഥാനം

അമേരിക്കൻ പ്രസിഡണ്ടായിരുന്ന അബ്രാഹം ലിങ്കൻെറ കാലത്തു നടന്ന ഒരു സംഭവമാണു്. പ്രോട്ടസ്റ്റൻറുകാരിയായ ഒരു മഹതിക്കു് പ്രസിഡണ്ടു് വൈററ്ഹൗസിൽ സന്ദർശനം നൽകുകയായിരുന്നു. ലിങ്കൻെറ മുഖത്തു ദുഃഖച്ഛായകൾ നിഴലിച്ചിരിക്കുന്നതായി കണ്ടുകൊണ്ടു് സന്ദർശക പറഞ്ഞു: പ്രിയ സ്നേഹിതനായ അബ്രാഹമേ! നിങ്ങൾ ഏകാകിയാണെന്നു കരുതരുതു്. പ്രിയ സ്നേഹിതാ, സമാശ്വസിക്കുക. ദൈവം നിങ്ങളോടുകൂടിയുണ്ടു്. ജനസഞ്ചയം നിങ്ങളുടെ പിമ്പിലുമുണ്ടു്." ഉറച്ച ഈശ്വരഭക്തനായ ലിങ്കൺ പ്രതിവചിച്ചു: "അല്ലയോ മഹതീ! ഞാനതു അറിയുന്നുണ്ടു്. ദൈവം എന്നെ താങ്ങുന്നുണ്ടെന്നും, മേലും താങ്ങിക്കൊള്ളുമെന്നുമുള്ള വിശ്വാസം എനിക്കില്ലായിരുന്നെങ്കിൽ, എൻെറ ഉദ്യോഗകാലം അവസാനിക്കുന്നതുവരെ ഞാൻ ജീവിക്കയില്ലായിരുന്നു. എൻെറ ചങ്കു പണ്ടേ പൊട്ടിപ്പോയേനേ."


## ദി കാത്തലിക്ക് സിറിയൻ ബാങ്ക് ലിമിററഡ്

### H. O. TRICHUR

ബാങ്കിൻെറ എറണാകുളം ബ്രാഞ്ചിൽനിന്നു് 11100ക. സലയായി 27-4-1954 മുതൽ തുടങ്ങുവാനിരുന്ന മാസക്കുറിയിൽ വരിക്കാർ തികഞ്ഞ വിവരം പരസ്യപ്പെടുത്തിയിരുന്നുവല്ലോ. ഇപ്പോൾ ബാങ്കിൻെറ തൃപ്പൂണിത്തുറ ബ്രാഞ്ചിൽനിന്നും 6-5-1954 മുതൽ തുടങ്ങുവാൻ ഉദ്ദേശിച്ചിരുന്ന 5550 ക.യുടെ മാസക്കുറിയിലും വരിക്കാർ അധികമായി എന്നു് സന്തോഷത്തോടുകൂടി അറിയിക്കുകയും മേലിൽ മേല്പറഞ്ഞ കുറികളിൽ ചേരുവാൻ വരിസംഖ്യ അയക്കാതിരിപ്പാൻ അപേക്ഷിക്കുകയും ചെയ്യുന്നു.

തൃശ്ശൂർ ബ്രാഞ്ചിൽനിന്നും 8-5-1954 ൽ തുടങ്ങുവാൻ പോകുന്ന ത്രൈമാസക്കുറിയിൽ വളരെ കുറച്ചു് നറക്കുകൾ മാത്രം ശേഷിച്ചിരിക്കകൊണ്ടു് ടി കുറിയിൽ ചേരുവാൻ ആഗ്രഹിക്കുന്നവർ കഴിയുന്നതും വേഗത്തിൽ സംഖ്യ അടച്ചു രസീതു് വാങ്ങേണ്ടതാണു്.

മാനേജിംഗ് ഡയറക്ടേഴ്സ്

ചാലിശ്ശേരി അന്തോണി പൈലോതു് Avl
പല്ലൻ അന്തോണി ദേവസി Avl B. A.
ചാലിശ്ശേരി ലോനപ്പൻ ജോസഫ് Avl

തൃശ്ശൂർ
2—4—1954

# "നീ ഇന്നു പറുദീസായിലായിരിക്കും"

ക്രിസ്തുവിന്റെ കുരിശുമരണം വഴി, പാപത്താൽ അടയ്ക്കപ്പെട്ടിരുന്ന സ്വർഗ്ഗകവാടം തുറക്കപ്പെട്ടു. എന്റെ മരണനിമിഷത്തിൽ ആ സ്വർഗ്ഗഭവനത്തിൽ പ്രവേശിക്കുന്നതിനുള്ള സൗഭാഗ്യം എനിക്കു കൈവരുമോ? ഓരോ മനുഷ്യവ്യക്തിയേയും ഉൽക്കണ്ഠാകുലനാക്കുന്ന ഒരു പ്രശ്നമാണിതു്. ഇക്കാര്യത്തിൽ തിരുസഭയുടെ പരമ്പരാഗതമായ പഠനം എന്താണു്?

വല്ലതരത്തിലും മരണശേഷം നിത്യശിക്ഷയിൽനിന്നു രക്ഷപെട്ടു ശുദ്ധീകരണസ്ഥലത്തിൽ എത്തിച്ചേർന്നെങ്കിൽ മതിയായിരുന്നു എന്നു് ആവേശപൂർവ്വം അഭിലഷിക്കുന്ന ഒട്ടുവളരെ പരമാർത്ഥികളെ നമുക്കറിയാം. നാമോരോരുത്തരുംതന്നെ ഈ ഗണത്തിൽ പെട്ടെന്നും വരാം. ക്രിസ്തുവിന്റെ രക്ഷാകരവ്യവസ്ഥിതിയിൽ ഇപ്രകാരം ചഞ്ചലാത്മകവും സംശയാസ്പദവുമായ ഒരു ആശങ്കയ്ക്കുമാത്രമാണോ സ്ഥാനമുള്ളതു്. ഇതിലുപരി സുദൃഢമായ ഒരു മനോഭാവം കൈവരിക്കാൻ മാർഗ്ഗമില്ലേ?

## മരണാനന്തരസ്ഥിതി

വെളിപാടുകളുടെ വെളിച്ചത്തിൽ നമ്മുടെ മരണാനന്തരസ്ഥിതിയെപ്പററി നാം ഗ്രഹിച്ചിട്ടുള്ളതു് മൂന്നുവിധത്തിലാണു്. ചാവുദോഷത്തിൽ മരിക്കുന്ന ഒരാൾ തൽക്ഷണം നിത്യനരകശിക്ഷയ്ക്കു വധേയനാകും; ദൈവപ്രസാദവരത്തോടുകൂടി മരിക്കുകയും എന്നാൽ ലഘുവായിട്ടുള്ള പാപങ്ങൾക്കോ പരിഹാരക്കടങ്ങൾക്കോ വിധേയരായിരിക്കുകയും ചെയ്യുന്നവർ പാപപ്പരിഹാരത്തിനായി ശുദ്ധീകരണസ്ഥലത്തിൽ പോകും; പാപമാലിന്യങ്ങൾ കൂടാതെ പരിശുദ്ധരായിട്ടുള്ളവർ സ്വർഗ്ഗത്തിൽ പ്രവേശിക്കും. ഇവയിൽ ആദ്യത്തെ കാര്യം സുനിശ്ചിതമാണു്. അതിൽ തർക്കമില്ല ആർക്കും. രണ്ടാമത്തെയും മൂന്നാമത്തേയും കാര്യമോ? അതിലും വസ്തുത നിഷേധിക്കാവുന്നതല്ല. എന്നാൽ ആരെല്ലാമാണു് ഓരോ ഗണത്തിലും പെടുകയെന്നതു വിവാദാസ്പദമാണു്. അതേപ്പററി തിരുസഭയുടെ പഠനവും, വേദപണ്ഡിതന്മാരുടെ അഭിപ്രായവും, കർമ്മവിധികളുടെ അർത്ഥവും എങ്ങനെയാണു് ഗ്രഹിക്കേണ്ടതെന്നു ചുരുക്കത്തിൽ പ്രതിപാദിക്കുകയാണു് ഈ ലേഖനോദ്ദേശ്യം. അസാധാരണമായ പുണ്യജീവിതം നയിക്കുന്ന ചുരുക്കം ചില വിശുദ്ധന്മാർ മാത്രമേ ശുദ്ധീകരണസ്ഥലത്തിലെ പരിഹാരാഗ്നിയിൽ പെടാതെ സ്വർഗ്ഗത്തെത്തുകയുള്ളൂ എന്നാണു് ഒരു പൊതുവിശ്വാസം. പരിശുദ്ധ കന്യകാമറിയം ലോകത്തിൽ ഒരല്പപാപംപോലും ചെയ്യാതെ പരമപരിശുദ്ധജീവിതം നയിക്കുന്നതിനുള്ള പ്രത്യേകവരം പ്രാപിച്ചിരുന്നുവെന്നു ത്രെന്തോസ് സൂനഹദോസ് പഠിപ്പിക്കുന്നു. അമലയായ ഈ അമ്മ നേരെ സ്വർഗ്ഗംപൂകി എന്നു എല്ലാവരും സമ്മതിക്കും. ഇത്തരത്തിൽ ഒരുറപ്പു മററു യാതൊരു മനുഷ്യജീവിയെപ്പററിയും ലഭിക്കുക സാദ്ധ്യമല്ല. അതുകൊണ്ടു് അവരെല്ലാവരും ശുദ്ധീകരണസ്ഥലത്തിൽ പോയിരിക്കുമോ?

ക്രിസ്തുവിനോടൊപ്പം ക്രൂശിക്കപ്പെട്ട കള്ളന്മാരിൽ അനുതാപിയായ "നല്ല കള്ള"നോടു് അവിടുന്നു പറഞ്ഞു: "ഇന്നു നീ എന്നോടുകൂടി പറുദീസായിലായിരിക്കും" എന്നു്. ക്രിസ്തുവിന്റെ ഈ സ്പഷ്ടമായ വാഗ്ദാനത്തെ ആധാരമാക്കി, നല്ല കള്ളൻ പരിപൂർണ്ണമായി വിശുദ്ധീകരിക്കപ്പെട്ടുവെന്നും നേരെ സ്വർഗ്ഗത്തിൽ പോയിയെന്നും വിശ്വസിക്കാം. ഇനിയും ദൈവത്തിന്റെ പ്രത്യേകാനുഗ്രഹംകൊണ്ടു് അവിടുത്തെ നേർക്കുള്ള വിശ്വാസത്തേയും സ്നേഹത്തേയും പ്രതി ജീവൻ വെടിഞ്ഞ രക്തസാക്ഷികളുണ്ടു്. അവരുടെ രക്തസാക്ഷിത്വം രണ്ടാമത്തെ മാമ്മോദീസായായിരുന്നു. മാമ്മോദീസാ സ്വീകരിച്ചയുടൻ മരിക്കുന്ന വിശ്വാസി, ആ കൂദാശമൂലം എല്ലാ പാപബന്ധങ്ങളിൽനിന്നും വിമോചിക്കപ്പെടുന്നതുകൊണ്ടു് തൽക്ഷണം സ്വർഗ്ഗം പ്രാപിക്കുന്നതാണു്. അതുകൊണ്ടു് പ്രസ്തുത വേദസാക്ഷികളും നേരിട്ടു് സ്വർഗ്ഗത്തിൽ പ്രവേശിക്കുന്നുവെന്നു സിദ്ധിക്കുന്നു. ഇങ്ങനെയുള്ള പ്രത്യേക സാഹചര്യങ്ങളെമാത്രം അപവാദമെന്നവണ്ണം സ്വീകരിച്ചുകൊണ്ടു് ചുരുക്കം പേർക്കു് മാത്രമേ നേരിട്ടു് സ്വർഗ്ഗത്തിൽ എത്തിച്ചേരാവൂ എന്നു ധരിക്കേണ്ട ആവശ്യമുണ്ടോ? ഇതാണു് പ്രശ്നം.

## എല്ലാവർക്കും സാദ്ധ്യമാണു്


നേരിട്ടു് സ്വർഗ്ഗത്തിൽ പോവുകയെന്നതു തീർച്ചയായും ശ്രമകരമായ ഒരു കാര്യമാണു്. ശുദ്ധീകരണസ്ഥലത്തിൽ ചെന്നെത്തുകയെന്നതു് അത്ര ശ്രമകരമല്ല. ലഘുവായ പാപത്തിൽനിന്നു നിശ്ശേഷം ഒഴിഞ്ഞുജീവിക്കുന്നതിനും ജീവിതത്തിൽ വന്നുപോകാവുന്ന എല്ലാ പാപങ്ങൾക്കും പരിപൂർണ്ണമായ പരിഹാരം അനുഷ്ഠിക്കുന്നതിനും ഒരു മനുഷ്യനു് വളരെ വിഷമമുണ്ടു് എന്നതു നിഷേധിക്കുക സാദ്ധ്യമല്ല. പക്ഷെ അതു സാദ്ധ്യമാക്കത്തക്ക സംവിധാനങ്ങൾ ക്രിസ്തു അവിടുത്തെ രക്ഷാകരവ്യവസ്ഥിതിയിൽ സജ്ജമാക്കിയിട്ടുള്ളതുകൊണ്ടു് അവയെ ശരിയായി ഉപയോഗപ്പെടുത്തുന്ന ഒരു ക്രിസ്ത്യാനിക്കു് അതു സാധാരണഗതിയിൽ സാദ്ധ്യമാണെന്നു വിശ്വസിക്കുന്നതിനാണു് ന്യായമുള്ളതു്. ഈ വസ്തുതയെയാണു് വിശുദ്ധ തോമസ് അക്വിനാസ്, വിശുദ്ധ ബൊനവന്തുരാ മുതലായ പ്രശസ്ത സഭാപിതാക്കന്മാർ തെളിയിച്ചിട്ടുള്ളതും തിരുസഭ ത്രെന്തോസ് സൂനഹദോസിൽ ഔദ്യോഗികമായി പഠിപ്പിച്ചിട്ടുള്ളതും. ആധുനികകാലങ്ങളിൽ പൊതുവെ പ്രചരിച്ചുകാണുന്നതരത്തിലുള്ള ഒരു നിരാശാത്മകമായ മനോഭാവം ഇക്കാര്യത്തിൽ തിരുസഭയുടെ ആദിമയുഗങ്ങളിൽ ഉണ്ടായിരുന്നില്ല. മദ്ധ്യനൂററാണ്ടുകൾക്കുശേഷം പ്രചരിച്ച ജാൻസനിസ്റ്റു് പാഷണ്ഡതയുടെ ഒരു അവശേഷമാണു് ഈ ആശയഗതിയിൽ നിഴലിക്കുന്നതെന്നു വിചാരിക്കേണ്ടിയിരിക്കുന്നു.

## സഭാപഠനം

ആദിമസഭയിൽ നിത്യരക്ഷയെപ്പററി വളരെ പ്രത്യാശാജന്യവും ആനന്ദദായകവുമായ ഒരു വിശ്വാസമാണു് നിലനിന്നിരുന്നതു്. ക്രിസ്തുവഴിയായി സാധിച്ച നിത്യരക്ഷയിൽ അവിടുത്തെ അനുയായികളെല്ലാം ഭാഗഭാക്കുകളാകുമെന്നു അവർ ദൃഢമായി വിശ്വസിച്ചിരുന്നു. ദൈവത്തിന്റെ അനന്തമായ നന്മയെ അവിശ്വസിക്കരുതെന്നും, മിശിഹായുടെ അനുയായികളുടെ നിത്യരക്ഷയ്ക്കുവേണ്ടിയാണു് അതു സദാപി പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതെന്നും വിശുദ്ധ പൗലോസ് ശ്ലീഹാ ശക്തിയുക്തം ആദിമക്രിസ്ത്യാനികളെ ഉൽബോധിപ്പിച്ചു. ഓരോ വ്യക്തിയുടേയും സ്വാതന്ത്ര്യമനസ്സിനെതിരായോ, സഹകരണം കൂടാതെയോ ദൈവം അവരെ രക്ഷിക്കയില്ലെന്നു അദ്ദേഹം അവരെ അനുസ്മരിപ്പിച്ചിരുന്നതോടൊപ്പംതന്നെ, അവരിൽ ദൈവം ആഗ്രഹിക്കുന്നതും പ്രവർത്തിക്കുന്നതുമായ അവരുടെ നിത്യരക്ഷയിൽ ഉറച്ചു വിശ്വസിക്കുന്നതിനും അവരെ പ്രോത്സാഹിപ്പിച്ചുകൊണ്ടിരുന്നു.

വിശുദ്ധ ആഗുസ്തീനോസ് കർത്തൃപ്രാർത്ഥനയിലെ "ഞങ്ങളുടെ കടങ്ങൾ ഞങ്ങളോടു് ക്ഷമിക്കുക" എന്നുള്ള വാക്യത്തെപ്പററി പ്രതിപാദിക്കുകയിൽ പ്രസ്താവിച്ചിട്ടുള്ളതു്, ഈ പ്രാർത്ഥന ഒരു സാധാരണക്രിസ്ത്യാനിയുടെ പാപക്കടങ്ങളുടെ പൊറുതിക്കു നിദാനമാവുകയും അവൻ പാപരഹിതനായി അനന്തരജീവിതത്തിലേക്കു് പ്രവേശിക്കുന്നതിനു് അതിടയാക്കുകയും ചെയ്യുമെന്നാണു്.

"ദൈവത്തിന്റെ വരപ്രസാദത്താലും കൃപയാലും, ഗൗരവമായ പാപങ്ങളിൽ നിന്നൊഴിഞ്ഞിരിക്കുകയും അതേസമയം ലോകത്തിൽ മനുഷ്യസാധാരണമായ



'"ഇന്നു നീ എന്നോടുകൂടി പറുദീസായിലായിരിക്കും"'

കുററങ്ങളിൽനിന്നു മോചിക്കപ്പെടുന്നതിനുള്ള തീക്ഷ്ണമായ പ്രാർത്ഥനയും പരോപകാരപ്രവൃത്തികളും ഉപേക്ഷിക്കാതിരിക്കുകയും ചെയ്യുന്ന ഒരാൾക്കു് ഈ ലോകത്തിൽനിന്നു പാപരഹിതനായി പിരിയുന്നതിനുള്ള അവകാശമുണ്ടു്. ലോകജീവിതത്തിൽ ഏറെക്കുറെ പാപങ്ങളിൽ അയാൾ വീണുവെങ്കിലും അവയിൽനിന്നു മോചിക്കപ്പെടുന്നതിനു നിശ്ചയിക്കപ്പെട്ടിട്ടുള്ള പ്രതിവിധികളെ അയാൾ ഉപേക്ഷിച്ചില്ല എന്നതാണു് അതിനുള്ള ന്യായം." വിശുദ്ധ ആഗുസ്തീനോസിന്റെ ഈ പ്രസ്താവം ഒരു ക്രിസ്ത്യാനി സ്വീകരിക്കുന്ന കൂദാശകളുടെ ഫലത്തെ ആസ്പദമാക്കിയുള്ള ഒന്നല്ലെന്നും അതു് സാധാരണമായ നന്മപ്രവൃത്തികളേയും പ്രാർത്ഥനകളെയുംമാത്രം അധികരിച്ചുള്ളതാണെന്നും നാം ഇവിടെ പ്രത്യേകം സ്മരിക്കണം. തിരുസഭയിൽ അന്നു പ്രാബല്യത്തിലിരുന്ന, നിത്യരക്ഷയെ സംബന്ധിച്ചുള്ള ശുഭാപ്തിവിശ്വാസം എത്ര ഉത്തേജകമായിരുന്നുവെന്നു നോക്കുക. പ്രാർത്ഥനയിലും പരോപകാരപ്രവൃത്തികളിലും അവർ എത്ര ദൃഢമായി വിശ്വസിച്ചിരുന്നു. കൂദാശകളുടെ സ്വീകരണത്തിനു് പലേ പ്രതിബന്ധങ്ങളും ഉണ്ടായിരുന്ന അക്കാലത്തു് മരണക്ഷണത്തിൽ സ്വർഗ്ഗം പ്രാപിക്കുന്നതിൽ ക്രിസ്ത്യാനികൾ ഇത്ര ശുഭാപ്തിവിശ്വാസം പ്രകടമാക്കിയിരുന്നുവെങ്കിൽ മരണക്കിടക്കയിൽ കുമ്പസ്സാരവും തിരുപ്പാഥേയവും അന്ത്യലേപനവും സ്വീകരിക്കുന്നതിനുള്ള സകല സൗകര്യങ്ങളുമുള്ള നമുക്കു നമ്മുടെ നിത്യരക്ഷയെപ്പററി—മരണക്ഷണത്തിൽ സ്വർഗ്ഗഭാഗ്യം കൈവരുമെന്നസൗഭാഗ്യസ്ഥിതിയെപ്പററി—എത്ര കൂടുതൽ ശുഭാപ്തിവിശ്വാസം ഉണ്ടാകേണ്ടതാണു്. കൂടാതെ എത്രയെത്ര ദണ്ഡവിമോചനങ്ങളാണു് മരിക്കുന്ന ഒരാൾക്കു് ലഭിക്കത്തക്കവണ്ണം തിരുസഭ ഒരുക്കിവച്ചിട്ടുള്ളതു്. അതുകൊണ്ടു് ഏററം വലിയ ശുഭാപ്തിവിശ്വാസത്തോടും ആനന്ദമനോഭാവത്തോടുംകൂടി മരണത്തെ അഭിവീക്ഷിക്കുന്നതിനും മരണശേഷം നേരിട്ടു് സ്വർഗ്ഗം പൂകുന്നതിനും ഒരു സാധാരണക്രിസ്ത്യാനിക്കു് ഇന്നു സാദ്ധ്യമാണെന്നതിൽ പക്ഷാന്തരത്തിനു് മാർഗ്ഗം കാണുന്നില്ല. ഈ തത്വങ്ങൾക്കും ആനുകൂല്യങ്ങൾക്കും അനുസരിച്ചു് ഉത്തമമായ വിശ്വാസത്തോടും ദൈവസ്നേഹസമന്വിതമായ വികാരങ്ങളോടും നിരന്തരമായ പരിശ്രമത്തോടുംകൂടി ജീവിതത്തെ നയിക്കുകയും പ്രവൃത്തനങ്ങളെ നിയന്ത്രിക്കുകയും ചെയ്യണമെന്നു മാത്രം.

## അന്ത്യലേപനം

നമ്മുടെ സ്വർഗ്ഗപ്രവേശനത്തെ അതിമാത്രം സഹായിക്കുന്നതിനു് പ്രത്യേകം നിർദ്ദിഷ്ടമായ കൂദാശ അന്ത്യലേപനമാണു്. "മഹത്വത്തിനുവേണ്ടിയുള്ള ലേപനം" എന്നാണു് അതറിയപ്പെടുന്നതു്. ഈ കൂദാശയെപ്പററി വിശുദ്ധ യാക്കോബുശ്ലീഹാ പറയുന്നതിപ്രകാരമാണു്: "നിങ്ങളുടെ ഇടയിൽ ആരെങ്കിലും രോഗിയായിട്ടുണ്ടോ? എന്നാൽ തിരുസഭയുടെ വൈദികരെ കൊണ്ടുവരിക. അവർ അവനുവേണ്ടി പ്രാർത്ഥിക്കുകയും കർത്താവിന്റെ നാമത്തിൽ അവനെ തൈലംകൊണ്ടു് ലേപനംചെയ്യുകയും ചെയ്യട്ടെ. വിശ്വാസത്തിന്റെ പ്രാർത്ഥന രോഗിയെ രക്ഷിക്കും. കർത്താവു് അവനെ ഉയർപ്പിക്കുകയുംചെയ്യും. അവൻ പാപത്തിലാണെങ്കിൽ അവ മോചിക്കപ്പെടുകയും ചെയ്യും." ശുശ്രൂഷക്രമമനുസരിച്ചു് സാധാരണഗതിയിൽ രോഗിക്കു പാപമോചനവും തിരുപ്പാഥേയവും നൽകിയശേഷമാണു് അന്ത്യലേപനം നടത്തുന്നതു്. അതുകൊണ്ടു് അവന്റെ പാപങ്ങളുടെ മോചനം അവനു നേരത്തെ സിദ്ധിച്ചുകഴിഞ്ഞിരിക്കും. അന്ത്യലേപനം മൂലം, അവനിൽ അവശേഷിച്ചിട്ടുള്ള പാപദോഷങ്ങളും പാപക്കറകളുമാണു് നീക്കപ്പെടുന്നതു് ഇതൊരു കൂദാശയാകയാൽ സാധാരണ ഒരുക്കത്തോടുകൂടി അതു് സ്വീകരിക്കപ്പെടുമ്പോൾ അതിന്റെ പൂർണ്ണഫലം അതു സ്വീകരിക്കുന്നയാളിൽ ലഭിക്കുകയുംചെയ്യുന്നു. അതായതു്, മാമ്മോദീസാ എന്ന കൂദാശയോടാനുരൂപ്യമുള്ള ഒടുവിലത്തെ ഒപ്പുശുമാ മനുഷ്യാത്മാവിലുള്ള എല്ലാ പാപക്കറകളേയും നീക്കി അവനെ സ്വർഗ്ഗപ്രവേശനത്തിനു് യോഗ്യനാക്കുന്നു. "മഹത്വത്തിനുവേണ്ടിയുള്ള ലേപനം" അന്വർത്ഥമായിത്തീരുകയും ചെയ്യുന്നു.

വേദശാസ്ത്രപാരംഗതനായ വിശുദ്ധ ബൊനവന്തുരാ പറയുന്നതു്, അന്ത്യലേപനം ഈ ലോകജീവിതം വിട്ടുപോകുന്നവരെ പരിപൂർണ്ണാരോഗ്യത്തിനായി ഒരുക്കുകയും സന്നദ്ധമാക്കുകയും ചെയ്യുന്ന കൂദാശയാകുന്നു എന്നത്രെ. പരിപൂർണ്ണാരോഗ്യം എന്ന വാക്യത്തെ അദ്ദേഹം വിശദീകരിക്കുന്നുണ്ടു്. സ്വർഗ്ഗത്തിലെ സൗഭാഗ്യം അനുഭവിക്കത്തക്കവിധത്തിലുള്ള ആദ്ധ്യാത്മികമായ ഒരാരോഗ്യസ്ഥിതിയാണു് പരിപൂർണ്ണാരോഗ്യം എന്നതുകൊണ്ടു് വിവക്ഷിക്കപ്പെടുന്നതു്.

വിശുദ്ധ തോമസ് അക്വിനാസിന്റെ സാക്ഷ്യം സുവ്യക്തമാണു്: "മഹത്വത്തിനുവേണ്ടിയുള്ള ലേപനം" തിരുസഭ നൽകുന്ന അന്ത്യമായ പ്രതിവിധിയാണു്. കാരണം അതു സ്വീകരിക്കുന്നയാളെ നേരിട്ടു് മഹത്വത്തിലേക്കു് അതു് ഒരുക്കിവിടുന്നു. അതു പാപത്തിന്റെ എല്ലാ അവശിഷ്ടങ്ങളേയും നീക്കിക്കളയുന്നു. ഈ കൂദാശയുടെ പ്രത്യക്ഷമായ ഉദ്ദേശം ഇതാണെന്നു് അദ്ദേഹം സമർത്ഥിച്ചിട്ടുണ്ടു്. ഉപേക്ഷകൊണ്ടോ അജ്ഞതകൊണ്ടോ കുമ്പസാരംവഴി പരിപൂർണ്ണമായി നീക്കപ്പെടാത്തവയെയാണു് വിശുദ്ധൻ പാപത്തിന്റെ അവശിഷ്ടങ്ങളെന്നു പറഞ്ഞിട്ടുള്ളതു്.

തിരുസഭയുടെ പൂജ്യമായ കർമ്മക്രമത്തിൽ അന്ത്യലേപനം സ്വീകരിച്ചുകഴിഞ്ഞ ആളെ അഭിസംബോധനചെയ്തുകൊണ്ടു് ചൊല്ലുന്ന ഒരു പ്രാർത്ഥനാഭാഗമുണ്ടു്. "ഓ, ക്രിസ്തീയാത്മാവെ, നിന്നെ സൃഷ്ടിച്ച സർവ്വശക്തനും പിതാവുമായ ദൈവത്തിന്റെ നാമത്തിലും, നിനക്കുവേണ്ടി പീഡയനുഭവിച്ചവനും ജീവിക്കുന്ന ദൈവത്തിന്റെ പുത്രനുമായ ഈശോമിശിഹായുടെ നാമത്തിലും, നിന്നെ വിശുദ്ധീകരിച്ചവനായ പരിശുദ്ധ റൂഹായുടെ നാമത്തിലും ഈ ലോകത്തിൽനിന്നു നീ പുറപ്പെടുക........നിന്റെ സ്ഥലം ഇന്നു സമാധാനത്തിലും നിന്റെ വസതി വിശുദ്ധ സീയോനിലും ആയിരിക്കും." ഇങ്ങനെയാണു് തിരുസഭ ഔദ്യോഗികമായി സുദൃഢമായി, മരിക്കുന്ന ഒരു ക്രിസ്ത്യാനിയെ യാത്രയയക്കുന്നതു്.

തിരുസഭയുടെ വീക്ഷണത്തിൽ മരണം ദിവ്യനാഥന്റെ അടുക്കലേക്കുള്ള ഒരു പ്രയാണമാണു്. അതു ശുദ്ധീകരണസ്ഥലം വഴിയേ ആകാവൂ എന്നില്ല. ദൈവത്തിന്റെ പരിപാലനയിൽ ശുദ്ധീകരണസ്ഥലം ഒരു നിയമമല്ല; ഒരപവാദമാണെന്നുമാത്രമേ പറയാവൂ. എന്നാൽ ഇതു നമ്മിൽ സഫലമാകുന്നതിനു് അചഞ്ചല

# ഏകാന്തധ്യാനം
# എസ്സ്. ബി. കോളേജിൽ

ചങ്ങനാശ്ശേരി സെൻറ് ബർക്കുമാൻസ് കോളേജിൽവച്ചു മേയ്മാസം 2-ാംനു ഞായറാഴ്ച വൈകുന്നേരം 6 മണി മുതൽ 6-ാംനു കാലത്തുവരെ ഒരു ഏകാന്തധ്യാനം ഫ്രാൻസിസ്കൻ മൂന്നാംസഭാംഗങ്ങളുടെ ആഭിമുഖ്യത്തിൽ നടത്തുവാൻ തീർമാനിച്ചിട്ടുണ്ടു്. ധ്യാനഗുരു ബ. ഹിപ്പോലിററസ്, കപ്പൂച്ചിൻ. ബ്രദർ പീററർ റെസ്സി എം. എ. അവർകളുടെ പ്രസംഗങ്ങളും ഉണ്ടായിരിക്കും. ഈ ധ്യാനത്തിൽ ഏവർക്കും സംബന്ധിക്കാവുന്നതാണു്. താഴെ കാണുന്ന മേൽവിലാസത്തിൽ ഏപ്രിൽ 20-ാംനുക്കു മുമ്പായി 5 രൂപാ മുമ്പേർ അയച്ചുകൊടുക്കണം:—ശ്രീ മാത്തച്ചൻ എം. കുരുവനാക്കുന്നേൽ, പൈക, പൂവരണി, പാലാ

വിമർശനവീഥി

# അവിരാത്തരകന്റെ പരാതിയും കൃപലാനിയുടെ മറുപടിയും

"താൻ കോൺഗ്രസിനെ എതിർത്തുകൊണ്ട് ഒരു സ്വതന്ത്ര സ്ഥാനാർത്ഥിയായി നിന്നു എന്ന കാരണത്താൽ തന്റെ ഭാര്യക്ക് ഏഴുപുന്നയിലെ കത്തോലിക്കാ പുരോഹിതൻ മതകർമ്മങ്ങൾ നിഷേധിച്ചു" എന്നു തിരുകൊച്ചി അസംബ്ലിയിലെ "സ്വതന്ത്ര"മെമ്പറായ മി. അവിരാത്തരകൻ കൃപലാനിക്ക് ഒരു കമ്പി സന്ദേശം അയച്ചു എന്നും, അതിനെ പരാമർശിച്ച് മി. കൃപലാനി ചില അഭിപ്രായങ്ങൾ പുറപ്പെടുവിച്ചുവെന്നും ന്യൂഡൽഹിയിൽനിന്നുള്ള മാർച്ച് 31-ാം തീയതിയിലെ പി. ടി. ഐ. യുടെ ഒരു റിപ്പോർട്ടിൽ കണ്ടു. കൃപലാനിയുടെ അഭിപ്രായങ്ങളിൽ സംഗതങ്ങളായവ ഭാഗം ഭാഗമായി ഞങ്ങൾ ഉദ്ധരണിയിട്ട് താഴെ കൊടുക്കുകയും അവയെപ്പറ്റി ഞങ്ങൾക്കുള്ള വിമർശനം അവയെത്തുടർന്ന് നൽകുകയും ചെയ്യുന്നു.

## കൃപലാനി വഞ്ചിതനായി

"കമ്പിയിലെ ഉള്ളടക്കം സത്യമാണെന്നു താൻ വിശ്വസിക്കുന്നെന്നു ആചാര്യകൃപലാനി പറഞ്ഞു."

ഈ വിശ്വാസത്തിൽ ആചാര്യകൃപലാനി വഞ്ചിതനായിപ്പോയെന്നു സവ്യസനം പറയേണ്ടിയിരിക്കുന്നു. മി. അവിരാത്തരകന്റെ ഭാര്യക്ക് കത്തോലിക്കാ പുരോഹിതൻ മതകർമ്മങ്ങൾ നിഷേധിച്ചുവെങ്കിൽ അതിന്റെ "കാരണം" എന്താണെന്നു പറയുവാൻ വേണ്ട വിവരങ്ങൾ അക്കാര്യത്തെപ്പറ്റി ഞങ്ങൾക്കില്ല. എന്നാലും അതിന്റെ കാരണം കമ്പിയിൽ പറഞ്ഞിട്ടുള്ളതാകാൻ സാദ്ധ്യമല്ലെന്നു ഉറപ്പിച്ചുപറവാൻ ഞങ്ങൾക്കു മടിയില്ല. "കോൺഗ്രസിനെ എതിർത്തുകൊണ്ട് ഒരു സ്വതന്ത്രസ്ഥാനാർത്ഥിയായിനിന്നു എന്ന കാരണത്താൽ" യാതൊരു കത്തോലിക്കനോ അയാളുടെ കുടുംബാംഗങ്ങൾക്കോ ഒരു കത്തോലിക്കാ പുരോഹിതനും മതകർമ്മങ്ങൾ നിഷേധിക്കുകയില്ലെന്നു തീർച്ചയാണ്. നിഷേധിച്ചാൽ ആ പുരോഹിതൻ തന്റെ മേലധികാരിയുടെ ശിക്ഷണനടപടികൾക്ക് വിധേയനാകേണ്ടിവരും. മി. അവിരാത്തരകൻ കഴിഞ്ഞ പൊതുതിരഞ്ഞെടുപ്പിലും ഇത്തവണത്തെ തിരഞ്ഞെടുപ്പിലും "സ്വതന്ത്ര"സ്ഥാനാർത്ഥിയായിപ്പോരുകൊടുത്തെങ്കിലും കത്തോലിക്കർക്ക് നിഷിദ്ധമെന്നു അധികാരസ്ഥാനങ്ങൾ പ്രഖ്യാപിച്ചിട്ടുള്ള മാർക്സിസ്റ്റ്പാർട്ടികളുടെ കൂട്ടുകെട്ടിൽ ഉൾപ്പെട്ടിരുന്നുവെന്നും ഉൾപ്പെട്ടിരിക്കുന്നുവെന്നും ആ

---

മായ ദൈവവിശ്വാസവും ദൈവത്തിലുള്ള അഭേദ്യമായ പ്രത്യാശയും നാം കൈവളർത്തണം. അവിട്ടത്തോടൊന്നിച്ച് കുരിശിൽ തൂങ്ങിയ നല്ല കള്ളനെപ്പോലെ വിശ്വാസദാർഢ്യത്തോടുകൂടി നമുക്കപേക്ഷിക്കാം: "കർത്താവെ, നീ നിന്റെ രാജ്യത്തിൽ വരുമ്പോൾ എന്നെയും ഓർക്കേണമെ" എന്നു. മരണത്തിന്റെ കവാടത്തിൽ അതിനുള്ള മറുപടി അവിടുന്നു നൽകും: "നീ ഇന്നു എന്നോടൊന്നിച്ച് പറുദീസായിൽ ആയിരിക്കും" എന്നു.

(J. P. V.)

---

ക്കും നിഷേധിച്ചുകൂടാത്തവിധം അത്ര പരസ്യമാണല്ലോ.

## കൃപലാനിക്കു നീതിബോധമില്ലയോ?

"ഒരു മതസമൂഹം എന്ന നിലയിൽ കത്തോലിക്കാസഭയോടു തനിക്കു ബഹുമാനമുണ്ടെന്നു അദ്ദേഹം പ്രസ്താവിച്ചു"

കത്തോലിക്കാസഭയോട് ആചാര്യകൃപലാനിക്കു ബഹുമാനമുണ്ടെന്നറിയുന്നതിൽ ഞങ്ങൾ അദ്ദേഹത്തെ അഭിനന്ദിക്കുന്നു; ഞങ്ങൾക്കതിൽ കൃതജ്ഞതയും ഉണ്ട്. എന്നാൽ ബഹുമാനത്തെക്കാളധികം അദ്ദേഹത്തിൽനിന്നു ഞങ്ങൾ പ്രതീക്ഷിക്കുന്നതു്, ആരും പ്രതീക്ഷിക്കുന്നതു, നീതിബോധമാണ്. ഈ നീതിബോധം ഉന്നതസ്ഥാനികളായ പല അകത്തോലിക്കർക്കും കത്തോലിക്കാസഭയുടെ നേരെ ഉള്ളതായിക്കാണുന്നില്ല. ആ ന്യൂനത കൃപലാനിയിലും കാണുന്നുണ്ട്. തിരുകൊച്ചി തിരഞ്ഞെടുപ്പിൽ കത്തോലിക്കാസഭാധികാരികൾ കത്തോലിക്കർക്ക് നൽകിയ നിർദ്ദേശങ്ങളുടേയും നിരോധനങ്ങളുടേയും ശരിയായ സ്വഭാവം എന്തെന്നും, അവ നൽകുവാനുള്ള ന്യായങ്ങൾ എന്തെന്നും എത്രയോപ്രാവശ്യം കത്തോലിക്കാപത്രങ്ങൾ വിശദീകരിച്ചു കഴിഞ്ഞു. തിരുകൊച്ചിയിലെ തിരഞ്ഞെടുപ്പുകോടതികളിൽ പോലും ഈ വിഷയം വിചാരണപ്പെടുകയും, കത്തോലിക്കാസഭയുടെ പ്രഖ്യാപിതനിയമങ്ങൾക്കാകട്ടെ രാഷ്ട്രത്തിന്റെ നിയമങ്ങൾക്കാകട്ടെ പ്രസ്തുത നിർദ്ദേശങ്ങളും നിരോധനങ്ങളും എതിരല്ലെന്നു ആ കോടതി വിധി പ്രഖ്യാപിക്കുകയും ചെയ്തിട്ടുള്ളതാണ്. എന്നിട്ടും കൃപലാനിയെപ്പോലുള്ള ഒരു രാഷ്ട്രീയനേതാവ് അതൊന്നും അറിയാതെയോ, അറിഞ്ഞിട്ട് വകവയ്ക്കാതെയോ, തെറ്റിദ്ധാരണയിൽ ഉറച്ചുനില്ക്കുകയും, ആ തെറ്റായ ധാരണ പരസ്യമായി പ്രകാശിപ്പിച്ച് കത്തോലിക്കാസഭയ്ക്കു ആക്ഷേപം വരുത്തുകയും ചെയ്യുന്നതു് പരിതാപകരംതന്നെ. ചുവടെ ഉദ്ധരിക്കുന്ന കൃപലാനിയുടെ വാക്കുകൾ അദ്ദേഹത്തിന്റെ തെറ്റായ ധാരണയുടെ പ്രകാശനങ്ങളാണ്.

## മെറ്റീരിയലിസം കത്തോലിക്കർക്കു നിഷിദ്ധമല്ലയോ?

"വിവാദപരവും അധികാരപരവുമായ പൊളിറ്റിക്സിൽ സഭ ഇടപെട്ടു" എന്നും, "രാഷ്ട്രീയമണ്ഡലത്തിലെ സഭയുടെ യത്നങ്ങൾ സമൂഹത്തിനു പ്രയോജനപ്രദവും ശ്ലാഘനീയവും" അല്ലായെന്നും, തെരഞ്ഞെടുപ്പിൽ സഭ നൽകുന്ന നിർദ്ദേശങ്ങൾ "സ്വതന്ത്രവും നീതിപൂർവ്വകവുമായ തെരഞ്ഞെടുപ്പു് അസാദ്ധ്യമാക്കും" എന്നുമാത്രമല്ല, "സഭയുടെ പവിത്രതയെ നശിപ്പിക്കുകയും സഭയെ അവഹേളനാർഹമാക്കുകയും ചെയ്യുമെന്നും" മറ്റും കൃപലാനി അഭിപ്രായപ്പെട്ടിരിക്കുന്നു.

ആചാര്യകൃപലാനി നാഷനൽ കോൺഗ്രസിന്റെ പ്രസിഡണ്ടായിരുന്ന കാലത്തു തിരുകൊച്ചിയിൽ നടത്തിയ പര്യടനങ്ങൾക്കിടയിൽ ചെയ്ത പ്രസംഗങ്ങളിൽ പരസ്യമായി പ്രഖ്യാപിക്കുകയും അപലപിക്കുകയും ചെയ്തതു്, "സോഷ്യലിസം മെറ്റീരിയലിസം ആണ്" എന്നായിരുന്നു. മാർക്സിസ്റ്റ് സോഷ്യലിസത്തെ ആണ അദ്ദേഹം ഉദ്ദേശിച്ചതെന്നു് സ്പഷ്ടം. "മാർക്സിസം മെറ്റീരിയലിസം ആണ്" എന്നു മി. ജയപ്രകാശ് നാരായണൻ കഴിഞ്ഞകൊല്ലം പരസ്യമായി ലേഖനം മുഖേന പ്രസ്താവിക്കുകയും, തന്മൂലം മാർക്സിസം താൻ ഉപേക്ഷിച്ചിരിക്കുകയാണെന്നു് ഏററുപറയുകയും ചെയ്തു. ഈ മാർക്സിസ്റ്റ് സോഷ്യലിസത്തെയും അതിന്റെ രൂക്ഷമെരൂപമായ കമ്മ്യൂണിസത്തെയും വെറുക്കുവാനും അവയോടു യാതൊരു വിധത്തിലും സഹകരിക്കാതിരിക്കുവാനും താൻ വിശ്വസിക്കുന്ന മതതത്വങ്ങളനുസരിച്ച് കടപ്പെട്ടവനാണ് ഏതു കത്തോലിക്കനും. ആ വസ്തുത കഴിഞ്ഞ തെരഞ്ഞെടുപ്പവസരത്തിൽ കത്തോലിക്കരെ അനുസ്മരിപ്പിക്കുകമാത്രമാണ് കത്തോലിക്കാ സഭാധികാരികൾ ചെയ്തതു്. ഈ വസ്തുതകൾ കൃപലാനി എന്തുകൊണ്ട് മനസ്സിലാക്കുന്നില്ല? മനസ്സിലാക്കിയിരുന്നെങ്കിൽ അദ്ദേഹം മേലുദ്ധരിച്ച അബദ്ധാഭിപ്രായങ്ങൾ പ്രകാശിപ്പിക്കുവാൻ ഇടവരുകയില്ലായിരുന്നു.

## സാമുദായികരാഷ്ട്രീയം കത്തോലിക്കാ സഭാധികാരികൾക്കില്ല

"കത്തോലിക്കാ സഭയ്ക്കുണ്ടാകാവുന്ന നഷ്ടം എന്തുതന്നെ ആയാലും സാമുദായികരാഷ്ട്രീയത്തിന്റെ പുനരുജ്ജീവനം രാജ്യത്തിനു ആപല്ക്കരമായിരിക്കും. ആ വഴി അപകടകരമാണെന്നു കോൺഗ്രസ്പാർട്ടിക്കും കത്തോലിക്കാസഭയ്ക്കും ഓർമ്മയിരിക്കട്ടെ."

മാർക്സിസ്റ്റ്പാർട്ടികൾക്കു വോട്ടുകൊടുക്കരുതെന്നു് കത്തോലിക്കാ സഭാധികാരികൾ കത്തോലിക്കർക്കു നിർദ്ദേശവും നിരോധനവും നൽകിയതു് "സാമുദായികരാഷ്ട്രീയത്തിന്റെ" പ്രയോഗമാണെന്നു് വിചാരിക്കുന്നവർക്കു് സാമുദായികതത്വത്തിന്റേയോ രാഷ്ട്രീയത്തിന്റേയോ കാര്യങ്ങളിൽ ഭയങ്കരമായ ആശയക്കുഴപ്പമുണ്ടെന്നു് പറയേണ്ടിയിരിക്കുന്നു. തനിരാഷ്ട്രീയം ഉണ്ട്, മതതത്വങ്ങൾക്കും ധാർമ്മികതത്വങ്ങൾക്കും എതിരായ രാഷ്ട്രീയം ഉണ്ട്. മാർക്സിസ്റ്റ്പാർട്ടികൾ തെരഞ്ഞെടുപ്പിനു നില്ക്കുമ്പോൾ അവിടെ തനിരാഷ്ട്രീയമല്ല ഉള്ളതു്, പിന്നെയോ മതതത്വങ്ങൾക്കും ധാർമ്മികതത്വങ്ങൾക്കും എതിരായ രാഷ്ട്രീയമാണുള്ളതു്. തനിരാഷ്ട്രീയത്തിൽ കത്തോലിക്കർക്കു് ഇഷ്ടാനുസാരം വോട്ടുകൊടുക്കുവാൻ സ്വാതന്ത്ര്യം ഉണ്ട്. അവിടെ സഭാധികാരികൾ ഒരിക്കലും ഇടപെടുകയില്ല. ഉദാഹരണമായി കഴിഞ്ഞ പൊതുതെരഞ്ഞെടുപ്പിൽ തനിരാഷ്ട്രീയപാർട്ടികൾ കോൺഗ്രസിനെക്കൂടാതെ തിരുകൊച്ചിയിൽ തന്നെയുണ്ടായിരുന്നു—കൊച്ചിൻപാർട്ടി, റിപ്പബ്ലിക്കൻപാർട്ടി എന്നിവ. ആ പാർട്ടികൾക്കു് വോട്ടുകൊടുക്കരുതെന്നു് കത്തോലിക്കരെ സഭാധികാരികൾ വിലക്കിയില്ല.

സാമുദായികത്വം തെരഞ്ഞെടുപ്പു സംബന്ധിച്ചുള്ള കത്തോലിക്കാ സഭാധികാരികളുടെ നിർദ്ദേശങ്ങളിലും നിരോധനങ്ങളിലും ഉണ്ടായിരുന്നെങ്കിൽ മി. അവിരാത്തരകനുതന്നെ ഈ പരാതിക്കു് ഇടയുണ്ടാകുമായിരുന്നില്ല. കത്തോലിക്കർ തങ്ങളുടെ സമുദായത്തിൽപ്പെട്ട സ്ഥാനാർത്ഥികൾക്കു് വേണം വോട്ടുകൊടുക്കാൻ എന്നു് സഭാധികാരികൾ നിർദ്ദേശിച്ചിരുന്നെങ്കിൽ മി. അവിരാത്തരകൻ "കോൺഗ്രസിനെ എതിർത്തുകൊണ്ടു സ്വതന്ത്രസ്ഥാനാർത്ഥിയായിനിന്നു" എന്നതിൽ സഭാധികാരികൾ അത്യന്തം സന്തോഷിക്കുമായിരുന്നു; അദ്ദേഹത്തിന്റെ ഭാര്യയെ കത്തോലിക്കാ പുരോഹിതൻ അഭിനന്ദിക്കുകയല്ലാതെ അവർക്കു് "മതകർമ്മങ്ങൾ നിഷേധിക്കുക"യില്ലായിരുന്നു.

സാമുദായികരാഷ്ട്രീയം ഇല്ലാത്തിടത്തു് കൃപലാനിയെപ്പോലെയുള്ള അഖിലേന്ത്യാ പാർട്ടിനേതാവു് സാമുദായികരാഷ്ട്രീയം കാണുന്നതും, ആ അന്ധതയ്ക്കു് പ്രകാശനവും പ്രചാരവും നൽകുന്നതും "രാജ്യത്തിനു് വിപൽക്കരമായിരിക്കും" എന്നു് അദ്ദേഹത്തിനു് ഓർമ്മയിരിക്കട്ടെ

തനിക്കുണ്ടാകാവുന്ന നഷ്ടലാഭങ്ങൾ കണക്കാക്കിയല്ല കത്തോലിക്കാസഭ അതിലെ അംഗങ്ങൾക്കു് നിർദ്ദേശങ്ങളും നിരോധനങ്ങളും നൽകുന്നതെന്നുള്ളതിനു് അതിന്റെ ഇതുവരെയുള്ള ചരിത്രം അവിതർക്കിതമായ സാക്ഷ്യം നൽകുന്നുണ്ട്. മതവിരുദ്ധവും ധർമ്മവിരുദ്ധവുമായ രീതിയിൽ ഭരണം നടത്തിക്കൊണ്ടിരുന്ന കത്തോലിക്കരായ മഹാരാജാക്കന്മാർക്കും ചക്രവർത്തിമാർക്കും സഭ നിർദ്ദേശങ്ങളും നിരോധനങ്ങളും സന്ദർഭോചിതം നൽകുവാൻ മടികാണിച്ചിട്ടില്ല. അവ നൽകുന്നതുകൊണ്ടു് ലൗകികമായ ഭയങ്കര നഷ്ടങ്ങളായിരിക്കും തനിക്കു നേരിടുന്നതെന്നു് ആ അവസരങ്ങളിലെല്ലാം സഭയ്ക്കറിയാമായിരുന്നു. ന്യായമായി താൻ നടത്തിയ വിവാഹം അഴിച്ചുകൊടുക്കണമെന്നും, ആ ഭാര്യ ജീവിച്ചിരിക്കുമ്പോൾ വേറൊരു സ്ത്രീയെ ഭാര്യയായി സ്വീകരിക്കുവാൻ അനുവദിക്കണമെന്നുമുള്ള ഇംഗ്ലണ്ടിലെ 8-ാം ഹെൻറി രാജാവിന്റെ അപേക്ഷ അന്നത്തെ മാർപ്പാപ്പ സാധിച്ചുകൊടുത്തിരുന്നെങ്കിൽ ഇംഗ്ലണ്ടുരാജ്യം മുഴുവനും തിരുസഭയ്ക്കു് നഷ്ടപ്പെടുമായിരുന്നില്ല. ഇതുപോലെ എത്രയെത്ര ചരിത്രസംഭവങ്ങൾ കൃപലാനിയുടെ കണ്ണുതുറപ്പിക്കുവാൻ കാത്തുനിൽക്കുന്നു!

## കൃപലാനി നിരോധനം നൽകിയില്ലേ, തിരുകൊച്ചി പി. എസ്. പി. ക്കു്?

"തെരഞ്ഞെടുപ്പും പൗരന്മാരുടെ രാഷ്ട്രീയാവകാശങ്ങളും സംബന്ധിച്ചു് ഇങ്ങനെ നൽകപ്പെടുന്ന രഹസ്യമോ പരസ്യമോ ആയ നിർദ്ദേശങ്ങളുടെ ലംഘനത്തിനു് ആളുകളെ ശിക്ഷിക്കുന്നതു് ഇൻക്വിസിഷന്റെ പാരമ്പര്യത്തേയും സമ്പ്രദായത്തേയും പുനരുജ്ജീവിപ്പിക്കുന്നതിനുള്ള ഒരു ശ്രമമായിരിക്കും."

തിരുകൊച്ചി പി. എസ്. പി ഐ. യു. വുമായി കൂട്ടുമന്ത്രിസഭ രൂപീകരിക്കുന്നതിനെ നിരോധിച്ചു്. കൃപലാനിയുടെ അദ്ധ്യക്ഷതയിൽ മദ്രാസിൽ കൂടിയ നാഷനൽ എക്സിക്യൂട്ടീവു് തീരുമാനം ചെയ്തില്ലയോ? തിരുകൊച്ചി പി. എസ്. പി. പാർലമെന്ററി പാർട്ടി യോഗംകൂടി ഐ. യു. മന്ത്രിസഭയ്ക്കു്, അതിലുൾപ്പെടാതെനിന്നു്, പിൻതുണ നൽകാമെന്നു് ചെയ്ത തീരുമാനത്തെ ശ്രീ കൃപലാനി നേരിട്ടു നിരാകരിച്ചില്ലേ? നാഷനൽ എക്സിക്യൂട്ടീവിന്റേയും കൃപലാനിയുടേയും ഈ നടപടികളിൽ ഇച്ഛാഭംഗംമൂലമുണ്ടായ രോഷം പ്രകടിപ്പിച്ചുകൊണ്ടു് "കേരളകൗമുദി" മുഖപ്രസംഗത്തിൽ ചെയ്തിരുന്ന ശകാരവർഷം ഇത്തരുണത്തിൽ ഓർമ്മവരുന്നു.

"ഉത്തരേന്ത്യൻ രാജ്യതന്ത്രജ്ഞന്മാരുടെ അഭീഷ്ടങ്ങൾക്കു് കോൺഗ്രസ് തിരുകൊച്ചിയെ പണയപ്പെടുത്തിയെന്നു് ഈ തിരഞ്ഞെടുപ്പു പ്രചരണങ്ങൾക്കിടയിലും വിളിച്ചുപറഞ്ഞ പി. എസ്. പി. യാണോ ഉത്തരേന്ത്യൻ രാജ്യതന്ത്രജ്ഞന്മാർക്കു് ഈ രാജ്യത്തെ അടിയറവയ്ക്കാൻ ഭാവിക്കുന്നതു്? പൊതുജനാഭിപ്രായത്തെ ചവുട്ടിമെതിക്കുക നേതാക്കന്മാരുടെ തൊഴിലാണ്. പി. എസ്. പി. ക്കും അതിനു കാലമായോ? ജനങ്ങളോടുചെയ്ത വാഗ്ദാനം പാലിക്കേണ്ടതാണെന്നും ജനഹിതം നടക്കാനാണ് അധികാരം മോഹിക്കുന്നതെന്നും നിങ്ങൾ ഭാവിക്കുന്നതിൽ നേരുണ്ടെങ്കിൽ നിങ്ങൾക്കു കരണീയമായിട്ടുള്ളതു്, എക്സിക്യൂട്ടീവിന്റെ അർത്ഥശൂന്യവും അഹങ്കാരജടിലവുമായ തീരുമാനത്തെ തിരസ്കരിച്ചു് ജനങ്ങളോടു് വാഗ്ദാനം പാലിക്കുകയാണ്. അതിനു് കരുത്തു നിങ്ങൾക്കില്ലെങ്കിൽ നിയമസഭാ മെമ്പർസ്ഥാനം രാജിവച്ചു് അഭിമാനം പുലർത്തുകയാണ് നിങ്ങൾ ചെയ്യേണ്ടതു്. അതിനുള്ള ആത്മരക്ഷാബോധമെങ്കിലും പി. എസ്. പി. ലജിസ്ലേച്ചർ പാർട്ടിയംഗങ്ങൾക്കുണ്ടാകുമോ? ത്രികോണമത്സരം ഒഴിവാക്കിയതു് പണം ലാഭപ്പെടുത്തുവാനും കൂടുതൽ സ്ഥാനങ്ങൾ തട്ടിയെടുക്കുവാനു

# "ആത്മാവിന്റെ സ്നേഹഗീത"

(തമിഴ് "ദേവദാസി"ലെ "ഉയിരുമില്ലെ ഉറവുമില്ലെ" എ. മ.)

ഹൃദയനാഥാ, വരികനീയെൻ അകമലർക്കാവിൽ,
കുതുകഭാരം വഴിയുമാറ് എളിയ പൂങ്കാവിൽ
സദയസ്നേഹമധുകമായി വരികനീ വേഗം,
മധുരദാനമഴപൊഴിച്ചു തരികനീവേഗം,
നിൻ കൃപയിനാൽ ആകും. (ഹൃദയ....)
കുളിരുകോരിച്ചൊരിയുമങ്ങെ കരമണഞ്ഞെന്നാൽ,
കനകകാന്തികലരുമങ്ങെൻ കാകളഞ്ഞെന്നാൽ,
എരിവെയിൽക്കും പുളകപാളിയണിയുമെന്നും ഞാൻ,
പാണിമുകുളമേകാം ഞാൻ. (ഹൃദയ...)
കരുണയോലും കരളിവക്കായ് കനിയുമാറാകിൽ,
കഴൽതൊഴുന്ന സുതരിൽ സ്നേഹം വഴിയുമാറാകിൽ,
അഴൽപെടാതെ കഴിയുമെല്ലാ ജനതയും പാരിൽ,
എന്നും മുദിതരായ് ചേലിൽ. (ഹൃദയ...)
പരമദൃശ്യമഹിമ മങ്ങിക്കഴിയുമീയങ്ങിൽ,
പരമദൃശ്യമഹിമതിങ്ങിക്കവിയുമീയങ്ങിൽ
മനുജവംശം സകലവുംവന്നണയുമന്നാളിൽ,
ഭാഗ്യം പുണരുമൊന്നായി. (ഹൃദയ...)
തവകരങ്ങൾ നിശിതമാണിത്തുളയണിഞ്ഞില്ലേ?
തവഹൃദന്തം പിളരുമാറാക്കരുകടന്നില്ലേ?
ഒടുവിലോ, നീ മൃതിയടഞ്ഞു ശയനമാർന്നില്ലേ?
നല്ലോക്കമുലഞ്ഞില്ലേ? (ഹൃദയ...)

(വറുഗീസ് ജെ. മാളിയക്കൽ)

മുള്ള ശൃഗാലബുദ്ധിയായിരുന്നു വെന്നു് നാണംകൂടാതെ പറയുവാൻ ഇന്നു മടികാണിക്കാത്ത നേതാക്കന്മാരുടെ നേതൃത്വം നിങ്ങൾക്കു കൊള്ളാമായിരിക്കും; പക്ഷേ ഇവിടത്തെ ജനങ്ങൾക്കു് കൊള്ളുകയില്ല."

മാർക്സിയൻ പാർട്ടികൾക്കു് മന്ത്രിസഭാരൂപീകരണത്തിൽ യാതൊരു പിൻതുണയും നൽകരുതെന്നു് കൃപലാനി മുൻനിന്നു് നിർദ്ദേശവും നിരോധനവും തിരുക്കൊച്ചി പി. എസ്സ്. പി. പാർലമെൻററി പാർട്ടിക്കു് നൽകിയതു് "പൗരന്മാരുടെ രാഷ്ട്രീയാവകാശങ്ങളിൽ" കൈകടത്തുന്ന അന്യായപ്രവൃത്തിയാണെന്നു് "കൗമുദി" അപലപിക്കുകയും അവഹേളിക്കുകയും ചെയ്യുന്നതു് കൃപലാനി സാധൂകരിക്കുന്നുണ്ടോ? ഇല്ലെങ്കിൽ, മാർക്സിയൻ പാർട്ടികൾക്കു് തെരഞ്ഞെടുപ്പിൽ യാതൊരു പിൻതുണയും നൽകരുതെന്നു് കത്തോലിക്കർക്കു് കത്തോലിക്കാ സഭാധികാരികൾ നൽകിയ നിർദ്ദേശവും നിരോധനവും "പൗരന്മാരുടെ രാഷ്ട്രീയാവകാശങ്ങളിൽ" കൈകടത്തുന്ന പ്രവൃത്തിയാണെന്നുള്ള കൃപലാനിയുടെ അപലപനം എങ്ങനെ സാധൂകരിക്കാം? നാഷനൽ എക്സിക്യൂട്ടീവിൻെറ നിർദ്ദേശം തിരുക്കൊച്ചി പി. എസ്സ്. പി. പാർലമെൻററിപാർട്ടി, "കൗമുദി"യുടെ ഉപദേശമനുസരിച്ചു്, തിരസ്കരിച്ചിരുന്നെങ്കിൽ, അവരുടെ പേരിൽ ശിക്ഷണനടപടി നടത്തുമായിരുന്നില്ലേ? ആ നടപടി "ഇൻക്വിസിഷൻെറ പാരമ്പര്യത്തേയും സമ്പ്രദായത്തേയും പുനരുജ്ജീവിപ്പിക്കുന്നതിനുള്ള ഒരു ശ്രമമാണു്" എന്നു് സമ്മതിക്കുവാൻ കൃപലാനി തയ്യാറാകുമോ? എന്നാൽ സഭാധികാരികളുടെ പ്രസ്തുത നിരോധനം തിരസ്കരിച്ചവരുടെമേൽ യാതൊരു ശിക്ഷണനടപടിയും നടത്തിയിട്ടില്ല." "മതകർമ്മങ്ങൾ നിഷേധിക്കുക" ശിക്ഷണനടപടിയായി ഗണിക്കേണ്ടതില്ല. കുമ്പസാരം, കുർബാന ഉൾക്കൊള്ളൽ മുതലായ മതകർമ്മങ്ങൾ കൊടുക്കുന്നതു് അവയെ ഫലപ്രദമായി കൈക്കൊള്ളുവാൻ ആവശ്യകമായ മനസ്ഥിതിയും ഒരുക്കവും ഉള്ളവർക്കായിരിക്കണമെന്നും, അല്ലാത്തവർക്കു് അവ നിഷേധിക്കണമെന്നുമാണു് സഭയുടെ നിയമം. ആ മനസ്ഥിതിയും ഒരുക്കവും "മതകർമ്മങ്ങൾ നിഷേധിക്കപ്പെട്ട കക്ഷിക്കു്" ഉണ്ടെങ്കിൽ സഭാധികാരികൾ ആ കക്ഷിക്കു് ആ മതകർമ്മം നൽകുമെന്നുള്ളതിനു യാതൊരു സംശയവുമില്ല. അങ്ങനെ കൃപലാനി "ആശിക്കുന്ന സങ്കടനിവൃത്തി" ഉണ്ടാകുന്നതുമാണു്.

—o—

## സാമൂഹ്യസമ്മേളനം

അടുത്ത ഏപ്രിൽ 21 മുതൽ 25 വരെ തീയതികളിൽ എറണാകുളം സെൻറാൽബർട്ട്സ് കോളേജിൽവച്ചു് ഒരു സോഷ്യൽ കോൺഫറൻസ് നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു. യോഗങ്ങൾ ഓരോ ദിവസവും രാവിലെ 9 മണി മുതൽ 12 മണിവരെയും ഉച്ചകഴിഞ്ഞു് 3 മണി മുതൽ 5 മണിവരെയും ഉള്ള സമയങ്ങളിലായിരിക്കും സമ്മേളിക്കുന്നതു്. അവസാനദിവസമായ ഞായറാഴ്ച രാവിലെ അഭിവന്ദ്യ വരാപ്പുഴ മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ടു് പൊന്തിഫിക്കൽ കുർബാനയർപ്പിക്കുന്നതും തുടർന്നു നടത്തപ്പെടുന്ന ചർച്ചായോഗം 12 മണിയോടുകൂടി സമാപിക്കുന്നതുമായിരിക്കും.

# തിരുകൊച്ചിവാർത്തകൾ

## നെല്ലെടുപ്പ് നിർത്തലാക്കുന്നു

തിരുക്കൊച്ചി സംസ്ഥാനത്തു് നിലവിലിരിക്കുന്ന നെല്ലെടുപ്പ് ഏർപ്പാടു് നിറുത്തലാക്കിക്കൊണ്ടു് സംസ്ഥാനഗവർമ്മെൻറു് ഉത്തരവു പുറപ്പെടുവിച്ചിരിക്കുന്നു. ഇതു സംബന്ധിച്ചു് ഏപ്രിൽ 7-ാംനു- ഗവർമ്മെൻറിൽനിന്നും പ്രസിദ്ധപ്പെടുത്തിയിരിക്കുന്ന പ്രസ്നോട്ടു് ഇപ്രകാരം പ്രസ്താവിക്കുന്നു: ഈ സംസ്ഥാനത്തിനാവശ്യമുള്ളിടത്തോളം അരി നൽകാമെന്നു് കേന്ദ്രം ഉറപ്പുനൽകിയിട്ടുണ്ടു്. തന്മൂലം റേഷൻ കാർഡുടമസ്ഥർക്കു് ഇപ്പോൾ സൗജന്യനിരക്കിൽ നൽകുന്ന 6 ഔൺസ് അരിക്കു പുറമെ, ഗവർമ്മെൻറിനു് പുറമെനിന്നും കിട്ടുന്ന വിലയ്ക്കു് അവർക്കു് ആവശ്യമുള്ളിടത്തോളം അരി നൽകുവാൻ സാധിക്കുന്നതാണു്. അടിസ്ഥാനറേഷനു പുറമെ ഇപ്പോൾ നൽകുന്ന 3 ഔൺസ് അരിക്കു് ഇടങ്ങഴി ഒന്നിനു് 12 ണ എന്ന നിരക്കിലാണല്ലോ വില ഈടാക്കിവരുന്നതു്. എന്നാൽ മേലിൽ നൽകുന്ന കൂടുതൽ അരിക്കു് അത്രയും വില വരുന്നതല്ല.

## ചീഫ്സെക്രട്ടറി

തിരുക്കൊച്ചി ചീഫ്സെക്രട്ടറി മി വി എൻ. രാജൻെറ ഉദ്യോഗകാലാവധി അടുത്ത മേയ് അവസാനംവരെ ആയി ക്ലിപ്തപ്പെടുത്തുകയും അതേത്തുടർന്നു് ജൂൺ 1-ാംനു- ചാർജെടുക്കത്തക്കവിധത്തിൽ റവന്യൂബോർഡ് പ്രഥമമെമ്പർ മി. ബി. വി. കെ. മേനോനെ പുതിയ ചീഫ് സെക്രട്ടറിയായി നിയമിക്കുകയും ചെയ്തിരിക്കുന്നു.

## മന്തുരോഗസർവ്വേ

സംസ്ഥാനത്തു മന്തുരോഗത്തിൻെറ വ്യാപ്തിയും രോഗഹേതുക്കളും കണ്ടുപിടിക്കുന്നതിലേക്കു് കേന്ദ്രഗവർമ്മെൻറിൽനിന്നും ആറു വിദഗ്ദ്ധന്മാരുടെ നേതൃത്വത്തിൽ ഒരു സർവ്വേപാർട്ടിയെ നിയോഗിച്ചിരിക്കുന്നു. പ്രസ്തുത വിദഗ്ദ്ധസംഘം ഏപ്രിൽ അവസാനത്തോടുകൂടി സംസ്ഥാനത്തെത്തുന്നതും ചേർത്തലയും മട്ടാഞ്ചേരിയും കേന്ദ്രങ്ങളാക്കി പ്രവർത്തനമാരംഭിക്കുന്നതുമാണു്.

## ഐക്യമുന്നണിയിൽ പിളർപ്പു്

തിരുക്കൊച്ചിയിൽനിന്നു കൗൺസിൽ ഓഫ് സ്റ്റേററ്സിലേക്കുള്ള തിരഞ്ഞെടുപ്പിൽ ആർ. എസ്സ്. പി. സ്ഥാനാർത്ഥിയെ പിന്താങ്ങി വിജയിപ്പിക്കാമെന്നു് കമ്മ്യൂണിസ്റ്റുപാർട്ടി ചെയ്തിരുന്ന വാഗ്ദാനം പാലിക്കാതിരുന്നതിനു് അവരോടു് ആർ. എസ്സ്. പി. യുടെ നാഷനൽ എക്സിക്യൂട്ടീവു് വിശദീകരണം ആവശ്യപ്പെട്ടിരിക്കുന്നു വിശദീകരണം തൃപ്തികരമല്ലെങ്കിൽ ആർ. എസ്സ്. പി. ഐക്യമുന്നണിയിൽനിന്നും ബന്ധം വിട്ടുമാറുവാനാണത്രെ ഉദ്ദേശിക്കുന്നതു്.

## പി. എസ്സ്. പി. ചെയർമൻ ശ്രീ പട്ടംതന്നെ

ഏപ്രിൽ 4-ാംനു- എറണാകുളത്തു കൂടിയ പി. എസ്സ്. പി പ്രതിനിധിസമ്മേളനം ശ്രീ പട്ടംതാണുപിള്ളയെ പാർട്ടി ചെയർമനായും ശ്രീ ബി. സി. വറുഗീസിനെ ജനറൽ സെക്രട്ടറിയായും തിരഞ്ഞെടുത്തിരിക്കുന്നു.

## പുതിയ റേഡിയോ പ്രോഗ്രാം

തിരുവനന്തപുരം റേഡിയോ നിലയത്തിൽനിന്നും പ്രക്ഷേപണം ചെയ്യപ്പെടുന്ന ഗ്രാമീണപരിപാടിയിൽ "തപാൽ" എന്ന പുതിയൊരിനംകൂടി ഉൾപ്പെടുത്തിയിരിക്കുന്നതായി ഒരു പ്രസ്നോട്ടിൽ പ്രസ്താവിച്ചിരിക്കുന്നു. കൃഷി, വ്യവസായം, കൈത്തൊഴിൽ, മൃഗസംരക്ഷണം, പൊതുജനാരോഗ്യം, സഹകരണം, പഞ്ചായത്തുകൾ തുടങ്ങി ഗ്രാമീണർക്കു് താല്പര്യമുള്ള കാര്യങ്ങളെപ്പററിയുള്ള ചോദ്യങ്ങൾക്കു് ഉത്തരം നൽകുകയെന്നതാണു് ഈ പരിപാടിയുടെ ഉദ്ദേശം. പ്രതിപക്ഷമുള്ള ബുധനാഴ്ചതോറുമാണു് തല്ക്കാലം "തപാൽ" നടത്തുന്നതു്. ആർക്കും ചോദ്യങ്ങൾ അയക്കാവുന്നതാണു്.

## ഇടവകവാർത്തകൾ

പാലാ:—പാലാ ലീജിയൻ ധ്യാനമന്ദിരത്തിൽവച്ചു്, സുപ്രസിദ്ധ ധ്യാനഗുരുക്കന്മാരുടെ നേതൃത്വത്തിൽ പല ഗ്രൂപ്പുകളായി ഏകാന്തധ്യാനങ്ങൾ നടത്തുവാൻ നിശ്ചയിച്ചിരിക്കുന്നതായി അറിയുന്നു ഏപ്രിൽ 20-ാം തീയതി വൈകുന്നേരം മുതൽ 24-ാംതീയതി വരെ വിവാഹിതരായ സ്ത്രീകൾക്കും, ഏപ്രിൽ 25-ാംതീയതി മുതൽ 29-ാംതീയതിവരെ അവിവാഹിതരായ യുവതികൾക്കും, മേയ് 4-ാംതീയതി മുതൽ 8-ാംതീയതിവരെ യുവാക്കന്മാർക്കും, മേയ് 9-ാംതീയതി മുതൽ 13-ാംതീയതിവരെ പ്രായംചെന്ന പുരുഷന്മാർക്കും ഏകാന്തധ്യാനം നടക്കുന്നതാണു്. ധ്യാനത്തിൽ ചേരുവാൻ ആഗ്രഹിക്കുന്നവർ, ബ. കമ്മീസിയം ഡയറക്ടർ, ലീജിയൻ ഹോം പാലാ-എന്ന വിലാസത്തിൽ ഏപ്രിൽ 15-ാം തീയതിക്കകം വിവരം അറിയിക്കേണ്ടതാണു്.

പാലാ കമ്മീസിയത്തിൽപ്പെട്ട 64 സീനിയർ സംഘക്കാരും 44 ജൂണിയർ സംഘക്കാരും ഏകോപിച്ചു ഭരണങ്ങാനത്തേക്കു ഒരു തീർത്ഥയാത്ര നടത്തി. 1മണിക്കു പ്രതിഷ്ഠാകർമ്മം പ്രസംഗം മുതലായവ നടന്നു.

കടവന്ത്ര:—എളംകുളം കത്തോലിക്കു് അസോസിയേഷൻെറ 7-ാമത്തെ വാർഷികയോഗം ഈ മാസം 4-ാംനു- സമ്മേളിച്ചു നടന്നു. സെക്രട്ടറിയുടെ റിപ്പോർട്ടു് സമർപ്പിക്കൽ അടുത്തകൊല്ലത്തേക്കുള്ള ഭാരവാഹികളെ തെരഞ്ഞെടുക്കൽ മുതലായ പരിപാടികൾക്കുശേഷം മി. പി. വി. തോമസ് കൃതജ്ഞതാപ്രകടനം നടത്തി. മി. സി സി. വർഗ്ഗീസായിരുന്നു ആതിഥേയൻ.

കിഴക്കമ്പലം:— ഇടവകസന്ദർശനാർത്ഥം എറണാകുളം അതിരൂപതയുടെ സഹായമെത്രാൻ റൈററ് റവ. ഡോക്ടർ ജോസഫ് പാറേക്കാട്ടിൽ തിരുമേനി ഏപ്രിൽ 3-ാംനു- ശനിയാഴ്ച സ്ഥലം തോപ്പിൽ കവലയിൽ മാഗാനായപ്പോൾ വികാരി ബ. വർഗ്ഗീസു് നമ്പ്യാപറമ്പിൽ അദ്ദേഹത്തെ മാലയിട്ടു സ്വീകരിച്ചു് ഘോഷയാത്രയായി പള്ളിയിലേക്കാനയിച്ചു. ശ്രീഹാസ്യമുടുത്ത ആശീർവ്വാദവും സിമിത്തേരി സന്ദർശനവും കഴിഞ്ഞു് 5-30നു് പള്ളിമൈതാനത്തുവച്ചു് തിരുമേനിയുടെ അദ്ധ്യക്ഷതയിൽ പൊതുമീററിംഗ് നടന്നു. മി. പി. സി മാണി മംഗളപത്രം വായിച്ചു സമർപ്പിച്ചു. തിരുമേനി കുന്നർകുരിശുന്നത്യം, അതിൻെറ കാരണം സഹോദരസ്നേഹത്തോടുകൂടി ജീവിക്കേണ്ട ആവശ്യകത എന്നിവയെപ്പററി യുക്തിയുക്തം പ്രസംഗിച്ചു ജ്ഞാനപൂക്കെട്ടു്, കുട്ടികളുടെവിനോദപ്രകടനങ്ങൾ, സമ്മാനദാനം, പാപ്പാമംഗളംഇവയ്ക്കുശേഷം യോഗം പര്യവസാനിച്ചു. 4-ാംനു- ഞായറാഴ്ച കുട്ടികളുടെ ആദ്യകുർബാന കൈക്കൊള്ളൽ മുമ്പിലത്തെ ഒപ്പൂതുമാ എന്നീ തിരുകർമ്മങ്ങൾ നടത്തി. സെൻറ് വിൻസെൻറ് ഡി പോൾ സംഘത്തിൻേറയും അദ്ധ്യാപകന്മാരുടെയും ഗ്രൂപ്പു ഫോട്ടോകൾ എടുക്കുകയും ചെയ്തു. പൊതുസ്ഥാപനങ്ങൾ സന്ദർശിച്ചശേഷം 6-30നു് തിരുമേനി എറണാകുളത്തേക്കു തിരിച്ചുപോയി.

—o—

## സെൻറ് വിൻസെൻറ് ഡി പോൾ സംഘം

ചങ്ങനാശ്ശേരി സെൻട്രൽ കൗൺസിലിൽപ്പെട്ട കോൺഫറൻസ് പ്രസിഡൻറന്മാരുടെയും, അംഗങ്ങളുടെയും സത്വരശ്രദ്ധയ്ക്കു് കൗൺസിൽ പ്രസിഡൻറു് അയച്ചിട്ടുള്ള കത്തിലെ ചില ഭാഗങ്ങൾ:-

ബഹുമാന്യ സഹോദരന്മാരേ, ആത്മീയപരിശുദ്ധിയെ പ്രധാനമായി ലാക്കാക്കി സ്ഥാപിതമായിട്ടുള്ള നമ്മുടെ സഖ്യം, ആദർശത്തിലും പ്രവർത്തനങ്ങളിലും പരിശുദ്ധമായിരിക്കുന്നതിനു് അതിലെ അംഗങ്ങൾ ആത്മീയമായും പ്രവൃത്തിപരമായും പരിശുദ്ധരായിരിക്കേണ്ടതു അത്യാവശ്യമാണല്ലോ. ഉത്തമമായ ഒരു ക്രിസ്തീയജീവിതത്തിലൂടെ നമ്മുടെ സഹോദരങ്ങൾക്കു സന്മാതൃകനൽകി അവരെ വിശ്വാസത്തിൽ ദൃഢീകരിക്കുക, നമ്മുടെ ചുററുപാടുമുള്ള സാധുസഹോദരങ്ങളെ അവരുടെ വസതികളിൽ ചെന്നുകണ്ടു ആവശ്യമായ സഹായങ്ങൾ നൽകുക എന്നിവയാണല്ലോ നമ്മുടെ പ്രധാനമായ പ്രവർത്തനങ്ങൾ. എന്നാൽ അനുഭവങ്ങളിൽനിന്നു പറയുകയാണെങ്കിൽ നമ്മുടെ സഖ്യപ്രവർത്തനങ്ങൾക്കു ഒരു മന്ദത ഭവിച്ചിട്ടുണ്ടെന്നു് സമ്മതിച്ചേതീരൂ. ഇതു പരിഹരിക്കേണ്ടതു് അത്യാവശ്യമായിരിക്കുന്നതിനാൽ ഓരോ സഖ്യാംഗങ്ങളും അവരവരുടെ അതീതകാലപ്രവർത്തനങ്ങളെ ഒന്നു പരിശോധിച്ചുനോക്കേണ്ടിയിരിക്കുന്നു. അപ്പോൾ ദൃശ്യമാകുന്ന തെററുകൾ തിരുത്തി ഭാവിജീവിതത്തെ കൂടുതൽ പരിശുദ്ധമാക്കി, നമ്മുടെ പ്രവർത്തനങ്ങളിൽ വന്നുപോയിട്ടുള്ള വീഴ്ചകളെ പരിഹരിക്കുവാനും അങ്ങനെ സഖ്യാരൂപി സംരക്ഷിക്കുവാനും വേണ്ടതു് ഉടനടി പ്രവൃത്തിക്കേണ്ടിയിരിക്കുന്നു. സെൻറ് വിൻസെൻറു ഡി പോൾ സഖ്യം എന്ന അതിവിശിഷ്ടമായ ഒരു സംഘടനയെ സ്ഥാപിക്കുവാൻ ഫ്രെഡറിക് ഓസ്സാനാമിനെ പ്രേരിപ്പിച്ചു ആ ചൈതന്യം ഓരോ അംഗവും സ്വയം ഏറെറടുത്ത പരിപാവനമായ കർത്തവ്യനിർവ്വഹണത്തിൽ പ്രതിഫലിപ്പിക്കേണ്ടിയിരിക്കുന്നു. അപ്രകാരം പുനഃപരിശോധന നടത്തുന്നതിനും, പ്രതിജ്ഞ ചെയ്യുന്നതിനും ഈ വലിയനോമ്പുകാലം വളരെ ഉപകരിക്കുകയും ചെയ്യുമല്ലോ. തപസിൻേറയുംപ്രായശ്ചിത്തത്തിൻെറയും ദിനങ്ങളായ ഈ നോമ്പുകാലത്തു എല്ലാ അംഗങ്ങളും ഒരു ഏകാന്തധ്യാനം കഴിക്കണമെന്നു് അഭ്യർത്ഥിക്കുന്നു. അംഗങ്ങൾ ആത്മീയാഭിവൃദ്ധിയെ ലാക്കാക്കി ജ്ഞാനധ്യാനത്തിൽ സംബന്ധിക്കണമെന്നു് നിയമം അനുശാസിക്കുന്നുണ്ടു്. ചാവുദോഷത്തിൻകീഴിൽ യാതൊന്നും കടപ്പെടുത്തിയിട്ടില്ലെങ്കിലും ഏതെങ്കിലും ഒരു ജ്ഞാനധ്യാനത്തിൽ സംബന്ധിക്കുന്നതു് വളരെ ഉത്തമമായ ഒരു കൃത്യമായതിനാൽ കോൺഫറൻസ് പ്രസിഡൻറന്മാരുടെ സത്വരശ്രദ്ധ ഇതിൽ പതിഞ്ഞുകാണുവാൻ ആഗ്രഹിക്കുന്നു. സത്യദീപ (1954 ഏപ്രിൽ 7) ത്തിലെ "സെൻറ് വിൻസെൻറ് ഡി പോൾ സഖ്യാംഗങ്ങളും വാർഷികധ്യാനവും" എന്ന ലേഖനത്തിലേക്കു് ഏവരുടേയും ശ്രദ്ധയെ ക്ഷണിച്ചുകൊള്ളുന്നു.

അംഗങ്ങളിൽ ഭൂരിഭാഗവും സഖ്യനിയമങ്ങളിൽ അജ്ഞരായിട്ടാണു് കാണപ്പെടുന്നതു്. ചില കോൺഫറൻസ് പ്രസിഡൻറന്മാരെപ്പോലും ഇതിൽ ഉൾപ്പെടുത്തേണ്ടതായിട്ടാണിരിക്കുന്നതു്. ഇങ്ങനെ പ്രവർത്തനം തുടർന്നുപോകുവാൻ അനുവദിക്കുന്നപക്ഷം അതിശ്രേഷ്ഠമായ ഈ സംഘടനയിലെ പല കോൺഫറൻസുകളും നിർത്തേണ്ടതായി വന്നേക്കാം. ഇതിനൊരു പരിഹാരം കണ്ടുപിടിക്കുവാനുള്ള ഉദ്ദേശത്തോടുകൂടി ഏപ്രിൽ 4-ാംനു- സമ്മേളിച്ച സെൻട്രൽ കൗൺസിൽ, അംഗങ്ങളെ ഉദ്ദേശിച്ചു് ഒരു പഠനക്ലാസ് നടത്തണമെന്നു് നിശ്ചയിക്കയുണ്ടായി. മേയ് 23-ാംനു- ഞായറാഴ്ച ആയതു നടത്തുന്നതിനും, അതിൽ സെൻട്രൽ കൗൺസിലിൻെറ കീഴിലുള്ള എല്ലാ കോൺഫറൻസുകളിലേയും അംഗങ്ങൾ നിർബന്ധമായി സംബന്ധിക്കുന്നതിനും വേണ്ടതു ചെയ്യണമെന്നു തീരുമാനിച്ചു. സഖ്യനിയമങ്ങളിലും പ്രവർത്തനങ്ങളിലും പ്രാവീണ്യം സിദ്ധിച്ചിട്ടുള്ളവരെക്കൊണ്ടു് ക്ലാസുകൾ നടത്തുവാനാണു ഉദ്ദേശിക്കുന്നതു്. ആയതിനാൽ എല്ലാ കോൺഫറൻസ് പ്രസിഡൻറന്മാരും ഇതിൽ കാര്യമായി പ്രവർത്തിച്ചു് എല്ലാ പ്രവർത്തകാംഗങ്ങൾ എങ്കിലും സംബന്ധിക്കാൻ ഇടപാടുചെയ്യണം. ക്ലാസിൽ സംബന്ധിക്കുന്നവർക്കു് കൗൺസിലിൻെറ മേൽനോട്ടത്തിൽ ഉച്ചയ്ക്കു ഭക്ഷണവും വൈകിട്ടു് കാപ്പിയും നൽകണമെന്നും, ആയതിൻെറ ചിലവിലേക്കു രണ്ടുരൂപാവീതം വാങ്ങണമെന്നും തീരുമാനിക്കയുണ്ടായി. ആ കോൺഫറൻസിൽനിന്നു ക്ലാസിൽ ചേരുവാൻ ഉദ്ദേശിക്കുന്നവരുടെ പേരും വിലാസവും, ഫീസായ രണ്ടുരൂപായോടുകൂടി മേയ് 10-ാംനുക്കുമുൻപു് സെക്രട്ടറി മാത്യു ജെ. മുക്കാടൻെറ (Agent, The Grand Eastern Bank Ltd, Changanacherry) പേർക്കു് അയച്ചുകൊടുക്കണമെന്നു താല്പര്യപ്പെടുന്നു.

നമ്മുടെ മദ്ധ്യസ്ഥനായ വിശുദ്ധ വിൻസെൻറു് ഡി പോൾ നമ്മുടെ പ്രവർത്തനങ്ങളിൽ, ആവശ്യമായ ശക്തിയും ധൈര്യവും നൽകട്ടെ എന്നുള്ള പ്രാർത്ഥനയോടുകൂടി

നിങ്ങളുടെ വിശ്വസ്തൻ,
ഡോ. ജോസഫ് ജെ. പൂവാട്ടിൽ,
(പ്രസിഡൻറു്)

# സത്യദീപം

പത്രാധിപന്മാർ

വെരി റവ. മോൺസിഞ്ഞോർ ജേക്കബ് നടുവത്തുശ്ശേരി

റവ. ഫാദർ ജോസഫ് വിതയത്തിൽ

Vol. 27 ERNAKULAM, APRIL 14, 1954 No. 33


## ക്രിസ്തുവിന്റെ പീഡാസഹനം

ഗാഗുൽത്താമലമുകളിൽ കുരിശിൽ തൂങ്ങിക്കിടന്നുകൊണ്ടു് ക്രിസ്തു സമാപിപ്പിച്ച പീഡാസഹനചരിത്രത്തെ ക്രിസ്തീയലോകം ഭക്തിസ്നേഹവികാരങ്ങളോടെ അനുസ്മരിക്കുന്ന പ്രത്യേകവാരമാണല്ലോ ഇതു്. വൈരാഗ്യമൂർത്തികളായ ശത്രുക്കളുടെ ദൃഷ്ടിയിൽ ക്രിസ്തു ഒരു ജനദ്രോഹിയായിരുന്നു! അന്ധമായ സ്വാർത്ഥതയും അഹങ്കാരപ്രമത്തമായ നേതൃത്വാസക്തിയും സത്യത്തെ വീക്ഷിക്കുന്നതിനും നീതിയെ പാലിക്കുന്നതിനും അവർക്കു വിലങ്ങുതടിയായി നിന്നു. അവിടുത്തെ ജീവിതത്തെ കരിതേക്കുന്നതിനും പ്രബോധനത്തെ ദുർവ്യാഖ്യാനം ചെയ്യുന്നതിനും അവർ ബദ്ധശ്രദ്ധരായി. പരാജയബോധം അവരെ രോഷാകുലരാക്കി. ഗാഗുൽത്തായിലെ കരിപുരണ്ട ചരിത്രം അവർ അവക്കായി സൃഷ്ടിച്ചു.

സാമാന്യലോകത്തിനു് ക്രിസ്തു ഒരു സമുദായോദ്ധാരകനും പരസ്നേഹിയും സേവനാദർശവുമാണു്. അവർ ക്രിസ്തുവിന്റെ ആദർശങ്ങളെ വാഴ്ത്താറുണ്ടു്. അവിടുത്തെ ബഹുമാനിക്കുന്നുണ്ടു്. അവിടുത്തെ പീഡയേല്പിച്ചു വധിച്ചതു അപഹാസ്യവും ക്രൂരവുമായി എന്നു വിധിയെഴുതാറുണ്ടു്. അവിടുത്തോടു സഹതാപം രേഖപ്പെടുത്താറുണ്ടു്.

എന്നാൽ ക്രിസ്തുവിൽ വിശ്വസിക്കുന്ന ക്രിസ്ത്യാനികളെ സംബന്ധിച്ചിടത്തോളം പീഡാസഹനചരിത്രത്തിന്റെ യഥാർത്ഥമായ അർത്ഥം ഒന്നു വേറെയാണു്. ക്രിസ്തു സത്യദൈവവും സത്യമനുഷ്യനുമാണെന്നുള്ളതാണു് ക്രിസ്തീയവിശ്വാസത്തിന്റെ യുക്തിയുക്തമായ അസ്ഥിവാരം. അവിടുന്നു് ലോകത്തിൽ അവതരിച്ചതു പാപംമൂലം അധഃപതിച്ച ലോകത്തെ ഉദ്ധരിക്കുന്നതിനാണു്. ലോകോദ്ധാരണം അവിടുത്തേക്കു ബഹുവിധത്തിൽ സാധിക്കാമായിരുന്നെങ്കിലും തന്റെ നിസ്സീമമായ മാനവസ്നേഹത്തിന്റെ മാറ്റു് ലോകത്തെ എന്നാളും ഗ്രഹിപ്പിക്കത്തക്കവണ്ണം ഗാഗുൽത്തായിലെ സ്നേഹനാടകം അഭിനയിക്കുന്നതിനു് സ്വയം തീരുമാനിച്ചു. "തന്റെ സ്നേഹിതനുവേണ്ടി സ്വജീവൻ ബലികഴിക്കുന്നതിൽ വലിയ സ്നേഹമില്ല" എന്ന തത്വത്തിൽ പ്രബോധിപ്പിച്ച അവിടുന്നു പ്രയോഗത്തിൽ അതു അക്ഷരശഃ പാലിച്ചുകൊണ്ടു് മനുഷ്യരോടുള്ള സ്നേഹവായ്പിനെ പ്രത്യക്ഷമാക്കി. ഇതാണു് ക്രിസ്തുവിന്റെ പീഡാസഹനത്തിന്റെ അർത്ഥം. ഇതുകൊണ്ടാണു് അവിടുത്തെ അനുയായികളായ ക്രിസ്ത്യാനികൾ ഇന്നും ഹൃദയത്തുടിപ്പോടും സ്നേഹവായ്പോടുംകൂടി ലോകമാസകലം പ്രസ്തുത ശോകരംഗം അനുസ്മരിച്ചാചരിക്കുന്നതു്.

### നാരകീയ നാടകം

ദൈവത്തിന്റെ അനന്തമായ പരിപാലനം മനുഷ്യനു് എന്നാളും ഒരു അഗ്രാഹ്യരഹസ്യമാണു്. അവിടുത്തെ ദിവ്യമായ ജ്ഞാനത്തിലും ശക്തിയിലും അതു അന്യൂനം നിവർത്തിക്കപ്പെടുന്നു. മനുഷ്യന്റെ സ്വാതന്ത്ര്യസംരക്ഷണത്തേയും ദൈവപരിപാലനയുടെ പ്രവർത്തനങ്ങളേയും എങ്ങനെയാണൊന്നിപ്പിക്കുന്നതെന്നു് പരിമിതമായ മനുഷ്യബുദ്ധി ആരായുന്നുവെങ്കിൽ അതു അന്തമില്ലാത്ത ആ ആഴിപ്പരപ്പിൽ അലയുകയേ നിവൃത്തിയുള്ളൂ. നേരെമറിച്ചു് വാസ്തവികങ്ങളും അനുഭവവേദ്യങ്ങളുമായ വസ്തുതകളെ ആലംബമാക്കിക്കൊണ്ടും നിത്യസത്യമാകുന്ന ദൈവത്തിന്റെ അനുഗ്രഹദാനങ്ങളെ ആശ്രയിച്ചുകൊണ്ടും മനുഷ്യന്റെ വിവേചനാമണ്ഡലത്തെ നേരായമാർഗ്ഗത്തിൽ പ്രവർത്തിപ്പിക്കുകയാണെങ്കിൽ വിപുലമായ നേട്ടങ്ങൾ സത്യത്തിന്റെ മണ്ഡലത്തിൽ സ്വായത്തമാക്കുന്നതിനു് അവനു കഴിയും. "ആത്മാവിൽ ദരിദ്രവാന്മാർ ഭാഗ്യമുള്ളവരാകുന്നു; ദൈവരാജ്യം അവർക്കുള്ളതാകുന്നു" എന്ന ഗിരിപ്രഭാഷണത്തിലെ പ്രഥമവാക്യത്തിന്റെ അർത്ഥം ഇതു വിശദമാക്കുന്നു. ക്രിസ്തുവിന്റെ പീഡാനുഭവചരിത്രം ഈ വെളിച്ചത്തിൽ കാണാൻ സാധിക്കാത്ത ഒരു വ്യക്തിക്കു് അതു് ഏററവും ദുർഗ്രഹമായ ഒരു സംഭവമായി പ്രത്യക്ഷപ്പെടുന്നതിന്റെ കാരണം ഇതാണു്.

വിദ്വേഷംകൊണ്ടു് അന്ധരായിത്തീർന്ന ഒരു ശത്രുവ്യൂഹം നിർമ്മലനും നന്മയുടെ നികേതനവുമായ ക്രിസ്തുവിനെതിരായി അവരുടെ ഫണമുയർത്തി. അദ്ദേഹത്തെ വഞ്ചനനിറഞ്ഞ ഒരു ദുരന്തനാടകത്തിന്റെ ബലിവസ്തുവാക്കി. അവിടുന്നോ എന്നാൽ, തന്റെ ദിവ്യമായ പരിപാലനയുടെ പാരമ്യത്തിൽ അതൊരു സ്നേഹനാടകത്തിന്റെ പരിണാമഗുപ്തിയാക്കി മാററി. നരദൈവഹത്യയുടെ ശാപഫലങ്ങൾക്കു അവർ സ്വയം വിധേയരായി. പക്ഷെ, സ്നേഹത്യാഗങ്ങളുടെ പാരമ്യത്തിന്റെ സൽഫലങ്ങൾക്കു അവിടുന്നു അതു നിദാനമാക്കി.

യഹൂദനേതാക്കന്മാരായ ഫരിസേയർ ഗൂഢാലോചനനടത്തി, ദുരുപദിഷ്ടമായ ജനതയിൽ അന്ധമായ പ്രതികാരേച്ഛ ഇളക്കിവിട്ടു. യൂദാസ് ആത്മവഞ്ചനയിൽ അവിടുത്തെ ഒററിക്കൊടുത്തു് ഗുരുദ്രോഹിയായി. സാൻഹെദ്രിംസംഘം അവിടുത്തെമേൽ നീതിവിരുദ്ധമായ മരണവിധി പ്രഖ്യാപിച്ചു. ദുർബലനായ പീലാത്തോസ് സ്ഥാനനഷ്ടത്തെപ്പററി ഭയാക്രാന്തനായി, നിർദ്ദോഷിയെന്നു് തനിക്കു ബോദ്ധ്യമായ ബന്ധിതനെ കുരിശിൽ തൂക്കുന്നതിനു് മനസ്സാക്ഷിക്കു വിരുദ്ധമായി വിധിയെഴുതി. കൈകഴുകി അയാൾ സമാധാനപ്പെട്ടു. വാചാമഗോചരമായ പീഡനങ്ങൾ ഏല്പിച്ചു ഗാഗുൽത്തായിൽ രണ്ടു കള്ളപ്പുള്ളികളുടെ നടുവിൽ അദ്ദേഹത്തെ തൂക്കിക്കൊന്നു. അങ്ങനെ ആ നാരകീയനാടകം അവസാനിച്ചു.

ക്രിസ്തുവാകട്ടെ, മാനവവംശത്തിന്റെ പാപപ്പരിഹാരത്തിനായി ഗത്സേമ്മിനിൽ സ്വയം സമർപ്പിതാവിനപ്പിച്ചു. അന്യായമായ അവഹേളനങ്ങളും പീഡനങ്ങളും നീതിവിരുദ്ധമായ വിധിപ്രഖ്യാപനവും സ്വമനസ്സാ സ്വീകരിച്ചു കുലമരമായ കുരിശും വഹിച്ചു ഗാഗുൽത്തായിലേക്കുപോയി. അവിടെ നഗ്നനായി കുരിശിൽ തൂങ്ങി അവിടുത്തെ ജീവൻ പാപപരിഹാരാർത്ഥം ഹോമിച്ചു. അലൗകികമായ വിജയം അവിടുന്നു കൈവരിച്ചു. മനുഷ്യരക്ഷ അവിടുന്നു സാധിച്ചു.

### ഇന്നും അഭിനയിക്കപ്പെടുന്നു

ഗാഗുൽത്തായിലെ നാരകീയ നാടകം രണ്ടായിരം കൊല്ലങ്ങൾക്കുമുമ്പാണഭിനയിക്കപ്പെട്ടതു്. എന്നാൽ അതിനൊരു പ്രത്യേകതയുണ്ടു്. അതിനന്തമില്ല. പ്രകാരാന്തരേണ അതു യുഗങ്ങളിലൂടെ ആവർത്തിക്കപ്പെടുന്നു. ആദിമ ക്രിസ്തീയസഭയെ നശിപ്പിക്കുന്നതിനു രാജശാസനവുമായി ഡമാസ്കസ്സിലേക്കു ബദ്ധപ്പെട്ടുപോയ സാവൂളിനെ ദൈവകരം തടുത്തുനിർത്തി. ഒരശരീരിവാക്യം അന്തരീക്ഷത്തിൽ മുഴങ്ങി, "സാവൂൾ, സാവൂൾ, നീ എന്തിനു് എന്നെ പീഡിപ്പിക്കുന്നു?" എന്നു്. സാവൂൾ അതിന്റെ അർത്ഥം ഗ്രഹിച്ചു. ക്രിസ്തുവിന്റെ പീഡകരുടെ ചേരിയിൽനിന്നു മാറി അവിടുത്തെ അനുയായിയും അപ്പസ്തോലനുമായി. അവിടുത്തെ മൗതികശരീരമായ തിരുസഭയെ പീഡിപ്പിക്കുന്നതിനു പകരം അതിന്റെ സൗഷ്ഠവത്തെ സൃഷ്ടിക്കുന്ന പ്രേഷിതജോലിയിൽ വ്യാപൃതനായി.

ക്രിസ്തുവിന്റെ മൗതികശരീരത്തിൽ അവിടുന്നു എന്നും ദാരുണമായ പീഡകൾ അനുഭവിക്കുകയാണു്. മതത്യാഗികളായ ക്രൈസ്തവരിൽനിന്നും സത്യവിശ്വാസത്തിനെതിരായി യുദ്ധം ചെയ്യുന്ന അക്രൈസ്തവലോകത്തിൽനിന്നും നിരന്തരമായി അവിടുന്നു പീഡകൾ ഏല്ക്കുകയാണു്. ആധുനികലോകത്തിലെ ഇരുളടഞ്ഞ ചരിത്രം ഇതിനു മകുടോദാഹരണമാണു്. നിരീശ്വരപരമായ കമ്മ്യൂണിസംതന്നെ ഇന്നു എത്രയെത്ര രാജ്യങ്ങളിൽ ഈ പീഡനരംഗങ്ങൾ സൃഷ്ടിച്ചുകഴിഞ്ഞിരിക്കുന്നു. ഹംഗറിസ്വദേശിയും ഒരു യൂണിവേഴ്സിററി പ്രഫസറുമായ ഡോക്ടർ ഗ്രോഷ്മിഡ് (Dr. Geza B. Grosschmid) ഈ രംഗങ്ങളുടെ ഒരു വിഹഗവീക്ഷണം നടത്തി അടുത്തകാലത്തു പ്രസിദ്ധീകരിച്ച വസ്തുതകൾ അതിന്റെ ഭയാനകതയെ വിളിച്ചറിയിക്കുന്നവയാണു്. ഇരുമ്പുമറയ്ക്കുള്ളിലെ ഓരോ രാജ്യങ്ങളിലേയും സ്ഥിതിവിവരക്കണക്കുകൾ അദ്ദേഹം നൽകുന്നതിപ്രകാരമാണു്.

സോവ്യററു യൂണിയനിൽ യാതൊരു വൈദികനും അവിടെ മതകർമ്മങ്ങൾ അനുഷ്ഠിക്കുന്നതിനു അനുവദിച്ചിട്ടില്ല. തിരുസഭ തികച്ചും മൂകമാക്കപ്പെട്ടിരിക്കുന്നു; 80ലക്ഷം കത്തോലിക്കരുണ്ടായിരുന്നബാൾട്ടിക്കു് രാജ്യങ്ങളിൽ ഒരു [illegible]താപ്പോലീത്തായും ഏതാനും ചില മെത്രാന്മാരും മാത്രം ഞെരുങ്ങി കഴിയുന്നു; രണ്ടര കോടി കത്തോലിക്കരുണ്ടായിരുന്ന പോളണ്ടിൽ കർദ്ദിനാൾ വിഷിൻസ്കി തടങ്കലിലാണു്, വൈദികരും സന്യാസിനീസന്യാസികളുമായി 900 പേർ ജയിലഴികൾക്കുള്ളിലുണ്ടു്. മൂന്നേമുക്കാൽ ലക്ഷം ഏക്കർ ദേവാലയവസ്തുക്കൾകവർന്നെടുത്തു. കത്തോലിക്കാവിദ്യാലയങ്ങളെല്ലാം അടച്ചുപൂട്ടി; 60 ലക്ഷം കത്തോലിക്കരുണ്ടായിരുന്ന ഹംഗറിയിൽ കർദ്ദിനാൾ മിൻസെന്തി 1948-ൽ വിധിക്കപ്പെട്ടതനുസരിച്ചു ഇന്നും ജയിൽവാസം അനുഭവിക്കുന്നു, 63 സന്യാസസഭകൾ നിരോധിച്ചു സകല മെത്രാന്മാരും വീട്ടുതടങ്കലിലോ പോലീസു് അന്വേഷണത്തിലോ കഴിയുന്നു, കത്തോലിക്കാവിദ്യാലയങ്ങളെല്ലാം നിരോധിച്ചു: 1 കോടി കത്തോലിക്കരുണ്ടായിരുന്ന ചെക്കോസ്ലോവാക്യായിൽ ആയിരം വൈദികർ തടവിലാണു്, എല്ലാ സന്യാസിനീസന്യാസികളും റഷ്യയുടെ അടിമവേലസ്ഥലങ്ങളിലേക്കോ തടങ്കൽപാളയങ്ങളിലേക്കോ മാററപ്പെട്ടു, എല്ലാ സ്കൂളുകളും പള്ളിവസ്തുക്കളും ദേശസാൽക്കരിക്കപ്പെട്ടു; 10 ലക്ഷം കത്തോലിക്കരുണ്ടായിരുന്ന റുമേനിയായിൽ എല്ലാ മെത്രാന്മാരും തടവിലാക്കപ്പെട്ടു, സന്യാസസഭകൾ നിർത്തലാക്കപ്പെട്ടു, പള്ളിവസ്തുക്കളും വിദ്യാലയങ്ങളും അച്ചടിശാലകളും കണ്ടുകെട്ടി; 57 ആയിരം കത്തോലിക്കരുണ്ടായിരുന്ന ബൾഗേറിയായിൽ 1952-ൽ ഒരു മെത്രാനും മൂന്നു വൈദികരും വെടിവയ്ക്കപ്പെട്ടു, 24 വൈദികർ തടവിലാക്കപ്പെട്ടു; യൂഗോസ്ലാവിയായിൽ കർദ്ദിനാൾ സ്റ്റെപ്പിനാക്കു അറസ്റ്റുചെയ്യപ്പെട്ടു, 1950 വൈദികർ മരണവിധിക്കു വിധേയരായി, 600 മഠങ്ങളും 100 കൊവേന്തകളും പൂട്ടപ്പെട്ടു, പള്ളിവസ്തുക്കളും സ്കൂളുകളും സെമ്മിനാരികളും ഗവർമ്മേണ്ടധീനത്തിലാക്കി, കത്തോലിക്കാപത്രങ്ങളും അച്ചടിശാലകളും കണ്ടുകെട്ടി, 26 ഉന്നതവൈദികസ്ഥാനികളും നിരവധി വൈദികരുംവധിക്കപ്പെട്ടു.

ചൈനീസു് മിഷനറി ബുള്ളററിനിലെ ഔദ്യോഗികകണക്കുകളെ ആധാരമാക്കി നോക്കിയാൽചൈനായിൽ നടന്നിട്ടുള്ള പീഡനങ്ങളുടെ ഒരു ഏകദേശരൂപം മനസ്സിലാക്കാം. 125 സ്വദേശീയവൈദികരും 37 വിദേശമിഷനറിമാരും കൊല്ലപ്പെട്ടു, 31അൽമായരും 13 സഹോദരന്മാരും 10 കന്യാസ്ത്രീകളും, ഒരുവൈദികവിദ്യാർത്ഥിയും കൊല്ലപ്പെട്ടതായി സൂക്ഷ്മവിവരമുണ്ടു്. അറിയപ്പെടാത്തതായ സംഭവങ്ങൾ എത്ര കൂടുതലായിരിക്കും! മാർപ്പാപ്പായുടെ പ്രതിനിധി ഉൾപ്പെടെ 60 മെത്രാന്മാരും 3000 വിദേശമിഷനറിമാരും നാടുകടത്തപ്പെട്ടു. 700 സ്വദേശീയവൈദികരും 150 വിദേശവൈദികരും തടവിലാക്കപ്പെട്ടു. തടവിലാക്കപ്പെട്ട 18 മെത്രാന്മാരിൽ 5പേർ അവിടെ കിടന്നു മരിച്ചുകഴിഞ്ഞു. 3സർവ്വകലാശാലകളും, 200 ഹൈസ്കൂളുകളും, 3000 മററു വിദ്യാലയങ്ങളും 200 ആശുപത്രികളും ഗവർമ്മേണ്ടു പിടിച്ചെടുത്തു.

ഈവിധമായ ഭയാനകപീഡനങ്ങളാണു് ഇന്നത്തെ ലോകത്തിൽ ക്രിസ്തു അവിടുത്തെ മൗതികശരീരത്തിൽ അനുനിമിഷം അനുഭവിച്ചുകൊണ്ടിരിക്കുന്നതു്. അവിടുത്തെ പീഡനരംഗമായ ഗാഗുൽത്തായിലെ സംഭവങ്ങൾ ആധുനികലോകത്തിൽ എത്ര യഥാർത്ഥങ്ങളായി തുടർന്നുകൊണ്ടിരിക്കുന്നു എന്നു വിശ്വാസചൈതന്യമുള്ള കണ്ണുകൾ കാണേണ്ടതാണു്. ക്രിസ്തുവിനോടു യഥാർത്ഥസ്നേഹമുള്ളവരും അവിടുത്തോടു ആത്മാർത്ഥമായ സഹതാപം പ്രകടിപ്പിക്കുന്നതിനഭിലഷിക്കുന്നവരുംഈ പീഡനങ്ങളിൽ അവിടുത്തെ സഹായിക്കുന്നതിനു സന്നദ്ധരാകണം. പരമോന്നതമായ അവിടുത്തെ ദിവ്യാദർശങ്ങൾ ലോകത്തിൽ പ്രചരിക്കണം; രക്ഷാകരമായ അവിടുത്തെ ദിവ്യസന്ദേശം എല്ലാവരും സ്വീകരിക്കണം; ക്രിസ്തീയജീവിതത്തിന്റെ സമാധാനഐക്യത്തിൽ സൗഹൃദമായ സാഹോദര്യം ജനതകൾക്കിടയിൽ പുലരണം. ഇതുകൊണ്ടുമാത്രമേ അവിടുത്തെ സ്നേഹദാഹം ശമിക്കൂ; അവിടുത്തേക്കു സമാശ്വാസം ലഭിക്കൂ; മാനവവംശത്തിനു രക്ഷ സാധിക്കൂ.

ഗാഗുൽത്തായിലെ ഇരുളടഞ്ഞ രംഗം പുനരുത്ഥാനത്തിന്റെ പൊൻപുലരിയിലേക്കു ലോകത്തെ് ആനയിക്കട്ടെ.

## പ്രസാധകക്കുറിപ്പുകൾ

### വോട്ടേഴ്സ് ലിസ്റ്റ് പുതുക്കുന്നു

ചേർത്തല, അമ്പലപ്പുഴ, കാർത്തികപ്പള്ളി, കരുനാഗപ്പള്ളി, മാവേലിക്കര, തിരുവല്ല, പത്തനംതിട്ട, ദേവികുളം, പീരുമേട്ട് എന്നീ താലൂക്കുകളിലും നാഗർകോവിൽ, പത്മനാഭപുരം, ആലപ്പുഴ, എറണാകുളം എന്നീ മുനിസിപ്പൽ പ്രദേശങ്ങളിലും സമ്മതിദായകന്മാരുടെ പട്ടിക പുതുതായി തയാറാക്കുന്നതിനുള്ള നടപടികൾ ഊർജ്ജിതമായി നടത്തുന്നതിനു് ചീഫ് എലക്ഷൻ കമ്മീഷൻ നിർദ്ദേശിച്ചിട്ടുള്ളതനുസരിച്ചു് എന്യൂമറേററർമാർ ജോലി ആരംഭിച്ചുകഴിഞ്ഞിരിക്കുന്നു. ഈ മാസത്തിൽ ആ ജോലി പൂർത്തിയാക്കുന്നതാണെന്നറിയുന്നു. അതതുസ്ഥലത്തുള്ളവർ എന്യൂമറേററർമാർക്കു് വേണ്ട വിശദവിവരങ്ങൾ നൽകി പ്രായപൂർത്തിയായ എല്ലാവരുടേയും പേരുകൾ ലിസ്റ്റിൽ ചേർക്കുന്നതിനു പ്രത്യേകം ശ്രദ്ധിക്കേണ്ടതാണു്. ഓരോ വോട്ടിന്റേയും വില പൗരജനങ്ങൾ ശരിയായി മനസ്സിലാക്കി തക്കസമയത്തു വേണ്ട നടപടികളെടുത്തു് ലിസ്റ്റ് പൂർണ്ണമാക്കുന്നതിനു് ഓർമ്മിപ്പിക്കുന്നു. മുമ്പു നടന്നിട്ടുള്ള എന്യൂമറേഷനുകളിൽ വളരെ കുറവുകൾ സംഭവിച്ചിരുന്നുവെന്നും വളരെപ്പേരുടെ വോട്ടുകൾ നഷ്ടപ്പെട്ടിരുന്നുവെന്നും പരാതികൾ ഉണ്ടായിട്ടുള്ളതും എന്നാൽ പിന്നീടവയെ പരിഹരിക്കുന്നതിനുണ്ടായ വിഷമതകൾമൂലം പലർക്കും അവരുടെ പൗരാവകാശം ഉപയോഗിച്ചു് വോട്ടുചെയ്യുവാൻ സാധിക്കാതെ വന്നിട്ടുള്ളതുമാണല്ലോ. ഈ ദുരവസ്ഥ ആവർത്തിക്കപ്പെടാതിരിക്കാൻ ഓരോ വോട്ടർമാരും ഓരോ എന്യൂമറേററർമാരും ആത്മാർത്ഥമായി പരിശ്രമിക്കുമെന്നു വിശ്വസിക്കുന്നു.

* * *

### മിഷനറി പ്രശ്നം

#### വീണ്ടും ജനസഭയിൽ

1953 ഏപ്രിൽ 21-ാം തീയതിയാണു് ആഭ്യന്തരമന്ത്രി ഡോ. കട്ജു ജനസഭയിൽ ചെയ്ത ഒരു പ്രസ്താവനയിൽ വിദേശമിഷനറിമാരുടെ പ്രവർത്തനസ്വാതന്ത്ര്യത്തെപ്പററിയുള്ള വാദം വലിച്ചിഴച്ചുകൊണ്ടുവന്നതു്. അന്നുമുതൽ ഇന്നുവരെ അതേപ്പററിയുള്ള വാദപ്രതിവാദങ്ങൾ തുടർന്നുകൊണ്ടിരിക്കുകയാണു്. പ്രശ്നത്തെ നിർണ്ണായകമായ വിധത്തിൽ സമീപിക്കുന്നതിനോ ഭരണഘടനാവ്യവസ്ഥയെ നിയമപരമായി വ്യാഖ്യാനിക്കുന്നതിനോ ഔദ്യോഗികമായ നടപടിയൊന്നും ഉണ്ടായിട്ടുമില്ല. ഓരോരുത്തരുടേയും അഭിലാഷങ്ങൾക്കും അഭ്യൂഹങ്ങൾക്കും അനുചിതമായ പ്രസ്താവനകൾ തരംപോലെ നടത്തി സമാധാനിക്കുന്നതിനുള്ള നിലപാടാണു് സ്വീകരിക്കപ്പെട്ടുകാണുന്നതു്. ഇത്ര ഗൗരവമായ ഒരു പ്രശ്നത്തിൽ ഈ നയം തുടർന്നുപോകുന്നതു അഭിലഷണീയമല്ല തന്നെ. ഈ ഏപ്രിൽ 5-ാംനുകൂടിയ ജനസഭാസമ്മേളനത്തിൽ ഈ പ്രശ്നത്തെപ്പററി കൂടുതൽ വെളിച്ചം ലഭിക്കുന്നതിനുവേണ്ടി ഒരു മെമ്പർ ഇതു സഭയുടെ പരാമർശനത്തിനു വിഷയമാക്കുകയുണ്ടായി. പക്ഷെ ആ വാദപ്രതിവാദങ്ങളുടെ പര്യവസാനവും തെററിദ്ധരിപ്പിക്കുന്ന ചില പ്രസ്താവനകൾ മാത്രമായിരുന്നു.

## പ്രൊഫസർ സി. പി. മാത്യു പ്രശ്നം ആനയിച്ചു

ആഭ്യന്തരവും സ്റ്റേററ്സും വകുപ്പിലേക്കുള്ള ധനാഭ്യർത്ഥനയെ സംബന്ധിച്ച സംവാദത്തിൽ ഇന്ത്യയിൽ മിഷനറിമാരുടെ പ്രവർത്തനത്തിനുള്ള സ്വാതന്ത്ര്യത്തെപ്പററി തിരുക്കൊച്ചി കോൺഗ്രസ് പ്രതിനിധി പ്രൊഫസർ സി. പി. മാത്യു വാദിച്ചു. ഇന്ത്യയിലെ വിദേശമിഷനറിമാരുടെ പ്രവർത്തനങ്ങളെപ്പററി ആഭ്യന്തരമന്ത്രി ഡോ. കട്ജു അദ്ദേഹത്തിൻെറ ചില പ്രസംഗങ്ങളിൽ ചെയ്തിട്ടുള്ള പ്രസ്താവനകളിൽ ഇന്ത്യൻ ക്രിസ്ത്യൻ സമുദായത്തിനുള്ള ഉൽക്കണ്ഠയെ അദ്ദേഹം വെളിപ്പെടുത്തി. ഏതെങ്കിലും വിദേശമിഷനറി രാജ്യതാല്പര്യങ്ങൾക്കെതിരായി ഇന്ത്യയിൽ പ്രവർത്തനം നടത്തുകയാണെങ്കിൽ ആ പ്രവൃത്തി ആരും സാധൂകരിക്കുന്നതല്ല. മറേറതു സമുദായത്തേയും പോലെ ക്രിസ്ത്യൻ സമുദായത്തിനും ഇന്ത്യയുടെ സുരക്ഷിതത്വത്തിലും ഉറപ്പിലും ശ്രദ്ധയുണ്ട്. എന്നാൽ വിദേശമിഷനറിമാരുടെ പ്രവർത്തനത്തെ ഒന്നാകെ കുററപ്പെടുത്തുന്നതു നീതിയല്ല. അവരുടെ മതം പ്രചരിപ്പിക്കുന്നതിനും അവരുടെ മതത്തിൽ ആളുകളെ ചേർക്കുന്നതിനുമുള്ള സ്വാതന്ത്ര്യം ക്രിസ്ത്യൻ മിഷനറിമാർക്കും ഉള്ളതാണ്. ഒരു മതേതരജനകീയരാഷ്ട്രത്തിൽ ഈ അവകാശം എല്ലാ മതവിഭാഗങ്ങളിലുംപെട്ട എല്ലാ മിഷനറിമാർക്കും ഉണ്ടായിരിക്കേണ്ടതാണ് എന്നദ്ദേഹം വാദിച്ചു.

## വാദത്തെ ഡോക്ടർ കൃഷ്ണസ്വാമി പിന്താങ്ങുന്നു

വാദപ്രതിവാദത്തിൽ പങ്കെടുത്ത മദ്രാസ് സ്വതന്ത്രമെമ്പർ ഡോക്ടർ കൃഷ്ണസ്വാമി പ്രശ്നത്തെ ഇപ്രകാരമാണ് വിശദമാക്കിയതു്. ആഭ്യന്തരമന്ത്രി വിദേശമിഷനറിമാരുടെ സ്വാതന്ത്ര്യത്തെ നിയന്ത്രിച്ചുകൊണ്ടു്, അവർക്കു മതം പ്രചരിപ്പിക്കാം, എന്നാൽ മതത്തിൽ ചേർത്തുകൂടാ എന്നു പ്രസ്താവിച്ചിരിക്കുന്നതു് അനേകലക്ഷം ഇന്ത്യാക്കാരുടെ ഇടയിൽ തെററിദ്ധാരണ ഉണ്ടാക്കിയിരിക്കയാണ്. മതത്തിൽ ചേർക്കുന്നതിനുള്ള അവകാശം നിരോധിച്ചുകൊണ്ടു് മതം പ്രചരിപ്പിക്കാമെന്നു പറഞ്ഞാൽ അതിനർത്ഥമില്ല. ഇന്ത്യൻ പൗരന്മാർക്കുമാത്രമല്ല ഇന്ത്യയിൽ താമസമുള്ള എല്ലാവർക്കുമാണ് ഏതെങ്കിലും മതം വിശ്വസിക്കുന്നതിനും അനുഷ്ഠിക്കുന്നതിനും പ്രചരിപ്പിക്കുന്നതിനുമുള്ള സ്വാതന്ത്ര്യം ഇന്ത്യൻ ഭരണഘടന ഉറപ്പുനൽകിയിട്ടുള്ളതു്. മതപ്രചരണമെന്നതിൽ മതത്തിൽ ചേർക്കുന്നതിനുള്ള അവകാശം അടങ്ങിയിട്ടുണ്ടു്. പക്ഷെ, ഈ സ്വാതന്ത്ര്യം വിനിയോഗിക്കുന്നതു്, ധാർമ്മികതത്വങ്ങളേയും പൊതുനിയമക്രമങ്ങളേയും ആധാരമാക്കിയുള്ള നിയന്ത്രണങ്ങൾക്കു വിധേയമായി വേണമെന്നു മാത്രമേയുള്ളൂ.

മിഷനറിമാരുടെ സേവനങ്ങളെ അനുസ്മരിച്ചുകൊണ്ടദ്ദേഹം തുടർന്നു: വിദ്യാഭ്യാസപരവും, വൈദ്യസഹായപരവും, സാമൂഹ്യോന്നമനപരവുമായ സ്ഥാപനങ്ങൾ വഴി ഈ മിഷനറിമാർ രാജ്യത്തിൻെറ ഉന്നമനത്തിനുവേണ്ടി അതിൻെറ ഏററം വിദൂരമായ ഗ്രാമങ്ങളിൽപ്പോലും മഹത്തായ സേവനങ്ങൾ അനുഷ്ഠിച്ചിട്ടുണ്ടു്. എന്നാൽ ഈ സേവനങ്ങൾ തുടരുന്നതിനു് അനുവദിക്കപ്പെടുകയും അതേസമയംതന്നെ അവരുടെ മതപ്രചരണസ്വാതന്ത്ര്യത്തെ നിഷേധിച്ചിരിക്കുകയും ചെയ്യുന്നു എന്നതു് ഒരു വിചിത്രമായ നിയന്ത്രണമായി തോന്നുന്നു എന്നദ്ദേഹം പ്രസ്താവിച്ചു.

## ഡോക്ടർ കട്ജു ഒഴിഞ്ഞുമാറുന്നു

ഈ പ്രശ്നത്തെ അനാവശ്യമായി സൃഷ്ടിച്ചിറക്കിയ ആഭ്യന്തരമന്ത്രി ഡോക്ടർ കഡ്ജു വാദപ്രതിവാദത്തിൽ ഇടപെട്ടുകൊണ്ടു്, അങ്ങനെയൊന്നും താനൊരിക്കലും പറഞ്ഞിട്ടില്ല, എന്നുപറഞ്ഞു് പ്രശ്നത്തെ ഒഴിഞ്ഞുമാറുകയാണു ചെയ്തതു്. വാദപ്രതിവാദത്തിൻെറ അവസാനത്തിൽ അദ്ദേഹം സ്വയം സാധൂകരിച്ചുകൊണ്ടു് ഒരു വിശദീകരണം നൽകി. മിഷനറിമാരോടുള്ള ഗവർമ്മെൻറിൻെറ മനോഭാവത്തിനു് മതവുമായി യാതൊരു ബന്ധവുമുണ്ടായിരുന്നില്ല. അതു രാഷ്ട്രീയവും രാജ്യപരവുമായ ഒരു പ്രശ്നമായിരുന്നു. അതു നിയമത്തേയും ക്രമത്തേയും സംബന്ധിക്കുന്ന ഒരു കാര്യംമാത്രമേ ആയിരുന്നുള്ളൂ. നാം നമ്മുടെ പൂർവ്വികന്മാരാലും വിശുദ്ധ ഗ്രന്ഥങ്ങളാലും പഠിപ്പിക്കപ്പെട്ടിട്ടുള്ളതു് എല്ലാ മതങ്ങളോടും തുല്യബഹുമാനം കാണിക്കണമെന്നാണ്. എന്നാൽ ആരെങ്കിലും മതത്തെ ഒരു മത്സരരംഗമാക്കിത്തീർക്കുകയും അശ്ലീലമായി അധിക്ഷേപിക്കുകയും ചെയ്യുകയാണെങ്കിൽ അപ്പോൾ അതൊരു മതപ്രശ്നമായിരിക്കുകയില്ല. അതു നിയമസമാധാനത്തെ സംബന്ധിക്കുന്ന കാര്യമാണ്. ഇക്കാലത്തു് ജനത അതു സഹിക്കുന്നതുമല്ല എന്നദ്ദേഹം പറഞ്ഞു.

## ഡെപ്യൂട്ടിമന്ത്രി തെററിനെ നീതീകരിക്കാൻ ശ്രമിക്കുന്നു

ഡെപ്യൂട്ടിമന്ത്രി ശ്രീ ദത്താർ സംവാദത്തിനിടയിൽ ഒരു നീതീകരണശ്രമം നടത്തി: സ്വദേശിയോ വിദേശിയോ ആരായാലും ഇന്ത്യയിൽ അവനവൻെറ മതം പ്രചരിപ്പിക്കുന്നതിനു് ഇന്ത്യൻ ഭരണഘടനയനുസരിച്ചു് സ്വാതന്ത്ര്യമുണ്ടെന്നു ഡോക്ടർ കൃഷ്ണസ്വാമി ഇവിടെ വാദിച്ചുകേട്ടു. ഇന്ത്യൻ ഭരണഘടന ഇന്ത്യയിലെ ജനത അവർക്കായി ഉണ്ടാക്കിയിട്ടുള്ളതാണ്. അതുകൊണ്ടു് ഇന്ത്യാക്കാരുടെ അവകാശങ്ങളേയും കർത്തവ്യങ്ങളേയുംമാത്രം സംബന്ധിച്ചാണ് അതു പ്രതിപാദിക്കുന്നതു്. "ആളുകൾ", "പൗരന്മാർ" എന്നിങ്ങനെ പൊതുവായ സംജ്ഞകൾ ഭരണഘടനയിൽ ഉപയോഗിച്ചിട്ടുള്ളതു്, ആ ഭരണഘടനയാൽ ഭരിക്കപ്പെടുന്ന ഇന്ത്യയിലുള്ള "നമ്മെ"മാത്രം ഉദ്ദേശിച്ചാണെന്നു മനസ്സിലാക്കണം. എന്നാണ് അദ്ദേഹം പ്രസ്താവിച്ചതു്.

ഇന്ത്യൻ ഭരണഘടന ഇന്ത്യാക്കാരെ മാത്രമേ ബാധിക്കുകയുള്ളൂ എന്നദ്ദേഹം ഉന്നയിക്കുന്ന വാദം വളരെ ബാലിശമായിപ്പോയി എന്നു പറയേണ്ടിവന്നതിൽ ഖേദമുണ്ടു്. ഭരണഘടനയുടെ ഓരോ വകുപ്പുകളും പരിശോധിച്ചാൽ നിഷ്പ്രയാസം കാണാൻ സാധിക്കും ഏതേതുവകുപ്പുകളാണ് ഇന്ത്യാക്കാരെമാത്രം ബാധിക്കുന്നതെന്നും ഏതെല്ലാമാണ് ഇന്ത്യയിൽ നിവസിക്കുന്ന എല്ലാ ജനങ്ങളേയും ബാധിക്കുന്നതെന്നും. ഇപ്രകാരമുള്ള പ്രത്യേക വിവേചനയും പരിമിതികളും കൂടാതെയുള്ള നിയമം ഒരു രാജ്യത്തും ഉണ്ടാകുമെന്നു തോന്നുന്നില്ല. അതുകൊണ്ടു് ഡെപ്യൂട്ടിമന്ത്രി അവർകൾ ഡോക്ടർ കഡ്ജുവിൻെറ പ്രസ്താവത്തെ സ്ഥാപിക്കുന്നതിനുവേണ്ടി ഭരണഘടനയിൽ ഇല്ലാത്തതും ഉൾക്കൊള്ളാൻ നിവൃത്തിയില്ലാത്തതുമായ സംവരണങ്ങളെ ആശ്രയിക്കുകയാണെങ്കിൽ അതു വെറും ചുരുട്ടുകൊണ്ടു് ഓട്ടയടയ്ക്കലാവാനേ തരമുള്ളൂ.

## "പ്രചരിപ്പിക്കുക" എന്ന വാക്കിൻെറ വ്യാഖ്യാനം

ശ്രീ ദത്താർ തുടർന്നു: മനസ്സാക്ഷിസ്വാതന്ത്ര്യത്തിനും, സ്വതന്ത്രമായി മതം വിശ്വസിക്കുന്നതിനും അനുഷ്ഠിക്കുന്നതിനും പ്രചരിപ്പിക്കുന്നതിനും ഉള്ള അവകാശം എല്ലാവർക്കും ഒരുപോലെയുണ്ടു് എന്നു ഭരണഘടനയിലെ 25-ാം ആർട്ടിക്കിളിൽ പറയുന്നുണ്ടു്. കോൺസ്റ്റിറവുവൻറ് അസംബ്ളിയിൽത്തന്നെ "പ്രചരിപ്പിക്കുക" എന്ന വാക്കിൻെറ അർത്ഥത്തെപ്പററി വാദപ്രതിവാദമുണ്ടാവുകയും അന്നുതന്നെ ആ പദം മതപരിവർത്തനം നടത്തുക എന്ന അർത്ഥത്തിലല്ല സ്വീകരിക്കപ്പെട്ടിരിക്കുന്നതെന്നു വിശദമാക്കുകയും ചെയ്തിട്ടുള്ളതാണെന്നായിരുന്നു അദ്ദേഹത്തിൻെറ വാദം.

മന്ത്രി അവർകൾ ഇവിടെ ഉന്നയിച്ചിരിക്കുന്ന വാദം വളരെ ദുർഗ്രഹമാണ്. ഒരു മതം പ്രചരിപ്പിക്കുക എന്നതിൽ വേറൊരാളെ ആ മതത്തിൽ അംഗമായി സ്വീകരിക്കുന്നതിനുള്ള അവകാശമില്ലെന്നാണോ മനസ്സിലാക്കേണ്ടതു്? പദങ്ങളെക്കൊണ്ടു കസ്രത്തു നടത്താമെന്നല്ലാതെ Propagation, Conversion മുതലായ ഏതു വാക്കുപയോഗിച്ചാലും അതിൻെറയെല്ലാം അർത്ഥം ഒരു മതം ഒരാൾക്കു വിശദമാക്കിക്കൊടുക്കുകയും അയാൾക്കതു് സ്വീകാര്യമെങ്കിൽ ആ മതത്തിലെ അംഗമായി സ്വീകരിക്കുകയും ചെയ്യുക എന്നതാണ്. വിവാദപ്രശ്നത്തിൽനിന്നു് ശ്രദ്ധയെ വ്യതിചലിപ്പിക്കുന്നതിനുള്ള ഒരു കൗശലം മാത്രമേ ഇതുകൊണ്ടു് സാധിക്കുന്നുള്ളൂ.

## മന്ത്രിയുടെ അനുമോദനം

മിഷനറിമാരുടെ സേവനനിയന്ത്രണങ്ങളെപ്പററി പ്രതിപാദിച്ചശേഷം ശ്രീ ദത്താർ പറഞ്ഞു: മിഷനറിമാരെ സംബന്ധിച്ചോ വിദേശമിഷനറിമാരെ സംബന്ധിച്ചോ ഇന്ത്യാഗവമ്മെണ്ടിനു യാതൊരുതെററിദ്ധാരണകളുമില്ല. ഇപ്പോൾ ഇവിടെ പ്രവർത്തനം നടത്തുന്നതായി നൂറോ നൂററഞ്ചോ മിഷനുകളുണ്ടു്. അവയെല്ലാം നല്ല പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ടു്. ഇപ്പോൾ ഈ മിഷനറിമാരിൽ വളരെ വലിയ ഒരു വിഭാഗം നല്ല പ്രവർത്തനങ്ങൾ ചെയ്തുകൊണ്ടിരിക്കുകയാണ്. അതിൽ അവർ അനുമോദനാർഹരാണ്. എന്നാൽ ഇവിടത്തെ പ്രശ്നം, അവർക്കു തോന്നിയവിധത്തിലെല്ലാം മതപരിവർത്തനം നിർവ്വഹിക്കുന്നതിനു അവർക്കവകാശമുണ്ടോ എന്നാണ്. ഇതു വാസ്തവമാണ്. നിയമാനുസൃതമായവിധത്തിൽ മാത്രമേ ആർക്കും പ്രവർത്തിക്കാവൂ.

## സി. ബി. സി. ഐ. ജനറൽ സിക്രട്ടറിയുടെ പ്രസ്താവന

ഇന്ത്യൻ കാത്തലിക്ക് ബിഷപ്സ് കോൺഫറൻസ് ജനറൽ സിക്രട്ടറി മോസ്റ്റ് റവ. ഡോക്ടർ പി. തോമസ് തിരുമനസ്സുകൊണ്ടു് മിഷനറിമാരെ സംബന്ധിച്ചു മേല്പറഞ്ഞ പാർലമെൻറ് പ്രസ്താവനകളെ പരാമർശിച്ചു ഒരു വിശദീകരണപ്രസ്താവന പുറപ്പെടുവിച്ചിരിക്കുന്നു. ഇന്ത്യയിൽ ഇന്നു പ്രവർത്തനം നടത്തുന്ന കത്തോലിക്കാമിഷനറിമാരുടെസംഖ്യയെ സംബന്ധിച്ചും മററും ബ. ആഭ്യന്തരമന്ത്രിയുടെ പ്രസ്താവനയിൽ കടന്നുകൂടിയിട്ടുള്ള പ്രമാദങ്ങൾ അദ്ദേഹം സാക്ഷിസഹിതം തെളിയിച്ചിട്ടുണ്ടു്.

ഇന്ത്യൻ സ്വാതന്ത്ര്യലബ്ധിക്കുശേഷം വിദേശമിഷനറിമാരുടെ എണ്ണത്തിൽ ഒരു വലിയ വർദ്ധനവാണ് ഇന്ത്യയിലുണ്ടായിട്ടുള്ളതു് എന്നു ഡോക്ടർ കഡജു പാർലമെൻറിൽ പ്രസ്താവിച്ചപ്പോൾ, മിഷനറിമാരുടെ പ്രവർത്തനങ്ങളെ വിമർശിച്ച മെമ്പറന്മാരിലും അവർക്കനുകൂലമായി വാദിച്ച മെമ്പറന്മാരിലും വലിയ അത്ഭുതമാണ് ദൃശ്യമായതെന്നു റിപ്പോർട്ടു ചെയ്യപ്പെട്ടിരിക്കുന്നു. 1942 മുതൽ 1947 വരെ 5 കൊല്ലത്തിനിടയിൽ പ്രൊട്ടസ്റ്റൻറു മിഷനറിമാർ 1451-ം കത്തോലിക്കർ 820-ം ആകെ 2271 ആയിരുന്നു. അടുത്ത അഞ്ചുകൊല്ലത്തെ കണക്കു പ്രൊട്ടസ്റ്റൻറു മിഷനറിമാർ 2814-ം കത്തോലിക്കർ 1869—അങ്ങനെ ആകെ ഇരട്ടിയിലധികം വരുന്ന 4683 ആണെന്നത്രെ ഡോക്ടർ കഡ്ജു പറയുന്നതു്.

എന്നാൽ മോസ്റ്റ് റവ. ഡോക്ടർ പി. തോമസ് അദ്ദേഹത്തിൻെറ പ്രസ്താവനയിൽ പറയുന്നതു് ഇന്ത്യ സ്വതന്ത്രയായതിൽപ്പിന്നെ ഇന്ത്യയിലേക്കുള്ള കത്തോലിക്കാമിഷനറിമാരുടെ വരവു ഗണ്യമായി കുറഞ്ഞു എന്നും അദ്ദേഹത്തിനു ഔദ്യോഗികമായി ലഭിച്ചിട്ടുള്ള കണക്കുകൾ പ്രകാരം 1947-ൽ 1605-ം 1952-ൽ 1738-ം കത്തോലിക്കാ വിദേശമിഷനറിമാർ മാത്രമാണ് ഇന്ത്യയിലുള്ളതെന്നുമാണ്. പ്രൊട്ടസ്റ്റൻറുവിഭാഗത്തിലും മിഷനറിമാരുടെ സംഖ്യ കുറഞ്ഞിട്ടുണ്ടെന്നാണു പറയപ്പെടുന്നതു്. ഏതായാലും ആഭ്യന്തരവകുപ്പുമന്ത്രിയുടെ പാർലമെൻറു പ്രസ്താവന കേട്ടപ്പോൾ വിവാദപ്രശ്നത്തെ അനുകൂലിച്ചവരും എതിർത്തവരും ഒരുപോലെ അത്ഭുതസ്തബ്ധരായിപ്പോയി എന്നുള്ള റിപ്പോർട്ടു വാസ്തവമായിരിക്കണം. ഇത്ര ഭീമമായ വ്യത്യാസങ്ങൾ ഉൾക്കൊള്ളുന്ന ഒരു പ്രസ്താവന കേട്ടാൽ ആരാണ് അത്ഭുതപ്പെടാതിരിക്കുക. കത്തോലിക്കാ മിഷനറിമാരെ മാത്രം സംബന്ധിച്ചു 1947 മുതൽ 1952വരെ അഞ്ചുകൊല്ലത്തെ കണക്കിലുള്ള വ്യത്യാസം ഡോക്ടർ കഡ്ജുവിൻെറ കണക്കിൽ കൂടുതലായിവന്നവർ 1049-ം കത്തോലിക്കാ ബിഷപ്സ് കോൺഫറൻസു സിക്രട്ടറിയുടെ കണക്കിൽ കൂടുതലായി വന്നവർ 133-ം ആണല്ലോ. ഈ രണ്ടു കേന്ദ്രങ്ങളിലും കൃത്യമായ കണക്കുകിട്ടാൻവിഷമമുള്ളതുമല്ല.

വിദേശമിഷനറിമാരുടെ സേവനത്തെപ്പററി ആർക്കെങ്കിലും അവജ്ഞയോ അതിൽ എതിർപ്പോ ഉണ്ടാകാവുന്നതാണ്. പക്ഷെ അവരുടെ സേവനത്തെ നാവുകൊണ്ടു പുകഴ്ത്തുകയും മനസ്സുകൊണ്ടു വെറുക്കുകയും ചെയ്യുന്നതു കാപട്യമായിരിക്കും. മതപ്രചരണത്തെ മുൻനിർത്തിയുള്ള അവരുടെ സേവനപരിപാടികളിൽ മതത്തെ മാററിനിർത്തി സേവനമനുഷ്ഠിക്കണമെന്നു പറയുന്നതു അവരോടുദാസ്യവൃത്തി ചെയ്യണമെന്നു പറയുന്നതിനു തുല്യമായിരിക്കും. മനുഷ്യജീവിതത്തിൽ പരമപ്രാധാന്യമർഹിക്കുന്ന മതത്തെ മാററിവച്ചിട്ടു്, ആദ്ധ്യാത്മികലക്ഷ്യങ്ങളെ വിസ്മരിച്ചിട്ടു് വെറും ജഡികസേവനം ചെയ്യണമെന്നാവശ്യപ്പെടുന്നതിനു മറെറന്തർത്ഥമാണുള്ളതു്? ഭാരതം അതിൻെറ മഹനീയമായ പാരമ്പര്യത്തിനനുസരിച്ചു യഥാർത്ഥമായ മതസഹിഷ്ണുതയുടെ ആദർശത്തെ മുറുകെപ്പിടിച്ചുകൊണ്ടു് മുന്നേറുന്നതിനു വ്യക്തിഗതമായ ആശയാഭിലാഷങ്ങൾ വിലങ്ങുതടിയാകാതിരിക്കാൻ ഭാരതീയരെല്ലാവരും പ്രത്യേകിച്ചു നേതൃത്വവും അധികാരവും കൈകാര്യം ചെയ്യുന്നവരും ശ്രദ്ധിക്കേണ്ടതു അവശ്യം ആവശ്യമാണ്.

—o—

# മലയാററൂർ

## പുതുഞായറാഴ്ചതിരുനാൾ

1954 ഏപ്രിൽ 22-ാംനു വ്യാഴാഴ്ച ആരംഭിച്ചു ടി മാസം 25-ാംനു ഞായറാഴ്ച അവസാനിക്കുന്നതും, എട്ടാമിടത്തിരുനാൾ മേയ്മാസം 2-ാംനു ഞായറാഴ്ചയുമാണ്. ഇക്കൊല്ലം കൂടുതൽ ആഡംബരപൂർവ്വം ടി തിരുനാളുകൾ ആഘോഷിക്കുന്നതാണ്. തീർത്ഥകരുടെ യാത്രാസൌകര്യം, താമസം, ഭക്ഷണം മുതലായതിനു് സകല എടപാടുകളും ചെയ്തിട്ടുണ്ടു്.

എന്നു് മലയാററൂർപള്ളി വികാരി

## അടുത്ത യാഴ്ചയിൽ


ഏപ്രിൽ

18 ഞാ: ഉയിപ്പുതിരുനാൾ
19 തി: എൽഫേജ്
20 ചൊ: തിയോത്തിമൂസ്
21 ബു: കാൻറർബറിയിലെ ആൻസെൽമൂസ്
22 വ്യാ: സോത്തേരും കായൂസും
23 വെ: ജോർജ്ജ്
24 ശ: ഫിദേലിസ്

## വിജ്ഞാപനം

ഈസ്റ്റർ പ്രമാണിച്ചു് ഓഫീസ് ഒഴിവാകയാൽ അടുത്തയാഴ്ചയിൽ സത്യദീപം പുറപ്പെടുന്നതല്ല.

മാനേജർ സത്യദീപം




ഉദ്ദിഷ്ടകാര്യം സാധിച്ചതിനു് ഉപകാരസ്മരണ.

സി. ജെ. പി. വി., ചിററാട്ടുകര

സത്യദീപം വരിസംഖ്യ
പ്രതിവർഷം
ഇൻഡ്യയിൽ ക. 6—8—0
ഇൻഡ്യക്കുപുറമെ " 8—12—0

# കാൽവരിയിലെ പ്രസംഗമണ്ഡപം

(ജെ. അത്രൂർ)

ദിവ്യരക്ഷകൻ പല പല പ്രസംഗമണ്ഡപങ്ങളിൽ നിന്നുകൊണ്ടു് ആവേശത്തോടുകൂടി നിത്യജീവൻെറ വാക്കുകളെ ശ്രോതാക്കളുടെ മുമ്പിൽ എറിഞ്ഞുകൊടുത്തിട്ടുണ്ടു്. ഒരിക്കൽ കടലിൽ കിടന്ന പത്രോസിൻെറ പടവിനേയും മറെറാരിക്കൽ ജനനിബിഡമായ ജെറിക്കോയുടെ തെരുവുകളേയും വേറൊരിക്കൽ യാക്കോബിൻെറ കിണററിങ്കരയേയും താൻ തൻെറ പ്രസംഗമണ്ഡപങ്ങളായി ഉപയോഗിച്ചു. അവസാനത്തെ തൻെറ വേർപാടിൻെറ വാക്കുകൾ ലോകത്തെ അറിയിക്കുവാൻ താൻ ഏതു പ്രസംഗപീഠമാണുപയോഗിച്ചതു്?

ദുഃഖവെള്ളിയാഴ്ച രാവിലെ താൻ പീലാത്തോസിൻെറ മുമ്പിൽ നില്ക്കുമ്പോൾ അവിടെ കൂടിയിരുന്ന ജനങ്ങളോടു്, നിത്യജീവൻെറ അപ്പത്തിനുവേണ്ടി കാത്തുനിന്ന ആയിരങ്ങളോടു് തനിക്കു തൻെറ അന്ത്യവാക്കുകൾ അറിയിക്കാമായിരുന്നു. പക്ഷേ, താൻ അതു ചെയ്തില്ല. അദ്ദേഹം തൻെറ പ്രസംഗപീഠത്തിനുവേണ്ടി കാത്തുനിന്നു. സമയത്തിൻെറ പൂർണ്ണതയിൽ ആ ജീവിക്കുന്ന പ്രസംഗമണ്ഡപം, സ്ഥലകാലങ്ങളെ അതിജീവിക്കുന്ന പ്രസംഗവേദി, തൻെറ തോളിലേക്കുമന്നു. അതും ചുമന്നുകൊണ്ടു് കാൽവരിയിലേക്കു കയറുവാൻ താൻ നിർബന്ധിതനായി. എന്തിനു വേണ്ടി? ജോലിചെയ്തു തഴമ്പിച്ച ആ തൊഴിലാളിയുടെ കൈകളിൽ, ലോകത്തിലേക്കു് ഒഴുകിവരുന്ന അനുഗ്രഹങ്ങളുടെ നീരുവായ കൈകളിൽ, നന്മചെയ്തു കടന്നുപോയ കാലുകളിൽ ദുഷ്ടന്മാർക്കു് ഇരുമ്പാണികൾ അടിച്ചുകയററുവാൻ. ചുററികകൊണ്ടുള്ള ആദ്യത്തെ അടി! അതു് നിശ്ശബ്ദതയെ ഭേദിച്ചു. അടികൾക്കു മേൽ അടികൾ! ആ അടികൾ പട്ടണം വളഞ്ഞുനിന്ന വൻകോട്ടകളിൽ പ്രതിധ്വനിച്ചു. ആ പ്രതിധ്വനി മറിയത്തിൻേറയും ജോണിൻേറയും കണ്ണുകളിൽ ഇരമ്പിയടിച്ചു.

കുരിശിതാ ഭൂമിയിൽനിന്നുയന്നു. അതു് വായുമണ്ഡലത്തിൽ ഉലഞ്ഞു. ആ ഉലച്ചിൽ നരകത്തെപ്പോലും വിറപ്പിക്കുവാൻ പോരുന്നതായിരുന്നു. അങ്ങനെ ആ ജീവിക്കുന്ന പ്രസംഗമണ്ഡപം ആഴമേറിയ കുഴിയിലേക്കു് താണിറങ്ങുകയാണു്. ഇതാ, പ്രസംഗകൻ തൻെറ അന്ത്യസന്ദേശവുമായി പ്രസംഗമണ്ഡപത്തിൽ പ്രത്യക്ഷപ്പെട്ടിരിക്കുന്നു. എന്തൊരു രാജകീയമായ പ്രസംഗമണ്ഡപമാണു് രാജാക്കളുടെ രാജനു ലഭിച്ചതു്! എന്തിനധികം, ആ കുരിശുതന്നെ ഒരു നീണ്ടപ്രസംഗത്തിൻെറ സംഗ്രഹമാണു്. എന്നാൽ ഈ സംഗ്രഹത്തോടു് നിത്യജീവൻെറ വാക്കുകൾകൂടി ചേന്നപ്പോഴോ? എന്തൊരു ഉജ്ജ്വലതയാണു് ആ പ്രസംഗത്തിനുള്ളതു്!

എല്ലാ പ്രസംഗകരേയുംപോലെ ദിവ്യനാഥൻ തൻെറ ശ്രോതാക്കളെ നോക്കിക്കണ്ടു. അല്പം അകലെ ജോസഫാത്തിൻെറ താഴ്‌വര താൻ ദശിച്ചു. ജനക്കൂട്ടത്തിൽ നിന്നൊഴിഞ്ഞുമാറി ഓടിയൊളിക്കുവാൻ തയ്യാറെടുക്കുന്ന ശിഷ്യരെ താൻ കണ്ടു. ഗ്രീക്കുകാരും റോമാക്കാരും ജെറുസലത്തെ പ്രീശരും തൻെറ കണ്ണുകളിൽപ്പെട്ടു. അവിടെ തൻെറ ദിവ്യത്വത്തെ ചോദ്യം ചെയ്യുന്ന പുരോഹിതന്മാരുണ്ടായിരുന്നു; അവിടെ തന്നെ അപഹസിക്കുന്നവരുണ്ടായിരുന്നു; മതാന്ധന്മാരുണ്ടായിരുന്നു; അന്യരെ രക്ഷിച്ചവനു് ഇപ്പോൾ എന്തുകൊണ്ടു് സ്വയം രക്ഷിച്ചുകൂടായെന്നു വെല്ലുവിളിക്കുന്നവരുണ്ടായിരുന്നു; അവിടെ ദൈവപുത്രൻെറ തിരുവസ്ത്രം വലിച്ചുകീറുന്നതിനു കാത്തുനിന്ന റോമൻ ഭടന്മാരുണ്ടായിരുന്നു; അവിടെ സ്നേഹത്താൽ പാപപ്പൊറുതി ലഭിച്ച മഗ്ദലനാമറിയവും സ്നേഹനിർഭരമായ ഹൃദയത്തോടുകൂടി നിന്നിരുന്ന ജോണും ദുഃഖിതയായ മാതാവും—മറിയവും മഗ്ദലനാമറിയവും ജോണും, നിർമ്മലതയുടേയും പശ്ചാത്താപത്തിൻേറയും പൗരോഹിത്യത്തിൻേറയും മാതൃകകൾ, കുരിശിൻെറ കീഴിൽ എന്നെന്നും അണിനിരന്നു മുന്നേറുന്ന ആത്മാക്കൾ— ഉണ്ടായിരുന്നു. അവരെയെല്ലാം ദിവ്യരക്ഷകൻ നോക്കിക്കണ്ടു.

എല്ലാം നിശ്ശബ്ദതയിലേക്കു വഴുതിനീങ്ങി. നിയമജ്ഞന്മാരുടേയും പ്രീശരുടേയും പരിഹാസപ്രകടനങ്ങൾ നിലച്ചു. റോമൻപടയാളികൾ തങ്ങളുടെ ആയുധങ്ങൾ നിലത്തുവച്ചു. ആകാശം ഇരുണ്ടു. ആളുകൾ ഭയപ്പെട്ടു. ജനതതി ആകമാനം ദൈവപുത്രൻെറ അന്ത്യവാക്കുകൾ കേൾക്കുവാൻ കുരിശിൻെറ മുമ്പിൽ, ആ പ്രസംഗപീഠത്തിൻെറ മുമ്പിൽ നിശ്ശബ്ദരായി, നിന്നിമേഷരായി നിലകൊണ്ടു.

ദൈവപുത്രൻ തൻെറ പ്രസംഗം ആരംഭിച്ചു. മനുഷ്യർ മരിക്കുമ്പോൾ സാധാരണ ചെയ്യുന്നതുപോലെ ക്രിസ്തു അധികം ആരെ സ്നേഹിച്ചിരുന്നുവോ, അവരെപ്പററി അദ്ദേഹം ചിന്തിച്ചു. തൻെറ ആദ്യത്തെ വാക്കുകൾ തൻെറ ശത്രുക്കളെ സംബന്ധിച്ചായിരുന്നു. അദ്ദേഹം പറയുകയാണു്: "പിതാവെ, ഇവരോടു ക്ഷമിക്കണമെ; എന്തെന്നാൽ ഇവർ ചെയ്യുന്നതെന്തെന്നു് ഇവർ അറിയുന്നില്ല." അടുത്തതു് പാപികളോടായിരുന്നു. തൻെറ വലത്തു ഭാഗത്തു കിടന്ന കള്ളനോടു പറയുന്നു: "ഈ ദിവസം നീ എൻെറ കൂടെ പറുദീസായിലായിരിക്കു"മെന്നു്. അങ്ങനെ കവർച്ചക്കാരൻ പറുദീസായും കവന്നെടുത്തു മരിച്ചു. അടുത്തതു് പുണ്യാത്മാക്കളോടായിരുന്നു. അതു് പുതിയൊരു പ്രഖ്യാപനമായിരുന്നു "സ്ത്രീയെ, കണ്ടാലും, ഇതാ നിൻെറ പുത്രൻ."

പ്രസംഗം അവിടംകൊണ്ടവസാനിച്ചില്ല. പിന്നീടുള്ള തൻെറ വാക്കുകൾ ദൈവത്തിനു് മനുഷ്യരോടുള്ള സ്നേഹത്തിൻെറ ബഹിർഗമനമായിരുന്നു അവിടുന്നു പറയുന്നു "എനിക്കു ദാഹിക്കുന്നു" എന്നു്.

"എനിക്കു ദാഹിക്കുന്നു." ദിവ്യനാഥൻ യാചിക്കുന്നു. ഭൂമിയെ കൈയിലെടുത്തമ്മാനമാടുവാൻ കരുത്തുള്ളവൻ, സകല ഗോളങ്ങളേയും വിരൽത്തുമ്പത്തു നിറുത്തുവാൻ ശക്തിയുള്ളവൻ കേവലം മനുഷ്യനോടു് സഹായം അഭ്യർത്ഥിക്കുന്നു! "എനിക്കു ദാഹിക്കുന്നു." ഭൂമിയിൽ നിന്നൂറിവരുന്ന വെള്ളമല്ല താൻ ചോദിക്കുന്നതു്, പക്ഷേ, സ്നേഹത്തിൻെറ ദ്രാവകമാണു് താൻ ആവശ്യപ്പെടുന്നതു്. അതെ, "ഞാൻ സ്നേഹത്തിനുവേണ്ടി ദാഹിക്കുന്നു." സ്നേഹം! സ്നേഹമെന്ന പദംപോലെ വ്യഭിചരിക്കപ്പെടുന്ന ഒരു പദം ഇന്നു് യാതൊരു ഭാഷയിലും കാണുകയില്ല. സ്നേഹമെന്ന പദം കൊണ്ടു് ലോകം വിവക്ഷിക്കുന്നതു് സ്വന്തമാക്കുക എന്നാണു്. എന്നാൽ അതു യഥാർത്ഥ സ്നേഹമല്ല. പ്രത്യുത അതൊരു പാപം കൂടിയാണു്. സ്നേഹം സ്വന്തമാക്കുകയെന്നല്ല, നേരെ മറിച്ചു് സ്വന്തമാക്കപ്പെടുകയെന്നതാണു്. അതായതു് അവനവനെത്തന്നെ അന്യനുവേണ്ടി സമർപ്പിക്കുക. ലോകം സ്നേഹത്തെ വെറുമൊരു വൃത്തത്തിൽ ഒതുക്കി നിറുത്തുവാൻ വെമ്പൽകൊള്ളുന്നു എന്നാൽ ദിവ്യരക്ഷകൻ അനന്തതയിലുംകൂടി മനുഷ്യരാശിയെ ആലിംഗനം ചെയ്യുവാൻ വിരിച്ചിരിക്കുന്ന ആ കൈകളെ താങ്ങിനില്ക്കുന്ന കുരിശിനെ സ്നേഹമായി ചിത്രീകരിക്കുന്നു. നമുക്കൊരു ശരീരമുള്ളിടത്തോളംകാലം സ്നേഹം ഒരു സമർപ്പണമാണു്; ഒരു ബലിയാണു്.

(10-ാംപേജ് തുടർച്ച)

ത്തെ. പ്രാത്ഥന അവനവൻെറ ഹൃദയത്തിൽനിന്നും വരണം"

"കാണാപാഠം അറിഞ്ഞുകൂടല്ലോ." മറിയാമ്മ വിഷമം കണ്ടു.

"വേണമെങ്കി ഞാമ്പടിപ്പിക്കാം." ബേബി അഭിമാനപൂർവ്വം സഹായത്തിനൊരുങ്ങി.

"നോക്കിവായിച്ചാ എളുപ്പം പഠിക്കും. നീ പോയി ആ വേദോപദേശം ഒന്നു കൊണ്ടുവന്നേ."

"നോക്കി വായിച്ചല്ലല്ലോ ഞാമ്പടിച്ചതു്." ബേബിക്കു് പരിഭവമായി.

"പിന്നെ എങ്ങന്യാ?" മറിയാമ്മ തിരക്കി.

"അപ്പച്ചൻ ദിവസോം കാലത്തു ചൊല്ലിത്തരും. അങ്ങന്യാ ഞാമ്പടിച്ചെ."

"ദിവസവും ചൊല്ലിക്കൊടുത്തു പഠിപ്പിക്കാൻ വിഷമമല്ലെ ബേബി. മിടുക്കൻ പോയി പുസ്തകം കൊണ്ടുവാ." സെലിൻെറ നിർബന്ധപൂർവ്വമായ അപേക്ഷ തള്ളിക്കളയാൻ ബേബിക്കു് സാദ്ധ്യമല്ലതന്നെ.

"എന്നാ, പ്പം കൊണ്ടരാം. ആദ്യം ഞാൻ വായിച്ചുകേൾപ്പിക്കും." ണി, ണി, ണി—സൈക്കിൾ അവൻ വീട്ടിലേക്കു് സോത്സാഹം തിരിച്ചുവിട്ടു.

## കാത്തലിക്ക് യൂണിവേഴ്സിററി ഫെഡറേഷൻ

അഖിലേന്ത്യാ കാത്തലിക്ക് യൂണിവേഴ്സിററി ഫെഡറേഷൻെറ ദക്ഷിണേന്ത്യയിലെ കോൺഫറൻസ് ഏപ്രിൽ 30 മുതൽ മേയ് 2വരെ തീയതികളിൽ എറണാകുളം സെൻറു് ആൽബെർട്ട്സ് കോളെജിൽവച്ചു് നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു. ഇതൊരു പ്രാദേശികകോൺഫറൻസാണെങ്കിലും ബോംബെ, കൽക്കട്ട എന്നിവിടങ്ങളിൽനിന്നുമുള്ള പ്രതിനിധികൾ ഇതിൽ സംബന്ധിക്കുന്നതാണെന്നറിയുന്നു. അലഹബാദ് മെത്രാൻറൈററു് റവ. എൽ. റെയ്മണ്ടു് തിരുമേനി, റവ. ഫാ. ടി. എൻ. സെക്വീറാ എസ്സ്. ജെ; റവ. ഫാ. ഡിമോൾഡർ എസ്സ്. ജെ; പ്രൊഫ. ജോസഫ് പെട്ട, മിസ്സ് പി. സീതാമ്മാൾ തുടങ്ങിയവർ കോൺഫറൻസിൽ പ്രസംഗിക്കുന്നതായിരിക്കും. വരാപ്പുഴ മെത്രാപ്പോലീത്താ ഡോക്ടർ അട്ടിപ്പേററി തിരുമനസ്സുകൊണ്ടു് കോൺഫറൻസ് ഉൽഘാടനം ചെയ്യുന്നതാണു്. അവസാനദിവസത്തെ സമ്മേളനത്തിൽ പേപ്പൽ ഇൻറർനൺഷ്യോ ഡോക്ടർ മാർട്ടിൻ ലൂക്കാസ് തിരുമേനി ആദ്ധ്യക്ഷം വഹിക്കുമെന്നു പ്രതീക്ഷിക്കപ്പെടുന്നു.

വായനശാലകൾക്കും, സമ്മാനദാനത്തിനും പററിയ മികച്ച പുസ്തകങ്ങളും, പടങ്ങൾ, കുരിശു-കാശുരൂപങ്ങൾ, പള്ളികൾക്കാവശ്യമുള്ള മെഴുകുതിരി, ലോഹസാമാനങ്ങൾ, കൊന്തരൂപങ്ങൾ മുതലായവയും മിതമായ വിലക്കു കിട്ടുന്നതാണു്.

മൂക്കന്നൂർ S. H. ഓർഫനേജ് ഡിപ്പോ
എറണാകുളം 1.

# ഇൻഡ്യാ വാർത്തകൾ

## മദ്രാസ് മുഖ്യമന്ത്രി

മദ്രാസ് മുഖ്യമന്ത്രിയായിരുന്ന ശ്രീ രാജഗോപാലാചാരി തൻെറ നേതൃത്വത്തിലുള്ള മന്ത്രിസഭയുടെ രാജി ഏപ്രിൽ 8-ാംനു ഗവർണ്ണർ ശ്രീ പ്രകാശയുടെ മുമ്പാകെ സമർപ്പിക്കുകയുണ്ടായി. പുതിയ കോൺ. പാർലമെൻററി പാർട്ടി ലീഡർ ശ്രീ കാമരാജനാടാരാണു് അടുത്തതായി മുഖ്യമന്ത്രിപദം ഏറെറടുക്കുവാൻ തീരുമാനിച്ചിരിക്കുന്നതു് അദ്ദേഹം തൻെറ സഹമന്ത്രിമാരായി താഴെ പറയുന്നവരെ നിർദ്ദേശിച്ചിരിക്കുന്നു: മെ. എ ബി. ഷെട്ടി, ഭക്തവത്സലം, ആർ. ബി. സുബ്രഹ്മണ്യം, ബി. പരമേശ്വരൻ (മദ്രാസ് മേയർ)

## ഹൈഡ്രജൻ ബോംബിനെപ്പററി നെഹ്റു

ഈയിടെ അമേരിക്കർ ശാന്തസമുദ്രമദ്ധ്യത്തിൽവച്ചു നടത്തിയ ഹൈഡ്രജൻ ബോംബുപരീക്ഷണത്തിൻെറ ഫലമായി സംഭവസ്ഥലത്തുനിന്നും 800 മൈൽ അകലെ സഞ്ചരിച്ചിരുന്ന ഒരു ജാപ്പ് മീൻപിടുത്തക്കപ്പലിലെ തൊഴിലാളികൾക്കു് പൊള്ളൽ സംഭവിക്കുകയും അവർ പിടിച്ച അനേകായിരം രൂപാ വിലവരുന്ന മത്സ്യങ്ങൾ വിഷാംശം കലന്നു് ഉപയോഗശൂന്യമായിത്തീരുകയുമുണ്ടായല്ലോ. പരീക്ഷകർക്കു പോലും പ്രതീക്ഷിക്കാൻ സാധിക്കാത്ത അപകടങ്ങൾ വരുത്തിക്കൂട്ടുന്ന ഇത്തരം പരീക്ഷണങ്ങൾ മേലിൽ ആവർത്തിക്കാൻ പാടുള്ളതല്ലെന്നു് ഇൻഡ്യൻ പ്രധാനമന്ത്രി നെഹ്റു ഉൾപ്പെടെ ലോകത്തിലെ പല രാഷ്ട്രീയനേതാക്കന്മാരും നിർദ്ദേശിച്ചിരിക്കുന്നു. ഇതുസംബന്ധിച്ചു് ശ്രീ നെഹ്റു പാർലമെൻററിൽ ചെയ്ത ഒരു പ്രസ്താവനയിൽ ഈദൃശ മാരകായുധങ്ങളുടെ കാര്യത്തിൽ ഉടനടി ഒരു നിശ്ചലകരാർ ഉണ്ടാക്കേണ്ടതാണെന്നും ഇതിലേക്കു് ഐക്യരാഷ്ട്ര നിരായുധീകരണക്കമ്മീഷനും എല്ലാ ലോകരാഷ്ട്രങ്ങളും മുൻകൈയെടുത്തു പ്രവർത്തിക്കണമെന്നും അഭ്യർത്ഥിച്ചിരിക്കുന്നു. നെഹ്റുവിൻെറ അഭ്യർത്ഥന നിരായുധീകരണക്കമ്മീഷൻെറ പര്യാലോചനക്കു വിഷയമായിരിക്കുന്നതായി ഒടുവിൽ കിട്ടിയ റിപ്പോർട്ടുകൾ വെളിപ്പെടുത്തുന്നുണ്ടു്.

## ഫ്റഞ്ചിൻഡ്യയിൽ

ഫ്റഞ്ചിന്ത്യൻ പ്രദേശങ്ങൾ ഇൻഡ്യാ യൂണിയനിൽ ലയിപ്പിക്കുന്നതിലേക്കു് അവിടങ്ങളിൽ ആരംഭിച്ചിരിക്കുന്ന പ്രക്ഷോഭണങ്ങൾ ഫ്റഞ്ചുഗവമ്മെൻറിൻെറ എതിർപ്പുകൾക്കൊന്നും വഴങ്ങാതെ ദിനംപ്രതി ശക്തിപ്രാപിച്ചുകൊണ്ടുതന്നെയിരിക്കുന്നു. നെട്ടപ്പാക്കു്, ബാഹ്ഹൂർ എന്ന രണ്ടു കമ്മ്യൂണുകളിലായി 49 ഗ്രാമങ്ങളും തിരുവൻ കമ്മ്യൂണിലെ 42 ഗ്രാമങ്ങളും ലയനവാദികൾ ഇതിനകം കൈവശപ്പെടുത്തുകയും അവിടങ്ങളിൽ സ്വാതന്ത്ര്യം പ്രഖ്യാപിക്കുകയും ചെയ്തിരിക്കുന്നു.

# വിനോദവീഥി



മകൾ:- ഇപ്പോൾതന്നെ അങ്ങേരോടുകൂടി വീട്ടിൽ പോകണമെന്നു പറഞ്ഞു നിർബന്ധാ-ഞാനൊരു മാസം കഴിഞ്ഞേ ഉള്ളു.

അമ്മ:- മകളേ, നീയങ്ങനെ നിർബന്ധം പറയരുതു്. ഭർത്താവു പോകണമെന്നാവശ്യപ്പെട്ടാൽ അതിനു മടി പറയുന്നതു ശരിയാണോ?

* * *

സ്നേഹിതൻ:- "മി. ജോൺ, ഞാൻ നിങ്ങളോടുകൂടി ഊണിനുവരുമെന്നുള്ള കാര്യം നിങ്ങളുടെ ഭാര്യക്കറിയാമോ?"

ജോൺ:- "ഓ, റെഡി. അതെപ്പററി രാവിലെ അരമണിക്കൂർനേരത്തെ വാദപ്രതിവാദം കഴിഞ്ഞല്ലേ ഞാൻ പോന്നതു്."

സ്നേഹിതൻ:- "കൊള്ളാം, എന്നാൽ എനിക്കിന്നു തീരെ സുഖം തോന്നുന്നില്ല."

* * *

തീവണ്ടിയിൽ യാത്രചെയ്തിരുന്ന രണ്ടു സ്ത്രീകളിൽ ഒരുത്തി രാവിലെ ഉണന്നു കൂട്ടുകാരിയോടു ചോദിച്ചു: "വിശ്രമം സുഖമായിരുന്നുവോ?"

കൂട്ടുകാരി:- "നിങ്ങൾ നീണ്ടുനിവന്നു കിടന്നിരുന്നതുകൊണ്ടു ഞാൻ ഇരുന്നുതന്നെ നന്നായി വിശ്രമിച്ചു."

—o—

## ടെക്നികളർ ഫിലിംപ്രദർശനം

ഏപ്രിൽ 18-ാംതീയതി മുതൽ 30-ാംതീയതിവരെ എറണാകുളം, തേവര, വടക്കൻ പറവൂർ, കൊരട്ടി, അങ്കമാലി, കാഞ്ഞൂർ, മലയാറ്റൂർ, ആലുവാ, മൂവാററുപുഴ, തൊടുപുഴ, വാഴക്കുളം, തൃപ്പൂണിത്തുറ, മട്ടം എന്നീ സ്ഥലങ്ങളിൽ ആജ്മീർ മിഷ്യനിലെ ഒരു ബ. വൈദികൻെറ മേൽനോട്ടത്തിൽ—(1) എറണാകുളത്തു നടന്ന വിശുദ്ധ അപ്പസ്തോലന്മാരുടെ ശതവത്സരാഘോഷങ്ങളുടേയും, ഗോവയിൽനടന്ന വി. ശൗര്യാരുടെ ശതവത്സരാഘോഷങ്ങളുടേയും, സിസ്റ്റർ അൽഫോൻസായുടെ ജീവചരിത്രത്തിൻേറയും രംഗങ്ങൾ (2) ആജ്മീർമിഷ്യൻപ്രവർത്തനങ്ങളെ ചിത്രീകരിക്കുന്ന "Triumph of Christ" രംഗങ്ങൾ (3) വിനോദരംഗങ്ങൾ എന്നിങ്ങനെ മൂന്നു പടങ്ങളാണു് പ്രദർശിപ്പിക്കപ്പെടുന്നതു്.

# കുരിശും കമ്മ്യൂണിസവും

(ഫാദർ തോമ്മസ് മണക്കാട്)

പൊരുത്തമില്ലാത്ത ഒരു അഭിധാനമാണിതു്. കുരിശെന്നു കേൾക്കുമ്പോൾ അരിശമാണു് കമ്മ്യൂണിസ്റ്റുകാർക്കു്. അതിനെ വലിച്ചെറിയുവാൻ, ആ നാമമേ ലോകത്തിൽനിന്നും നീക്കംചെയ്യുവാൻ അവർ അശ്രാന്തം പരിശ്രമിച്ചുകൊണ്ടിരിക്കയാണു്. അതിനാൽ ആ വിദ്വേഷത്തിനു് കാരണമെന്തെന്നു് നമുക്കു് അല്പമൊന്നു ചിന്തിക്കാം.

കുരിശു് എന്ന വാക്കുതന്നെ കേൾവിക്കു് അസുഖകരമാണു് സുഖലോലുപർക്കു്—ഭൗതികമാനസർക്കു്. കാരണം മനുഷ്യവർഗ്ഗത്തിൻെറ ഒരു വധയന്ത്രമായിട്ടാണു് അതു് രംഗപ്രവേശംചെയ്തതു്. ഏററം ഹീനവും ഭീജനകവും കൊടിയ കുററവാളികൾക്കു മാത്രം നൽകപ്പെട്ടിരുന്നതുമായ ഒരു വധയന്ത്രമാണതു്. അതിനെ കമ്മ്യൂണിസവുമായി ഘടിപ്പിച്ചു് ഒരു ലേഖനമെഴുതുന്നതുപോലും കമ്മ്യൂണിസ്റ്റുകാർക്കു് അസുഖകരമായിരിക്കും. കാര്യം ഇങ്ങനെയാണെങ്കിലും അതിൻെറ യാഥാർത്ഥ്യം കൂടുതൽ വിശദമാക്കുന്നതു് പൊതുവിൽ ഉപകാരപ്രദമായിരിക്കുമെന്നു വിചാരിക്കുന്നു.

ഒരുകാലത്തു് കുരിശു് എത്രകണ്ടു അധഃപതിച്ചോ അത്രകണ്ടു് ഉദ്പാദിച്ചു അതിൻെറ കീർത്തി അനന്തരകാലത്തു്. അതെ ക്രിസ്തുനാഥൻ, സാക്ഷാൽ ലോകത്തിൻെറ ഉദ്ധാരകൻ അതിനെ ആശ്ലേഷിക്കയും അതിന്മേൽ ജീവത്യാഗം ചെയ്കയും ചെയ്തതോടുകൂടി കുരിശു് അഥവാ "കഴുമരം" അതിൻെറ മഹോന്നതസ്ഥാനത്തിൽ എത്തിച്ചേർന്നു. ഇന്നു് ലോകത്തിൻെറ ഒരു മഹനീയ ആദർശമായി അതു് വിജയംകൊള്ളുന്നു.

കുരിശു്— കഷ്ടപ്പാടുകളുടെയും കഠിനവ്യഥകളുടെയും ഒരു പര്യായമായി ഇപ്പോൾ തീർന്നിരിക്കയാണു്. അതുകൊണ്ടാണു് ലോകത്തിനു് ഇന്നു് അതിനോടു എന്തെന്നില്ലാത്ത ഒരു വെറുപ്പു്. എന്നാൽ അതു് ആദ്ധ്യാത്മികവിജയത്തിനും ശവകുടീരത്തിനപ്പുറമുള്ള ജീവിതത്തിനും ഏററം പ്രയോജകീഭവിക്കുമെന്നുള്ള യാഥാർത്ഥ്യം ലോകം വിസ്മരിക്കുന്നു. സ്രഷ്ടാവായ ദൈവത്തെ സ്മരിക്കുന്നതിനും ജീവിതവ്യഥകളെ ക്ഷമാപൂർവ്വം സഹിക്കുന്നതിനും ഒടുവിൽ നിത്യസൗഭാഗ്യം ലഭിക്കുന്നതിനും അതു് ഉപകരിക്കുമെന്നുള്ള വസ്തുത ലോകം അവഗണിക്കുന്നു. സുഖത്തിൻെറ ശീതളാന്തരീക്ഷത്തിൽ ലോകജീവിതം നയിക്കുവാൻ അതൊരു പ്രത്യാഘാതമായി നിലകൊള്ളുന്നു എന്നാണു് ലോകത്തിൻെറ വിവക്ഷ. ശാരീരികമായും മാനസികമായും നിരവധി ശോകയലകൾ —കുരിശുകൾ — ജീവിതനൗകയെ അമ്മാനമാട്ടുന്നുണ്ടെന്നുള്ളതു് വാസ്തവംതന്നെ. ഒടുങ്ങാത്ത അസമാധാനത്തിൻെറയും തീരാത്ത നിരാശകളുടെയും നീറുന്ന നിലവിളികൾ ജനപദത്തിൽനിന്നും നിരന്തരം ഉയരുകയും ആശ്വാസം ലഭിക്കാതെ, ആശയുടെ കിരണങ്ങൾ കാണാതെ, അനേകർ അകംനീറി വലയുകയും ചെയ്യുന്നുണ്ടെന്നുള്ളതു് അവിസ്മരണീയമാണു്. അതിനെല്ലാം ഒരു പരിഹാരമുണ്ടാക്കാനുള്ള ഭാവത്തിലാണു് കമ്മ്യൂണിസ്റ്റുകാരുടെ രംഗപ്രവേശം. അതിനു് അവർ കണ്ടുപിടിച്ചിരിക്കുന്ന മാർഗ്ഗം അതിവിചിത്രംതന്നെ. ലോകജീവിതം സുഭഗമാക്കുവാൻ, കുരിശുകൾ മൺമറയുവാൻ മതത്തെ നാടുകടത്തി, പുരോഹിതന്മാരെ വധിച്ചു്, പണവും വസ്തുക്കളും ഒരുപോലെ ഭാഗിച്ചു് സമത്വവും സ്വാതന്ത്ര്യവും സമ്പാദിച്ചാൽ മതിയെന്നാണു്. മാത്രമല്ല, കുരിശുകൾ അഥവാ കഷ്ടപ്പാടുകൾ മനുഷ്യൻ ഉണ്ടാക്കുന്നതാണെന്നും ജീവിതശക്തി നിയന്ത്രണവും മതോപദേശങ്ങളും സാമ്പാർഗ്ഗികാദർശങ്ങളുമാണു് അവയുടെ കാരണങ്ങളെന്നും അവർ ഉൽഘോഷിക്കുന്നു. മനുഷ്യനു് ലോകജീവിതത്തിനപ്പുറം ഒരു ജീവിതമുണ്ടെന്നുള്ള യാഥാർത്ഥ്യംതന്നെ അവർ പ്രതിഷേധിക്കുന്നു. ലോകക്ലേശങ്ങളും മരണാനന്തരജീവിതവും തമ്മിൽ ഒരു ബന്ധമുണ്ടെന്നുള്ള വസ്തുതപോലും അവർ നിഷേധിക്കുന്നു. അതെ, ദൈവാസ്തിക്യത്തേയും, മനുഷ്യാത്മാവിൻെറ അനന്തജീവിതത്തേയും ദൈവപരിപാലനയേയും അവർ മുക്തകണ്ഠം എതിർക്കുന്നു. തന്മൂലം കുരിശിനേയും അതേപ്പററി പ്രസംഗിക്കുന്നവരേയും അവർ കൊന്നൊടുക്കുവാൻ ആജ്ഞാപിക്കുന്നു.



കുരിശും വഹിച്ചുകൊണ്ടു ഗാഗുൽത്തായിലേക്കു്

അതുകൊണ്ടത്രെ ക്രിസ്തുവിനേയും ക്രിസ്ത്യാനികളേയും കമ്മ്യൂണിസ്റ്റുകാർ വിദ്വേഷത്തോടെ വീക്ഷിക്കുന്നതു്. പക്ഷെ, കുരിശിനെ വലിച്ചെറിയുവാനുള്ള അവരുടെ നിരന്തരപരിശ്രമഫലങ്ങൾ അവക്കെതിരാണെന്നുള്ള വാസ്തവം ആരറിയുന്നു! കമ്മ്യൂണിസ്റ്റുഭരണം നടന്നുകൊണ്ടിരിക്കുന്ന റഷ്യയിലെ അനുഭവംതന്നെ അതിനു് സാക്ഷിയാണു്. കുറെമുമ്പു് റഷ്യ സന്ദർശിച്ച പണ്ഡിതനായ മിസ്റ്റർ വില്ല്യംറിൻെറ വാക്കുകൾതന്നെ ഇവിടെ ഉദ്ധരിക്കുന്നു: "വീടുകളുടെ വരാന്തകളിലും കടകളുടെ തിണ്ണകളിലും മററു പാഴിടങ്ങളിലും കുഞ്ഞുങ്ങൾ കൂട്ടംകൂട്ടമായിക്കിടന്നു രാത്രി കഴിച്ചുകൂട്ടുന്നു. ചിലർ കീറിപ്പറിഞ്ഞ പഴന്തുണിക്കഷണംകൊണ്ടു് നഗ്നത മറച്ചിരിക്കുന്നു. ഒട്ടധികംപേരും പൂർണ്ണനഗ്നരാണു്." കൂടാതെ, റഷ്യയെ സംബന്ധിച്ചു് സൂക്ഷ്മപഠനം നടത്തിയ കോൺറ്രഡ് ബദറസ്റ്റർ എന്ന മഹാൻ 1924-ൽ പ്രസിദ്ധീകരിച്ച ഗ്രന്ഥത്തിൽ സോവിയററു ശിശുക്കളുടെ ദയനീയസ്ഥിതിയെപ്പററി ഇങ്ങനെ വർണ്ണിക്കുന്നു: "പരിത്യക്ത സന്താനങ്ങൾ ക്കായുള്ള "ക്രിചിംകൊ" അനാഥമന്ദിരം ഞാൻ സന്ദർശിച്ചു. പതിന്നാലുവയസ്സിനു താഴെയുള്ള ഈ കുഞ്ഞുങ്ങളിൽ അൻപതു ശതമാനവും പകർച്ചരോഗബാധിതരാണു്. പുകവലിയും ചീട്ടുപാച്ചിലും അടിപിടിയും അവരുടെ കൂടപ്പിറപ്പാണു്. അധികൃതരുടെ നേർക്കു് അനുസരണയോ ബഹുമാനമോ അവക്കില്ല. വൃത്തിഹീനതയുടെ മൂർത്തീകരണമാണവർ. മലിനതനിറഞ്ഞ മുറിയിൽ കുളിക്കാതെ അവർ അനേകമാസങ്ങൾ കഴിച്ചുകൂട്ടുന്നു. അവർ മദ്യപാനികളും, അസന്മാർഗ്ഗികളുമാണു്." ഉദാഹരണങ്ങൾ ഇനിയും അനേകം ഉദ്ധരിക്കാവുന്നതാണു്. എങ്കിലും ലേഖനദൈർഘ്യം ഭയന്നു് അതിനിപ്പോൾ മുതിരുന്നില്ല. എന്തിനധികം, കഷ്ടപ്പാടുകളുടെ ദുരന്തരോദനങ്ങൾ ദിനരാത്രികളെ ഭേദിച്ചു് നിരന്തരം അവിടെനിന്നും ഉയർന്നുകൊണ്ടാണിരിക്കുന്നതു്. സ്വേച്ഛാധികാരത്തിൻെറയും അസ്വാതന്ത്ര്യത്തിൻെറയും കനത്ത ശൃംഖലകളാൽ ഭരണീയരുടെ കാൽകരങ്ങൾ ബന്ധിച്ചിട്ടുകൊണ്ടാണു് കമ്മ്യൂണിസ്റ്റുകാർ അവിടെ ഭരണം നടത്തുന്നതു്. എന്നിരുന്നാലും മധുരോക്തികൾകൊണ്ടു് ഇനിയും ലോകത്തെ പ്രീണിപ്പിക്കുവാൻ അവർ ഉദ്യമിച്ചുകൊണ്ടിരിക്കുന്നു.

എന്നാൽ കഷ്ടപ്പാടുകളെ ആശ്വാസമാർഗ്ഗമായും അനന്തസൗഭാഗ്യത്തിനു് ഹേതുഭൂതമായും പ്രസംഗിക്കയും ലോകത്തെ രക്ഷിക്കുവാൻ മാർഗ്ഗദർശനം ചെയ്യുകയും ചെയ്ത ലോകോദ്ധാരകനായ ക്രിസ്തുവാകട്ടെ കുരിശിനെ, കഷ്ടപ്പാടുകളെ, വാനോളം പുകഴ്ത്തുകയും അതു കൂടാതെ മനുഷ്യവർഗ്ഗത്തിനു് സമാധാനം സാദ്ധ്യമല്ലെന്നു് ഉച്ചൈസ്തരം ഉൽബോധിപ്പിക്കയും ചെയ്തു. "കരയുന്നവർ ഭാഗ്യവാന്മാരാകുന്നു, കാരണം അവർ സമാശ്വസിപ്പിക്കപ്പെടു"മെന്നും "നീതിയെപ്രതി കഷ്ടതയനുഭവിക്കുന്നവർ ഭാഗ്യവാന്മാരാകുന്നു, കാരണം അവർ സ്വർഗ്ഗരാജ്യത്തിനവകാശികളാകുമെന്നും അവിടുന്നു നിർവ്വിശങ്കം പ്രഖ്യാപിച്ചു. മാത്രമല്ല, സ്വന്തം കുരിശെടുത്തുകൊണ്ടു് തൻെറ പിന്നാലെ വരുന്നവൻ തന്നെ അനുകരിക്കുന്നു എന്നും അവിടുന്നു ശക്തിയുക്തം ഉൽബോധിപ്പിച്ചു. അവിടുന്നു് ഇങ്ങനെ പ്രസംഗിക്കുക മാത്രമല്ല ചെയ്തതു്, പ്രത്യുത പ്രസംഗിച്ചവയെ പ്രവൎത്തനത്തിലാക്കി ലോകത്തെ ബോദ്ധ്യപ്പെടുത്തുകകൂടി ചെയ്തു. കരച്ചിലിലും കണ്ണുനീരിലും കഷ്ടപ്പാടുകളിലംകൂടി അവിടുന്നു് ജീവിക്കുകയും ഒടുവിൽ ക്ലേശത്തിൻെറ മൂർദ്ധന്യത്തിലെത്തി സ്വജീവനെ ത്യജിക്കയുംകൂടി ചെയ്തു. അനന്തരം ആ ക്ലേശങ്ങളും നിരന്തരസഹനങ്ങളും നിത്യവിജയമാക്കിപ്പകർത്തി മരണശേഷം സർവ്വലോകവിജയിയായി, അനന്തഭാഗ്യസംദായകനായി ഉത്ഥാനംചെയ്തു ലോകത്തിനു് മാതൃകയും മാർഗ്ഗവും കാണിച്ചുകൊടുത്തു. അതെ, കുരിശിനെ വിജയചിഹ്നമാക്കിയും അതിൻെറ പര്യായമായ ക്ലേശത്തെ ശാന്തിമാർഗ്ഗമാക്കിയും ലോകത്തിനു് അവിടുന്നു പ്രത്യക്ഷമാക്കിക്കൊടുത്തു. കുരിശു്, കഷ്ടപ്പാടുകൾ, വിജയിക്കുമെന്നും അതിനെതിരായ സുഖലോലുപത്വം, കമ്മ്യൂണിസ്റ്റുകാരുടെ ഭൗതികസൗഭാഗ്യാദർശങ്ങൾ, പരാജയിക്കുമെന്നും അവിടുന്നു ലോകത്തിനു് ഉറപ്പുനൽകി. അതെ, കുരിശു് ജയിക്കും കമ്മ്യൂണിസം പരാജയിക്കും!

—ാ—

വി. യൂദാ, വി. റീത്ത, വി. അന്തോനീസ്, വി. കൊച്ചുത്രേസ്യ ഇവരുടെ മദ്ധ്യസ്ഥതയാലും സി. അൽഫോൻസാമ്മയുടെ സഹായത്താലും ഉദ്ദിഷ്ടകാര്യം സാധിച്ചതിനു് ഉപകാരസ്മരണ.

Fr. P. V. T.


അത്ഭുതപ്രവർത്തകനായ
## വി. ഗീവർഗീസിൻെറ തിരുനാൾ
## മുതലക്കോടം പള്ളിയിൽ
ഈമാസം 21-ാംതീയതി ബുധനാഴ്ച തുടങ്ങി 24-ാംനു ശനിയാഴ്ച അവസാനിക്കുന്നതാണു്

## മഴ്യൻ വത്സരാനുകൂല്യം
മേയ്മാസാചരണം പാവപ്പെട്ട കുടുംബങ്ങൾക്കും സുസാദ്ധ്യമാക്കിത്തീർക്കുന്നതിനായി മാതാവിൻെറ വണക്കമാസം ഏതാനും പ്രതികൾ സൗജന്യനിരക്കിൽ 12ണ. വിലയ്ക്കു് വില്ക്കുന്നതിനു് നിശ്ചയിച്ചിരിക്കുന്നു. ഈ ആനുകൂല്യം ഏതാനും ദിവസത്തേയ്ക്കുമാത്രം. നിരാശക്കിടയാകാതിരിപ്പാൻ ഉടൻ ആവശ്യപ്പെടുക.

സൂപ്രണ്ടു്, എസ്. ജെ. പ്രസ്സ്, മാന്നാനം


ചെറുകഥ

# കല്ലുപകടം

(T. K.)

"നാളെ" സെലീൻ പറയാറ പ്രഭാതജപം ചൊല്ലണമെന്നു്."

"നേരാ, ഓടിപ്പിടഞ്ഞിട്ടുതന്നെ സമയത്തു പള്ളീച്ചെല്ലാൻ പററണില്ലാ."

കടവിലേക്കു് വേഗം നടക്കുന്നതിനിടയ്ക്കു് ത്രേസ്യാമ്മ പറഞ്ഞു; മറിയാമ്മ പിന്താങ്ങി. സെലീൻെറ ഇളയമ്മയുടെ മക്കളാണിരുവരും. അനദ്ധ്യയനകാലം ആരംഭിച്ചപ്പോൾ കുളിച്ചു താമസിക്കാൻ വന്നതാണവർ.

"അതിനവൾപറഞ്ഞ യുക്ത്യാ കേമം....ഓരോ ദിവസവും ദൈവത്തിൻെറ ദാനമാണെന്നു്.... എന്നിട്ടു പറയല്ലേ, പണംകൊടുത്താ ഒരുദിവസത്തെ വാങ്ങാനാവില്ലെന്നു്....ഇന്നത്തെ കണ്ടുപിടുത്തങ്ങൾക്കു് ഒരുദിവസത്തെ വാത്തെടുക്കാൻ സാധിക്കില്ലെന്നു്."

ത്രേസ്യാമ്മ ഓർത്തോർത്തു പറഞ്ഞു. സ്വരത്തിലും ഭാവത്തിലും പുച്ഛരസം ഓളംവെട്ടി. അവൾ കോൺവെൻറുസ്കൂളിലാണു് പഠിക്കുന്നതു്. സിക്സ്തുഫോറത്തിൽ. സെലീൻ ഒരു തേഡ് ഫോറം വിദ്യാർത്ഥിനിമാത്രം. പതിന്നാലുവയസ്സു തികയാത്ത ഒരു പെൺകുട്ടി. അവൾ തന്നെ ഉപദേശിക്കാൻ പുറപ്പെട്ടല്ലോ എന്നാണാ പതിനേഴുകാരിയുടെ ഭാരിച്ച വിസ്മയം. അതു് അവളുടെ ഓരോ ചുടുവാക്കിലും ഊറിനിന്നു.

ജ്യേഷ്ഠത്തിയുടെ കുത്തുവാക്കുകൾ മറിയാമ്മയ്ക്കു വളരെ ഇഷ്ടപ്പെട്ടു. അവൾക്കു ശുണ്ഠിവന്നു. ചോദ്യരൂപം പ്രാപിച്ചു പുറത്തുചാടി: "അതിനു്?"

"അതിനോ? .. ദൈവത്തിനു നന്ദിപറയണംപോലും .. ഇന്നത്തെ ദിവസം കാണാൻകഴിഞ്ഞില്ല പലർക്കും...നാമതു കണ്ടു ..നാളത്തെ ദിവസം നമുക്കു കിട്ടുമോ... അതുകൊണ്ടു് എഴുന്നേററാ ഉടനെ ദൈവത്തിനു നന്ദിപറയണം...എഴുന്നേററാലുടനെ .... അതാ പുള്ളിയുടെ വാദം..."

"അമ്പോ! ഇതൊക്കെ എവിടുന്നാ അവൾ പഠിച്ചേ?" ഉടുപ്പുമാറുന്നതിനിടയിൽ മറിയാമ്മ ചോദിച്ചു.

"വല്ല അച്ചന്മാരും അങ്ങനെ വിളിച്ചുപറഞ്ഞുകാണും. ഉം" മനക്കടിയും അവൾ അങ്ങനെ ഉരിഞ്ഞുമാററുകയാണു്.

"ഇപ്പം പുള്ളി പ്രാർത്ഥിക്കയായിരിക്കും."

"ആയിരിക്കും -ആയിരിക്കും."

"എന്തെങ്കിലുമാകട്ടെ. വേഗം കുളിക്കാം."

ത്രേസ്യാമ്മ പുഴയിലേക്കിറങ്ങി. മറിയാമ്മ പിഞ്ചെന്നു. പെട്ടെന്നു് അവളുടെ കാലൊന്നു വിഴുതി, ഒരു കൊച്ചു പാറക്കല്ലിൽ തന്തവിരൽ തട്ടി.

"അയ്യോ." അവൾ നിലവിളിച്ചു.

"എന്താ പററ്യേടി?"

"കാലൊന്നു മുട്ടി."

"പൊട്ട്യോ?"

"പൊട്ട്യാപോലും. കണ്ണിച്ചോരയില്ലാത്ത ജന്തു. ഏതുശവങ്ങളാ ഈ കല്ലിവിടെ കൊണ്ടിട്ടേ!"

"അസത്തുക്കളു. സാരമില്ല, കുളിക്കു്."

കാൽമണിക്കൂറിലധികം അവർ നീന്തിത്തുടിച്ചു. മലർന്നു നീന്തി ഊളിയിട്ടു കളിച്ചു. കുളിച്ചു.

"ദേ, സെലീൻ വരുന്നുണ്ടു്."

"എന്നാ നമുക്കു കേറാം. സമയമായിക്കാണും."

അവർ കയറി. തോർത്തി. ഉടുത്തു, "സെലീനെ, ഞങ്ങളു പോകുവാ. വേഗം വാ, ട്ടോ," അവർ തിരിഞ്ഞു നടന്നു.

ആൾവലിപ്പമുള്ള കണ്ണാടി. അതിനു മുൻപിൽ അവർ മാറിമാറി നിന്നു. ഇളം ചുവപ്പുള്ള സാരിയാണു് അന്നത്തെ നിറം. സുഗന്ധം വമിക്കയാണവ. തലമുടി പിന്നിയിട്ടു. മുഖത്തെല്ലാം പൗഡർ പൂശി. അവർ ബദ്ധപ്പെടുകയാണു്. കാൽമണിക്കൂർ മാത്രമേ ആയുള്ളു. അപ്പോൾ സാരിയുടുത്തതിലും പൗഡർ ഇട്ടതിലും തലമുടി കോതിയതിലും അല്പാല്പം പന്തികേടുവന്നതു് ക്ഷന്തവ്യംതന്നെ. എങ്കിലും അവർ അന്യോന്യം തിരുത്തുന്നുണ്ടു്.

"വാ, പള്ളീ പോകാം" ബേബിയുടെ ക്ഷണംകേട്ടു് അവർ ഞെട്ടിപ്പോയി.

"അല്ല നേരായോ?"

"ചേച്ചി വന്നോ?"

"ഉവ്വന്നേ. ദേ പടിക്കലെത്തി. ഞാൻ ചേച്ചീടെക്കൂടെ പോകുവാ".

അവൻ ഓടി.

അന്നും പതിവുപോലെ ഉച്ചയൂണ് കഴിഞ്ഞ് അവരെല്ലാവരും മാവിൻചുവട്ടിൽ കൂടി. ഉല്ലാസസ്ഥലം അതാണ്. മാമ്പഴം ഇടയ്ക്കിടെ അവരുടെ വെടിപറച്ചിലിനു ഭംഗം വരുത്തും. എന്നാലും, അതെടുക്കാനുള്ള വാദിച്ചോട്ടവും, കിലുകിലച്ചിരിയും, കിട്ടുന്നവരുടെ കൊതിപ്പിക്കലും, കിട്ടാത്തവരുടെ കുറുക്കൻവേഷമണിയലും എല്ലാംകൂടെ നല്ല മേളംതന്നെ.

കടവിൽവെച്ച് സെലീനെ പുച്ഛിച്ച് സംസാരിച്ചെങ്കിലും അവൾക്ക് അവളെ വലിയ കാര്യമാണ്. സ്നേഹമാണ്. അവളുടെ ഒതുങ്ങിയ സംസാരം അവർ ഏററം ഇഷ്ടപ്പെടുന്നു. പത്തുവയസ്സുള്ള ബേബിയോടും അതിരററ വാത്സല്യം അവർ കാണിക്കും. അവർ വന്നപ്പോൾ കൊണ്ടുവന്ന സമ്മാനങ്ങൾക്ക് കണക്കില്ല. മൂന്നു ചക്രമുള്ള സൈക്കിൾ അവൻെറ ആത്മസുഹൃത്തായി തീർന്നു. അതിന്മേലിരുന്നാണ് മാങ്ങ എടുക്കാൻപോലും ഓടുക.

"ഇന്നു നിങ്ങൾ പള്ളീ വന്നപ്പേ, കർബാന പാതിയായിപ്പോയേ, തിത്തൈ, തികൃതൈ..." അവൻ പാടി.

"ഇല്ലില്ല" ത്രേസ്യാമ്മ പറഞ്ഞു. "കാഴ്ചവെപ്പിനുമൻപു വന്നല്ലോ."

"അതാപറഞ്ഞേ പാതിയായെന്ന്—തിതൈ, തികൃതൈ..."

"പാതിക്കാലം അതല്ലേ, ദേ, ദേ.!" മറിയാമ്മ നീട്ടിവിളിച്ചു.

"എന്നാലും മുഴുവനും കണ്ടില്ലല്ലോ."

"കാഴ്ചവെപ്പിനു മൻപു ചെന്നാലും മുഴുവൻ ഫലവും കിട്ടും." ത്രേസ്യാമ്മ വാദിച്ചു

"അതാരാ പറഞ്ഞേ?" അവനു സംശയമായി.

"മഠത്തിലെ അമ്മമാർ" "മഠത്തിലെ അമ്മമാർ" വിജയഭാവം അവർ പ്രകടിപ്പിച്ചു.

"എന്നാ പിന്നെ, എന്തിനാ അച്ചന്മാർ അതുവരെ ചൊല്ലണേ?" സെലീനാണ് ചോദിച്ചത്. തികച്ചും അപ്രതീക്ഷിതമായ ഒരു ചോദ്യം. എന്തുത്തരംപറയണമെന്നു ത്രേസ്യാമ്മ കണ്ടില്ല. മഠത്തിലെ അമ്മമാർ എന്തെങ്കിലും ഉത്തരം പറഞ്ഞിട്ടുണ്ടോ എന്നവൾ ഓർമ്മിച്ചുമില്ല. മറിയാമ്മയും മൌനമവലംബിച്ചു.

"പൊട്ടിപ്പോയ്, പൊട്ടിപ്പോയ്, നിങ്ങടെ വാദം പൊട്ടിപ്പോയ്." ബേബി ജയാരവം മുഴക്കി. സൈക്കിൾ അവരുടെ ചുററും അതിവേഗം ഓടി. ഒരു കൂട്ടച്ചിരി. പെട്ടെന്നു വീണ്ടും നിശ്ശബ്ദം.

ഏതാനും നിമിഷങ്ങളങ്ങനെ നീങ്ങി. വീണ്ടും അവർ വർത്തമാനത്തിലായി. മഠത്തിലേയും ബോർഡിങ്ങിലേയും കഥകൾ കേൾക്കാൻ സെലീൻ ആശകാണിച്ചു. അഞ്ചരമണിക്ക് ഉണരും. പ്രഭാതജപങ്ങൾ ചൊല്ലും. ദിവസവും കർബാന കാണും. പഠനത്തിനു സമയം ധാരാളം. ഉല്ലാസത്തിനു സൗകര്യങ്ങൾ അതിലേറെ. നാനാദിക്കുകളിൽനിന്നുംവരുന്ന സ്നേഹിതകളങ്ങനെ. കന്യാസ്ത്രീകളുടെ മേൽനോട്ടം. അവരുടെ സ്നേഹം. വിവിധശിക്ഷകൾ. സന്ധ്യക്കു കൊന്തനമസ്കാരം. രാത്രിജപങ്ങൾക്ക് മുടക്കംവരില്ല. 10 മണിക്കു കിടക്കാം. നേരം പോകുന്നതു് അറിയില്ല. "ഉണരാൻ" മണികേട്ടാണ് ദിവസവും എഴുന്നേൽക്കുക. ഉടനെ പ്രഭാതജപമായി. പുതിയ ദിവസം ആരംഭിക്കയായി

"എന്നിട്ടെന്തേ ഇവിടെ വന്നിട്ടു ചൊല്ലാത്തേ?"


# ദി കാത്തലിക്ക് ബാങ്ക് ഓഫ് ഇന്ത്യാ (ക്ലിപ്തം)

ക്ലിപ്തബാദ്ധ്യതയോടുകൂടി 1938-ൽ തിരുവിതാംകൂർ-കൊച്ചിയിൽ രജിസ്റ്റർചെയ്യപ്പെട്ടതു്

## ഹെഡ് ഓഫീസ്: ചങ്ങനാശ്ശേരി

ശാഖകൾ: ആലപ്പുഴ, അതിരമ്പുഴ, ചങ്ങനാശേരി കാഞ്ഞിരപ്പള്ളി, കോട്ടയം, മണിമല, തിരുവനന്തപുരം.

| | | |
|---|---|---|
| അധികൃതമൂലധനം | രൂ | 10,00,000—0—0 |
| വാഗ്ദത്തമൂലധനം | " | 6,00,000—0—0 |
| പിരിഞ്ഞുകിട്ടിയ മൂലധനം. | " | 5,95,750—0—0 |

ഡയറക്ടേഴ്സ്

1. ശ്രീ പോൾ വറുഗീസ് ബി. എ., ബി. എൽ., ചങ്ങനാശേരി (ചെയർമാൻ)
2. " കുഞ്ചെറിയാ കെ. പുരക്കൽ. പുളിങ്കുന്നു്
3. " തോമസ് റ്റി. കുരിയാളശ്ശേരിൽ, ചമ്പക്കുളം
4. " ഡോമിനിക്ക് ജോസഫ് കുരുവിനാക്കുന്നേൽ, ഇടമററം, ഭരണങ്ങാനം
5. " മൈക്കൾ എ. കള്ളിവയലിൽ ബി. എ., കൊണ്ടുപറമ്പിൽ, വിളക്കമാടം
6. " തോമസ് റ്റി. മാറാട്ടുകുളം എം. എ., ചങ്ങനാശേരി
7. " മൈക്കൾ ജെ. കള്ളിവയലിൽ ബി. എസ്സ്‌സി, കാളകെട്ടി (സെക്രട്ടറി)
8. " കുഞ്ചെറിയാ റ്റി. മാറാട്ടുകുളം എം. എ, ചങ്ങനാശേരി (മാനേജിംഗ് ഡയറക്ടർ)


"സമയം വേണ്ടേ, സെലീൻ, അതിനു പോയാൽ കാലത്തെ കുളി ശരിയാവില്ല." ത്രേസ്യാമ്മ സ്വയം നീതീകരിച്ചു. അല്പംകുററസമ്മതവും അവളുടെ സ്വരത്തിൽ നിഴലിക്കാതിരുന്നില്ല.

"എൻെറ കുളി മുടങ്ങുന്നില്ലല്ലോ" സെലീനുംവിട്ടുകൊടുത്തില്ല.

"എനിക്കു ഡ്റസ്സുചെയ്യാൻ ഇമ്മിണി സമയംവേണം. അതാ കാരണം." വേറൊരു ന്യായവുംകൂടെ അവൾ ഹാജരാക്കി.

"അതു കുറച്ചു കുറച്ചാലും തരക്കേടില്ല ആ ജപങ്ങൾ മുടക്കണ്ടാ. വളരെ പ്രയോജനങ്ങൾ ഉണ്ട്." ഒരധ്യാപികയെപ്പോലെയാണ് അവൾ സംസാരിച്ചതു്.

"അതൊക്കെ എനിക്കുമറിയാം." പക്ഷേ, ബോർഡിങ്ങിലാണെങ്കിലേ പററൂ."

"അവിടെയും പററും. ഇവിടെയും പററും. അവിടെയും ആവശ്യം. ഇവിടെയും ആവശ്യം.

ഉല്ലാസരംഗം ഒരു വേദോപദേശക്ലാസ്സുപോലെയായി. നാലംഗങ്ങളുള്ള ഒരു പഠനക്കളരി. കാലത്തെ ജപങ്ങൾകൊണ്ടുള്ള പ്രയോജനങ്ങൾ സെലീൻ വിവരിച്ചുകൊടുത്തു. ശുദ്ധ നിയോഗം പുതുക്കുന്നതിനുള്ള സമയമതാണ്; അതാതു ദിവസത്തെ ജോലികൾ കൃതൃനിഷ്ഠയോടെ ദൈവസ്തുതിക്കായി തിരിച്ചുവിടുന്നതിനുള്ള അവസരം, നമ്മുടെ അനുദിനജീവിതത്തിൽ കുരിശുകൾ അനുഭവപ്പെടും. അവയുടെ വൈവിധ്യം, സ്വഭാവം അതെല്ലാം അവൾ വർണ്ണിച്ചു, അവയെ ക്ഷമാപൂർവ്വം ഏററുവാങ്ങാനുള്ള തയ്യാറാവലാണ് പ്രഭാതജപം. ത്രേസ്യാമ്മ ഒന്നു നെടുവീർപ്പിട്ടു. മറിയാമ്മയും. അവരുടെ കണ്ണുകൾ അങ്ങു കടവിലേക്കു തിരിഞ്ഞിരിക്കയാണ്.

സെലീൻ തുടർന്നു സംസാരിക്കാൻ ഭാവിക്കയായിരുന്നു. അപ്പോൾ കേട്ടു അമ്മയുടെ ഒരു വിളി. അവൾ ഉടനെ എഴുന്നേററു വീട്ടിലേക്കു് നടന്നു. അവർ അവളുടെ പോക്കു് സശ്രദ്ധം നോക്കിക്കൊണ്ടുമിരുന്നു.

"എന്തനുസരണം!" ത്രേസ്യാമ്മ പറഞ്ഞുപോയി.

"പേടിച്ചിട്ടായിരിക്കും." മറിയാമ്മ കുററാരോപണത്തിനു മുതിർന്നു.

"ഏയ്, അങ്ങനെ പേടിക്കണക്കൂട്ടത്തിലൊന്നുമല്ല."

"എന്നാ പിന്നെ?" മറിയാമ്മക്കു നീരസംതോന്നി. ബേബിക്കതു പിടിച്ചില്ല. അവൻ പറഞ്ഞു: "ഈശോയ്ക്കു വേണ്ടിയാണ് ചേച്ചി അനുസരിക്കുന്നതു്." ഗൗരവം നിറഞ്ഞതായിരുന്നു അവൻെറ സ്വരം.

"നേരോ!" മറിയാമ്മയ്ക്കു് വിസ്മയംതോന്നി.

"അതേന്നു്. "എൻെറ ഈശോയെ എല്ലാം നിന്നെപ്രതി," എല്ലാദിവസോം കാലത്തു ചേച്ചി അങ്ങനെ പറയും. ഞാനും പറയും."

ത്രേസ്യാമ്മ കൂടുതൽ ചിന്താധീനയായി. സെലീൻെറ പള്ളിപ്രസംഗത്തിൻെറ ആത്മാർത്ഥത ചോദ്യംചെയ്യത്തക്കതല്ല കന്യാസ്ത്രീകൾ പഠിപ്പിച്ചിട്ടുള്ളതും അവൾ ഓർത്തുകാണണം. അവിടത്തെ ദിനചര്യ അവൾ അനുസ്മരിച്ചുകാണും....അധികം താമസിച്ചില്ല, സെലീൻ മടങ്ങിവന്നു. ഒരു ചെറിയ പൊതിയുമുണ്ട് കൈയിൽ.

"എന്നാ ചേച്ചി, അതു്?"

"കശുവണ്ടിപ്പരിപ്പാ."

"ഹാ, ഹാ, ബേബിക്കു് ഇന്നു കോളായിപ്പോയി. രണ്ടെണ്ണം ചേച്ചീ."

"ഞാൻ തരില്ല, ആശയടക്കു്." അവൾ ചിരിച്ചുകൊണ്ടാണതു പറഞ്ഞതു്.

"അങ്ങനെങ്കി അങ്ങനെ." ഉമിനീരു് അവൻ കീഴോട്ടിറക്കി.

"മതിമതി ആശയടക്കിയതു്. ഇന്നാ, നീതന്നെ പങ്കുവെച്ചോ."

അവനു ഉത്സാഹമായി. സന്തോഷമായി. ഒപ്പം പങ്കുവെച്ചപ്പോൾ ഒന്നു മിച്ചംവന്നു.

"ഇതോ ചേച്ചീ."

"വല്യേച്ചിക്കു്."



പരിശുദ്ധകന്യകമറിയം തിരുസുതൻെറ മൃതദേഹം മടിയിൽ കിടത്തുന്നു.

"അതുംകൂടെ നീനക്കിരിക്കട്ടെ. വെട്ടുപങ്കു്."

വീണ്ടും കൂട്ടച്ചിരിയും വർത്തമാനവും. സംഭാഷണവിഷയം കശുവണ്ടിപ്പരിപ്പും. അപ്പച്ചൻ ആലുവായ്ക്കു പോയപ്പോൾ കൊണ്ടുവന്നതാണ്. മെഷീനിൽ റോസ്റ്റ് ചെയ്തതാണ്. പോകുമ്പോഴൊക്കെ എന്തെങ്കിലും മധുരപദാർത്ഥങ്ങൾ കൊണ്ടുവരാതിരിക്കയില്ല. കശുവണ്ടിപ്പരിപ്പിൻെറ രുചി പിതൃസ്നേഹസ്മരണയിലേക്കു് നയിക്കയാണവരെ.

"അപ്പോ ബേബി! അപ്പച്ചൻ നിന്നെ തല്ലേപാ?" ത്രേസ്യാമ്മ നിനക്കാതെ ഒരു ചോദ്യം.

"ഉം" ഭാവഭേദമൊന്നും അവനുണ്ടായില്ല.

"അമ്മച്ചി തല്ലേപാ?"

"ഉം."

"ചേച്ചീനെ തല്ലേപാ?"

"ഉം"

"എന്തിനാ?"

"കുററം കാണിച്ചാൽ."

ബേബി സൈക്കിളിൽനിന്നും താഴെയിറങ്ങി. പതുങ്ങിപ്പതുങ്ങിനടന്നു സെലീൻെറ പുറകിൽക്കൂടി വന്നു് അവളുടെ മുഴങ്കാലിലെ വടുവുകാണിച്ചുകൊണ്ടുപറഞ്ഞു: "ദേ കണ്ടോ?" പൊട്ടിച്ചിരിച്ച്, തട്ടിപ്പിടഞ്ഞെഴുന്നേററു് ഓടി സൈക്കിളിൽക്കയറി വീണ്ടും ചോദിച്ചു. "കണ്ടോ?"

സെലീനു അല്പം നാണംവന്നു. അനുജൻെറ കുസൃതിയിൽ അമർഷം തോന്നിയോ ആവോ. അവളൊന്നും മിണ്ടിയില്ല. കാലിലെ ആ പാട്—രണ്ടിഞ്ചുനീളത്തിൽ പൊട്ടി ഉണങ്ങിയ ആ അടയാളം—കണ്ടു് അവർ ഭ്രമിച്ചുപോയി."

"ഇതെന്താ സെലീൻ."

"അമ്മച്ചി തല്ലീതാ."

"എന്തിനാ."

"പാത്രം കഴുകിയതു് പററാഞ്ഞിട്ട്."

"എന്തു്?"

"അപ്പച്ചൻ ഉണ്ണുന്ന പാത്രം."

"അതിനു വേലക്കാരില്ലേ?"

"ഞങ്ങൾ ഉണ്ണുന്ന പാത്രങ്ങൾ അമ്മയോ ഞാനോ കഴുകും."

"അതെന്തിനാ?"

"ഒരു ത്യാഗപ്രവൃത്തിയാണതു്."

"എന്നിട്ടെന്തിനാ തല്ലീ?"

"എച്ചിൽ മുഴുവനും പോയില്ലാ.

"അതിനു ഇത്രവലിയ തല്ലോ?" കഷ്ടംതന്നെ."

"ഒരു കഷ്ടവുമില്ല. പലപ്പോഴും അമ്മച്ചി കുററം പറഞ്ഞിട്ടുണ്ട്. എന്നിട്ടും......"

"സങ്കടംവന്നില്ലേ, കുഞ്ഞിനു്?"

"വരാതിരിക്കോ. ഞാൻ വളരെ കരഞ്ഞു."

"അപ്പച്ചൻ കണ്ടോ?"

"ഉം."

"അമ്മച്ചിയെ വഴക്കുപറഞ്ഞോ?"

"ഞാൻ കേട്ടില്ല."

"നിനക്കു് അമ്മച്ചിയോടു് വഴക്കുണ്ടായോ?"

"ഉം! എന്തിനു്? സൂക്ഷിക്കാഞ്ഞിട്ടല്ലെ. അപ്പോ ഈശോയെ ഞാനോർത്തു. ഈശോ ഒരു കുററവും ചെയ്തില്ല. എന്നിട്ടും ചമ്മട്ടിയടികൊണ്ടു. ഞാൻ പലപ്പോഴും കുററംചെയ്തു. കിട്ടിയതോ ഒരടി മാത്രം......"

"അപ്പോ എങ്ങനെയാ അതൊക്കെ ഓർക്കണെ." ത്രേസ്യാമ്മ ഇടയ്ക്കുകയറി ചോദിച്ചു. സ്വരം ഒരു വിദ്യാർത്ഥിനിയുടേതായിരുന്നു. വാടിത്തളർന്ന മുഖത്തോടെ മറിയാമ്മയും സെലീനെ ഉററുനോക്കിക്കൊണ്ടിരിക്കയാണ്. രണ്ടുപേരുടേയും ഹൃദയാന്തർഭാഗത്തു എന്തോ പരിവർത്തനങ്ങൾ നടക്കുന്നുണ്ട്. നയനങ്ങൾ അതു വെളിപ്പെടുത്തി.

"സങ്കടങ്ങൾ സഹിക്കാനുള്ള ശക്തി പ്രഭാതജപത്തിൽ നാം പ്രാർത്ഥിക്കുന്നതു് വെറുതെയല്ല." പൂർവ്വാധികം ദൃഢമായിരുന്നു സെലീൻെറ സ്വരം.

ത്രേസ്യാമ്മ അന്നുകാലത്തു കടവിൽവെച്ചുണ്ടായ സംഭവങ്ങൾ എല്ലാം സെലീനെ പറഞ്ഞുകേൾപ്പിച്ചു. ഒരു കല്ലു കാലിൽ തട്ടിയതു് സഹിക്കാനാവാതെ മററുള്ളവരെ ചീത്തപറഞ്ഞതിൽ മറിയാമ്മ ഖേദംകൊണ്ടു. അവളോടുചേന്നു് സംസാരിച്ചതോർത്തു ത്രേസ്യാമ്മയും പശ്ചാത്താപം പ്രകടമാക്കി സെലീനെ ദുഷിച്ചു സംസാരിച്ചതു് ഏററുപറഞ്ഞു അവർ ക്ഷമായാചനവുംചെയ്തു.

"ആദ്യം എല്ലാവരും അങ്ങനെയാ. ഞാനും അങ്ങനെയായിരുന്നു. പ്രഭാതജപങ്ങൾ അർത്ഥംഗ്രഹിച്ചുകൊണ്ടും മുടക്കംകൂടാതെയും ചൊല്ലിത്തുടങ്ങിയതുമുതല്ലാ കുറച്ചെങ്കിലും മാററം എന്നിലുണ്ടായതു്." സെലീൻ അവരെ ആശ്വസിപ്പിച്ചു.

"അതേ സെലീൻ. നാളെമുതൽ നമുക്കതു ഒന്നിച്ചു ചൊല്ലണം."

"ഒന്നിച്ചുവേണ്ടാ. തനിച്ചു ശീലിക്കുന്നതു കൂടുതൽ നന്നു്." സെലീൻ ഒരു ഭേദഗതി കൊണ്ടുവന്നു.

"അതു ശരിയാ. ബോർഡിങ്ങിൽ ഒന്നിച്ചാ ചൊല്ലുക. ഒരാൾ ഉറക്കെ ചൊല്ലും. മററുള്ളവർ ഉറക്കംതൂങ്ങും. അതാ അതു ഫലിക്കാ

(ശേഷം 8-ാംപേജിൽ)

# *പ്രലോഭനങ്ങൾ

(ഫൾട്ടൻ ജെ. ഷീൻ)

(തുടർച്ച)

III

ഇനിയും മനുഷ്യനെ പരീക്ഷിക്കാവുന്ന ഒരു പരിധികൂടെ അവശേഷിച്ചിരുന്നു. അതു ആത്മാവിനും ശരീരത്തിനും പുറത്തു ലോകവുമായുള്ള അവന്റെ വേഴ്ചയിലാണ്.

പിന്നീട് പിശാചു ഏററം ഉയന്ന ഒരു മലയിലേക്കു അവനെ കൂട്ടിക്കൊണ്ടുപോയി. ലോകത്തിലെ സകല രാജ്യങ്ങളും അവയുടെ മഹത്വവും അല്പസമയത്തിനുള്ളിൽ അവനെ കാണിച്ചു, അവനോട് നീ വീണു എന്നെ ആരാധിക്കുമെങ്കിൽ ഇവയെല്ലാം ഞാൻ നിനക്കു തരാം എന്നു പറഞ്ഞു. അതു കഴിഞ്ഞുവരുന്ന സുവിശേഷത്തിലെ ഏററം ഭയാനകമായ ആ വാക്കുകൾ. എന്തുകൊണ്ടെന്നാൽ അവ എനിക്കു ഏല്പിക്കപ്പെട്ടിരിക്കുകയാണ്. എനിക്കിഷ്ടമുള്ളവനു അതു കൊടുക്കുകയും ചെയ്യാം. ആകയാൽ നീ എന്റെ മുമ്പിൽ വീണു എന്നെ ആരാധിക്കുമെങ്കിൽ അതെല്ലാം നിന്റേതായിരിക്കും.

ചെകുത്താൻ പറയുന്നു: ക്രിസ്തോ, നീ ലോകത്തെ ജയിക്കുവാൻ വന്നിരിക്കുന്നു. എന്നാൽ ലോകം എന്റേതാണ്. നീ വിട്ടുവീഴ്ചചെയ്താൽ, എന്നെ ആരാധിച്ചാൽ ഞാൻ ഇതിനെ നിനക്കു നൽകാം. നിന്റെ കുരിശിനെ, ദൈവികതയെ, സ്വർഗ്ഗരാജ്യത്തെ വിസ്മരിച്ചേക്കു. നിനക്കു ലോകം വേണമോ? ഇതാ അതു നിന്റെ പാദാന്തികെയുണ്ട്. ഓറ്റിലും അതിന്റെ രാജാക്കന്മാർക്കുവേണ്ടി ഗാനം ചെയ്തിട്ടുള്ളതിൽ ഏററം സാഘോഷമായ ഓസാനാകൾ നിന്നെക്കുറിച്ചു ഗാനംചെയ്യും. ആണികളോ ഗാഗുൽത്താകളോ മുൾമുടികളോ വിരുദ്ധതയുടെ കുരിശുകളോ അവിടെ കാണപ്പെടുകയില്ല. ഞാനല്ലാതെ മറെറാരു ഭരണാധിപതിയില്ല. എന്നെ ആരാധിക്കുക. ലോകം നിന്റേതായിരിക്കും.

ക്രിസ്തുവിന്റെ അനുയായികളെ ചെകുത്താൻ ഇപ്പോഴും പരീക്ഷിക്കുന്നു. നിങ്ങൾ എന്നെ സ്വീകരിക്കുന്നില്ലെങ്കിൽ ലോകത്തിൽ ഒരിക്കലും നിങ്ങൾക്കു മുൻഗണന ലഭിക്കുകയില്ല. ദൈവത്തിന്റെ വഴികളിൽ കുട്ടികളെ പഠിപ്പിക്കുന്നതിനു വിദ്യാലയങ്ങൾ നടത്തുകയാണെങ്കിൽ ഞാൻ പറയും നിങ്ങൾ ഗവർമ്മെൻറുസ്ഥാപനങ്ങളുടെ ശത്രുവാണെന്നു. നിങ്ങൾ വിവാഹമോചനത്തെ എതിക്കുകയാണെങ്കിൽ, പ്രേമത്തിന്റെ ഫലങ്ങളെ ഞെക്കിക്കൊല്ലുന്നതിനെതിരായി അടരാടുകയാണെങ്കിൽ ഞാൻ പറയും നിങ്ങൾ വിപ്ലവകാരികളാണെന്നു. നിങ്ങളുടെ പുസ്തകങ്ങൾക്കു കമ്മ്യൂണിസ്റ്റ് ഗ്രന്ഥസമിതി അഭിപ്രായം എഴുതുകയില്ല. നിങ്ങൾ രാഷ്ട്രത്തിന്റെ ശത്രുവാണെന്നു കാണിച്ചു ജനതയ്ക്കെതിരേ ഞാൻ നുണയുടെ പ്രവാഹം ഒഴുക്കും. അതു വിശ്വസിക്കുന്ന വിഡ്ഢികൾക്കായി അതിനോടുകൂടി വലിയൊരു നുണ ഞാൻ കൂട്ടിച്ചേർക്കും; നിങ്ങൾ രാഷ്ട്രത്തിനു മുകളിൽ സഭയുടെ അധികാരം പ്രതിഷ്ഠിക്കുവാൻ തക്കം നോക്കുന്നുവെന്നും നിങ്ങൾ രാജ്യഭക്തിയുള്ളവരല്ലെന്നും. ചൈനയിലെ നിങ്ങളുടെ മിഷനറിമാരോട് ഞാൻ പറഞ്ഞുകഴിഞ്ഞു എന്റെ സ്വതന്ത്രസഭയോടു ചേരുന്നില്ലായെങ്കിൽ, ക്രിസ്തുവിന്റെ വികാരിയെ നിഷേധിക്കാമെങ്കിൽ അവക്കു ജീവിക്കാമെന്നു. എന്നുകൊണ്ട് എന്റെ മാവോസെതുങ്ങ് ചൈനയിലെ മെത്രാന്മാരെ തടവിൽ പാർപ്പിക്കുന്നു; എന്തുകൊണ്ട് ഹങ്കറിയിലേയും ചെക്കോസ്ലോവാക്കിയായിലേയും ഇരുട്ടറകൾ, കാൻറണിലെയും ഷാങ്കേയിലേയും ഹാങ്കോവിലേയും ജയിലുകൾ നിങ്ങളുടെ പുരോഹിതന്മാരുടേയും കന്യകകളുടേയും മുറിഞ്ഞു ചതഞ്ഞു ചോരനനഞ്ഞ ശരീരങ്ങൾകൊണ്ട് നിറഞ്ഞിരിക്കുന്നു. അവർ എന്റെ ആജ്ഞ അനുസരിക്കുവാൻ വിസമ്മതിക്കുന്നതുകൊണ്ടല്ലേ? എന്റെ സോവ്യററഷ്യ പുരോഗമിക്കുന്നതു നോക്കൂ. ജനസംഖ്യയിൽ നൂററിനു മുപ്പത്തിയേഴും അതിനു കീഴ്പ്പെട്ടുനില്ക്കുകയാണ്. സോവിയററിനറിയാം എന്റേതാണു ലോകമെന്നു. അതുകൊണ്ടാണവർ അതു പിടിച്ചെടുക്കുവാൻ പരിശ്രമിക്കുന്നതു. സ്വർഗ്ഗത്തേയും പ്രസാദവരത്തേയും കൂദാശകളേയും ദൈവത്തേയും വിസ്മരിക്കൂ. എന്റെ മാർഗ്ഗത്തിൽ രക്തച്ചൊരിച്ചിലോ രക്തസാക്ഷിത്വമോ ആത്മപരിത്യാഗമോ ആവശ്യമില്ല. ചെകുത്താൻ എന്ന നാമത്താലല്ലാതെ മറേറതുനാമത്തിലും എന്നെ ആരാധിച്ചുകൊള്ളൂ. ഞാൻ കൂട്ടാക്കുന്നില്ല. എന്നെ ശക്തിയെന്നോ മതമെന്നോ വിളിച്ചുകൊള്ളൂ, നിങ്ങൾ നിങ്ങളുടെ ക്രിസ്തുവിന്റെ ദൈവികതയെ പുറംത




അനുഗ്രഹസിദ്ധിക്കു കൃതജ്ഞത. താമസിച്ചതിനു ക്ഷമാപണം
കെ. വി. വക്കി,
തെക്കുഞ്ചേരിക്കുന്നേൽ
ചെമ്മലമററം.

ള്ളുവാൻ സന്നദ്ധരെങ്കിൽ. എന്നെ സ്വരാജ്യഭക്തിയെന്നു വിളിച്ചുകൊള്ളൂ, അരൂപിയിൽ വിശ്വസിക്കുന്നവരെ വഷളാക്കുവാൻ നിങ്ങൾ ഇതിനെ ഉപകാരപ്പെടുത്തുന്നെങ്കിൽ. എന്നെ ആരാധിക്കുക, ലോകം നിന്റേതായിരിക്കും. തന്റെ പീഡാനുഭവവും മരണവുംവഴി മാത്രമേ ആ സാമ്രാജ്യങ്ങൾ ജയിച്ചടക്കുക സാദ്ധ്യമാവൂ എന്നു കണ്ടു ദിവ്യനാഥൻ ചെകുത്താനോടു പറഞ്ഞു: "പിശാചേ, എന്നെ വിട്ടു ദൂരെപ്പോകൂ. എന്തുകൊണ്ടെന്നാൽ, നീ നിന്റെ കത്താവായ ദൈവത്തെ ആരാധിക്കണം, അവനുമാത്രം നീ പരിചയ്യചെയ്യണം എന്നു എഴുതപ്പെട്ടിരിക്കുന്നു." പിശാചേ, നീ നിന്നെ ആരാധിക്കണമെന്നു പറയുന്നു, എന്നാൽ ആരാധിക്കുക നിന്നെ പരിചരിക്കുകയാണ്. നിന്നെ പരിചരിക്കുകയോ അടിമത്തവും. ലോകത്തിനു, തെററിന്റെ ഭയാനകമാ[illegible]രമുള്ളിടത്തോളം എനിക്കു നിന്റെ ലോകം ആവശ്യമില്ല. എനിക്കു നിന്റെ എല്ലാ സാമ്രാജ്യങ്ങളും സ്വായത്തമായിരുന്നാലും നിനക്കു നൽകുവാനരുതാത്ത ആ ആത്മസമാധാനത്തിനായി അതിലുള്ള എല്ലാ ആത്മാക്കളും ദാഹിച്ചുകൊണ്ടിരിക്കും. റഷ്യ നിന്റേതാണെന്നു ഇപ്പോൾ നീ വീമ്പടിച്ചാലും ശരി, ഞാൻ നിന്നോടു പറയുന്നു, എന്റെ രക്ഷയെ പ്രതീക്ഷിച്ചുകൊണ്ടു ലക്ഷക്കണക്കിനിന്നുമുണ്ടു ജനത, ഉരുക്കുകർട്ടനു പിന്നിൽ കഴിയുന്നവരായി. നിന്റെ കുറഞ്ഞ വിലയ്ക്കു ലോകം എനിക്കാവശ്യമില്ല. ഞാൻ ഒരു വിപ്ലവകാരിയാണു; എന്റെ അമ്മ തന്റെ "മാഗ്നിഫിക്കാത്തി"ൽ ഗാനം ചെയ്തമാതിരി ഒരു വിപ്ലവത്തിന്റെ നേതാവു. ഞാൻ നിനക്കെതിരേ സമരം പ്രഖ്യാപിച്ചിരിക്കുകയാണു. പക്ഷേ, ഏകശാസനത്തിനെതിരേ പുറമേ അല്ല എന്റെ വാൾ പായിക്കപ്പെട്ടിരിക്കുക, അകമേ, പാപത്തിനും സമരത്തിന്റെ മൂലകാരണങ്ങൾക്കും എതിരേയാണു. പ്രഥമതാ ഞാൻ മനുഷ്യഹൃദയങ്ങളിൽനിന്നു ദുഷ്ടതയെ പായിക്കും, പിന്നീടു ഞാൻ ലോകത്തെ ജയിച്ചടക്കും. ഞാൻ നിങ്ങളുടെ വിശ്വസ്തരായ നികുതിപിരിവുകാരുടേയും തെററായ വിധികത്താക്കന്മാരുടേയും കമ്മിസാർമാരുടേയും ഹൃദയങ്ങളിലേക്കു കടന്നു അവരെ ജയിച്ചടക്കും. ഞാൻ അവരെ കറകളിൽനിന്നും പാപത്തിൽനിന്നും രക്ഷിക്കും. ഞാൻ അവരെ നിഷ്കളങ്കരായി തങ്ങളുടെ ഉദ്യോഗങ്ങളിലേക്കു മടക്കിയയക്കും. ഞാൻ അവരോടു പറയും, തങ്ങളുടെ അമത്ത്യമായ ആത്മാവിനെ നഷ്ടപ്പെടുത്തുന്നപക്ഷം ലോകം മുഴുവൻ ജയിച്ചടക്കുന്നതുകൊണ്ടു ഒരു നേട്ടവും വരുവാനില്ലെന്നു. നീ നിന്റെ സാമ്രാജ്യം ക്ഷണനേരത്തേക്കു സൂക്ഷിച്ചുകൊള്ളൂ. ഒരൊററ ആത്മാവിന്റെ ചേതത്തെക്കാൾ ഭേദം സകല സാമ്രാജ്യങ്ങളും, പ്രപഞ്ചംതന്നെയും നിന്റെ അണുകഭേദനംകൊണ്ടൊടുങ്ങുകയാണു. ലോകത്തിലെ സാമ്രാജ്യങ്ങളാണു ദൈവത്തിന്റെ സാമ്രാജ്യത്തിലേക്കു ഉയത്തപ്പെടേണ്ടതു; ദൈവത്തിന്റെ സാമ്രാജ്യമല്ല ലോകത്തിന്റെ സാമ്രാജ്യങ്ങളുടെ നിരകളിലേക്കു വലിച്ചു താഴ്ത്തപ്പെടേണ്ടതു. ലോകത്തു എനിക്കുവേണ്ടതു ഒരു കുരിശുയത്തുവാൻ ആവശ്യമായ സ്ഥലമാണു. പിന്നീടു നിന്റെ ലോകത്തിലെ വഴിത്തിരിവുകളിൽ എന്നെ ഉയത്തിനിത്തുവാൻ നിന്നെ ഞാനനുവദിക്കാം. ജറുസലേമിന്റേയും ആഥൻസിന്റേയും റോമായുടേയും നാമത്തിൽ എന്നെ കുരിശിൽ തറയ്ക്കുവാൻ ഞാൻ നിന്നെ അനുവദിക്കുന്നു. എന്നാൽ ഞാൻ മരണത്തിൽനിന്നു ഉയിത്തെഴുന്നേല്ക്കും. പിടിച്ചടക്കിയ നീ പരാജിതനാകുന്നതും പരാജിതനായ ഞാൻ പിടിച്ചടക്കുന്നതും നീ കാണും. പിശാചേ, നീ എന്നോടു അന്തിക്രിസ്തുവാകുവാൻ ആവശ്യപ്പെടുന്നു. എന്റെ ദിവ്യമായ ക്ഷമാശക്തി ഇതാ അക്ഷമതയായി മാറുന്നു. ചെകുത്താനെ എന്നെ വിട്ടു ഓടിപ്പോവുക.

ഓ യേശുവേ, ജീവിക്കുന്ന ദൈവത്തിന്റെ കുമാരാ ഉദരങ്ങൾ അപ്പംകൊണ്ടു നിറഞ്ഞിരിക്കുന്നെങ്കിലും ആത്മാക്കൾ ഒഴിഞ്ഞിരിക്കുകയാൽ പട്ടിണികിടക്കുന്ന അനേകലക്ഷങ്ങളുടെമേൽ അങ്ങു കരുണകാണിക്കേണമേ. ഒഴിഞ്ഞ വയറുകളും ഒഴിഞ്ഞ ആത്മാക്കളുമായി പുലരുന്ന ഏഷ്യയിലെ അനേകലക്ഷങ്ങളുടെമേലും അങ്ങു കരുണകാണിക്കേണമേ. ഞങ്ങളുടെ ആത്മാക്കളുടെ ആഹാരമായ അങ്ങയെ—ദിവ്യകാരുണ്യഭോജനത്തെ തിരയുന്നവരുടെ വിശപ്പിന്റെ അന്ത്യമായ അങ്ങയെ—കണ്ടെത്തുംവരെ എല്ലാ സക്രാരിവാതിലുകളിലും വന്നു മുട്ടുന്നതിനു അവരെ പ്രേരിപ്പിക്കേണമേ.

പാപത്തേയും പാപവിമോചനത്തിന്റെ ആവശ്യകതയേയും നിഷേധിക്കുന്ന ഞങ്ങളുടെ കാലസന്ധിയിലെ മാനസികമുടന്തന്മാരുടെമേലും കരുണയായിരിക്കേണമേ. ഈശ്വരവിശ്വാസമാകുന്ന ഗോപുരത്തലപ്പിൽനിന്നു അനേകായിരങ്ങൾ പാപത്തെ വ്യാഖ്യാനിച്ചു നിസ്സാരമാക്കിത്തള്ളുന്ന മനോവിശകലനവിദഗ്ദ്ധന്മാരുടെ കിടക്കകളിലേക്കു എടുത്തുചാടുന്നു. അകമേ സ്നേഹത്തിന്റെ ഒരു നവീകൃതാരൂപി സൃഷ്ടിക്കുകയും, ഞങ്ങളുടെ സമുദ്ധാരകനും രക്ഷകനുമാകുന്ന അങ്ങയോടുകൂടി ജീവിതം പുനരാരംഭിക്കുന്നതിനു സഹായിക്കുകയും ചെയ്യുന്ന പാപമോചനത്തിന്റെ യഥാത്ഥശക്തിയെ സ്വീകരിക്കുന്നതിനു മുട്ടുമടക്കുകയും ചെയ്യുന്നതിനു അവക്കു പ്രസാദവരം നൽകണമേ.

അവസാനമായി ഓ ഈശോ, രണ്ടാമതോ മൂന്നാമതോ ഒന്നു വിവാഹം കഴിക്കുന്നതിനുവേണ്ടി, സാമൂഹികമോ രാഷ്ട്രീയമോ ആയ ആനുകൂല്യത്തിനുവേണ്ടി, തങ്ങളുടെ വിശ്വാസം കൈവെടിഞ്ഞിരിക്കുന്നവരുടെമേൽ അങ്ങു ദയയായിരിക്കേണമേ. നിദ്രാരഹിതമായ രാത്രികളിൽ, കനപ്പെട്ട മനഃസ്സാക്ഷികളിൽ, ഭയങ്ങളിൽ, ഉത്കണ്ഠകളിൽ കത്താവേ, അവരെ പഠിപ്പിക്കുക, സ്നേഹം അവരെ അങ്ങിലേക്കു ആകർഷിക്കുന്നില്ലെങ്കിൽ അസ്വസ്ഥത അവരെ വീണ്ടും അങ്ങേ തിരുഹൃദയത്തിലേക്കു ആകർഷിക്കുമെന്നു. പ്രിയ ഈശോ, ലോകത്തു ഇതല്ല അങ്ങേ മണിക്കൂർ. ഇതു ചെകുത്താന്റെ മണിക്കൂർ: അങ്ങു ഒന്നുകൂടി ക്രൂശിക്കപ്പെടുന്ന അന്ധകാരശക്തികളുടെ മണിക്കൂർ. കമ്മ്യൂണിസരക്തസപ്പം ലോകമാസകലം നുഴയുകയും പാ[illegible]ട്ടുകയും ചെയ്യുന്ന ഈ മണിക്കൂറിൽ സപ്പത്തിന്റെ തലയെ തകക്കുന്നതിനു നീ ശക്തിയരുളിയിരിക്കുന്ന ആ സ്ത്രീയെ ഞങ്ങളുടെ പക്കലേക്കയക്കുക. ഓ മറിയമേ, ദൈവജനനീ, നാരകീയസത്വത്തെ കാൽക്കീഴിൽ ചവിട്ടുന്ന നാരീരത്നമേ, മിന്നൽപോലെ ആകാശത്തുനിന്നു ചെകുത്താൻ—ആ രക്തനക്ഷത്രം—നിപതിക്കുന്നതു ദശിച്ചവളേ. ഇപ്പോൾ വിദ്വേഷിക്കുന്നവർ സ്നേഹിക്കുന്നതിനും, സ്നേഹിക്കാത്തവർ ഞങ്ങളുടെ ഭോജനവും ശക്തിയും രാജാവുമായ നിന്റെ ദിവ്യകുമാരനുവേണ്ടി. സ്നേഹത്താൽ പ്രദീപ്തരാകുന്നതിനും നിന്റെ നീലവസനംകൊണ്ടു നീ ഇരമ്പിയടുക്കുന്ന ചെമ്പടയെ ആവരണം ചെയ്താലും.

* പി. എസ്സ്. പുല്ലുവിള

—o—




## ജയ! ക്രിസ്തോ! പാഹിമാം!

(വിദ്വാൻ ജോസഫ് പള്ളിപ്പാടൻ ഇടപ്പള്ളി)

"എല്ലാം മായംതാനാ" എ. മ. ("ദേവദാസ്" ചിത്രത്തിൽ)

ഈശോ! ജീവനാഥാ! ഏഴയെന്നെ, പാലിക്കാനായ്
ഏതും വൈകിടാതെ; വരമൻപിൽ നൽകാനായ്
വിനഹരനായി മിന്നീടുമുടയവനായ്
വിമലാവനമൻപിൽ നൽകീടും വരനിലയാ!
ഈയൂഴിയിൽ മേവും പാപിയിവൻ തൻ
ആലംബം ജനകാ! തവപൊൽപദമേയതുലാ! (ഈശോ!...)
മഹിമയിൽ വിലസും വെന്നിക്കൊടിമുദമായ്
നൽപൂഃകരമേന്തി—അതിശോഭനപദനായ്
മൃതവൃന്ദമതിൽനിന്നുത്ഥിതനാം നീ
രക്ഷാകാരമേ; ജയ! ക്രിസ്തോ! പാഹിമാം! (ഈശോ!...)

## വത്തിക്കാനിലെ ജർമ്മൻ പ്രതിനിധി

മഹായുദ്ധത്തിനുശേഷം ആദ്യമായി ജർമ്മനിയിൽനിന്നു ഡോക്ടർ വുൾഫ്ഗാങ്ങിനെ വത്തിക്കാൻ പ്രതിനിധിയായി നിയമിച്ചിരിക്കുന്നു. അദ്ദേഹം ഒരു പ്രോട്ടസ്റ്റൻറു മതാവലംബിയാണു. ജർമ്മനിയിലെ കത്തോലിക്കാ സംഘടനകൾ ഇതിനെതിരായി പ്രതിഷേധങ്ങൾ പുറപ്പെടുവിക്കുകയും തൽഫലമായി ഇപ്പോൾ ഒരു ഒത്തുതീർപ്പുണ്ടാവുകയും ചെയ്തിരിക്കുന്നു. വത്തിക്കാനിലേക്കുള്ള പ്രതിനിധികൾ ഒന്നിടവിട്ടു പ്രോട്ടസ്റ്റൻറും കത്തോലിക്കനും നിയമിക്കപ്പെടും.

Reg. No. M. 2293

# Sathya Deepam

Vol. 27 — Ernakulam, April 14, 1954 — No. 33

## യഥാർത്ഥസുഖം എവിടെ?

(ഫാദർ ജോസഫ് പുതിയാപറമ്പിൽ ബി. എ.)

രണ്ടു മുന്തിരിക്കുലകൾ ഒരു മുന്തിരിവള്ളിയിൽ പുഷ്ടിയായി വളരുന്നു. കാലക്രമേണ ആ കുലകൾ പഴുത്തു തുടങ്ങുന്നു. എന്നാൽ ഇവയിൽ ഓരോന്നിനും പിന്നീട്ടു എന്തു സംഭവിക്കുന്നു? ഒരു മുന്തിരിക്കുലയിലെ മുന്തിരിച്ചാറു് കാസായിൽ ദിവ്യബലിസമയം ദിവ്യരക്ഷകൻെറ അമൂല്യരക്തമായി രൂപം പ്രാപിക്കുന്നു. എന്നാൽ മറേറ മുന്തിരിപ്പഴങ്ങളിലെ മുന്തിരിച്ചാറു് മദ്യപാനിയുടെ പാനപാത്രത്തിൽ വിഷകലുഷിതമായ ദ്രാവകമായി മാറുന്നു. എന്തുകൊണ്ടാണു് ഒരു മുന്തിരിക്കുലയിലെ മുന്തിരിപ്പഴം നിത്യജീവദായകമായും മറേറതു് നിത്യമൃത്യുവിനു കാരണമായും ഭവിക്കുന്നതു്. ഇവയെല്ലാം നാം ആ മുന്തിരിപ്പഴത്തെ ഉപയോഗിക്കുന്ന വിധത്തെ ആശ്രയിച്ചിരിക്കുന്നു. ഇതുപോലെ യഥാത്ഥസുഖവും നമ്മുടെ ഹൃദയത്തിൻെറ അഥവാ മനസ്സിൻെറ പ്രവത്തനത്തെ ആശ്രയിച്ചിരിക്കുന്നു. ജീവിതസരണി, അന്ധകാരവും സൂര്യപ്രകാശവും ഇടകലർന്നിരിക്കുന്ന വനാന്തരത്തിൽക്കൂടിയുള്ള വഴിക്കു സദൃശമാണു്. നമ്മുടെ കണ്ണുനീർകണങ്ങൾ പലപ്പോഴും മന്ദസ്മിതരശ്മികളോടു യോജിച്ചു ഇടകലന്നു പ്രവത്തിക്കുന്നില്ലേ? നമ്മുടെ ഈ ലോകജീവിതം കണ്ണുനീരിൻെറ താഴ്വരയിലാണെങ്കിലും ദൈവസുതരായ നാം ഭൂവാംബയുടെ മടിയിലിരുന്നുകൊണ്ടു ദൈവം വസിക്കുന്ന ആകാശത്തിലേക്കു നോക്കിയാൽ സമാധാനവും സുഖവും കണ്ടെത്തുവാൻ സാധിക്കും. ലോകം മുഖക്കണ്ണാടിക്കു സദൃശമാണു്. അതിനെ നോക്കിക്കൊണ്ടു നാം ചിരിക്കുകയാണെങ്കിൽ മന്ദസ്മിതംവഴി അതു പ്രതിവചിക്കും. കോപഭാവത്തോടെ അതിനെ വീക്ഷിക്കുകയാണെങ്കിൽ അതും അപ്രകാരം ചെയ്യും. നാം എപ്പോഴും സുഖത്തെയും ആനന്ദത്തെയും അന്വേഷിക്കുന്നു. എന്നാൽ ദൈവത്തോടു അടുത്തിരിക്കാത്തിടത്തോളം കാലം നാം യഥാത്ഥസുഖം കണ്ടെത്തുകയില്ല. ഒരു പക്ഷിയെ അതിൻെറ കൂട്ടിൽനിന്നും എടുത്തു മാറുക. അപ്പോൾ നമുക്കു കാണാൻ സാധിക്കും അതിൻെറ തള്ളപ്പക്ഷിയെ കാണുവാൻ എത്രമാത്രം അതു ശബ്ദിക്കുമെന്നു്. ഇപ്രകാരം ദൈവം നമ്മുടെ ആത്മാവിനു സുഖവും മൂട്ടം നൽകുന്ന കൂടാണു്. സൂര്യനിലേക്കു ചാഞ്ഞിരിക്കുന്ന പുഷ്പത്തെ നാം മാററി നിറുത്തിയാലും അതു പിന്നെയും സൂര്യനിലേക്കു് തിരിയുന്നില്ലേ? നമ്മുടെ ആത്മാവിൻെറ സൂര്യൻ ദൈവമത്രെ. സമുദ്രത്തിൽ കിടക്കുന്ന മത്സ്യത്തെ കരയിൽ പിടിച്ചിടുക. അതു് അവിടെ ചുററി കറങ്ങിയതിനുശേഷം സമുദ്രത്തിൽ ചാടിവീഴുന്നു. നമ്മുടെ ആത്മാവിനു തുള്ളിച്ചാടുന്നതിനും സുഖമനുഭവിക്കുന്നതിനുമുള്ള നിത്യസാഗരം ദൈവമാകുന്നു.

കുയിൽ ആകാശത്തിൽ വളരെ ഉയന്നുകഴിയുമ്പോൾ മനോഹരമായി പാടുന്നു. എന്നാൽ ഭൂമിയിലേക്കു കുതിച്ചുപറക്കുമ്പോൾ അതു് നിശ്ശബ്ദതപാലിക്കുന്നു. ഇപ്രകാരം തന്നെ മനുഷ്യാത്മാവു് ആകാശത്തിലേക്കു നോക്കുകയും സ്വർഗ്ഗീയ സൗഭാഗ്യത്തെപ്പററി ചിന്തിക്കയും ചെയ്യുമ്പോൾ സീമാതീതമായി സന്തോഷിക്കുന്നു. യഥാത്ഥസുഖം ഈ ലോകത്തിൽ പ്രാപ്യമല്ല "എൻെറ ജീവിതം മുഴുവൻ പരിശോധിച്ചാലും 24 മണിക്കൂർനേരംപോലും യഥാത്ഥസുഖമനുഭവിക്കുവാൻ സാധിച്ചിട്ടില്ല" എന്നത്രെ ബിസ്മാർക്ക് പറഞ്ഞിരിക്കുന്നതു്. 83 കൊല്ലങ്ങൾ ജീവിച്ചിരുന്ന അദ്ദേഹത്തിനു ധനം, മാനം, കീത്തി, പ്രശസ്തി, വിജയം എന്നിവയെല്ലാം ഉണ്ടായിരുന്നു. എന്നാൽ യഥാത്ഥ സുഖം ഒരു ദിവസംപോലും അനുഭവിച്ചില്ലെന്നു്. ലോകസമ്പത്തുകളിൽ യഥാത്ഥ സുഖം ചിലർ തേടുന്നു. എന്നാൽ അവിടെയും അതു ദൃശ്യമാകുന്നില്ല. ഏഷ്യയിലെ ആൻറഗോണിയൂസ് എന്ന ചക്രവത്തി തൻെറ കിരീടം വിരലിന്മേൽ ഇട്ടു കറക്കിക്കൊണ്ടു പറഞ്ഞു: "ഈ കിരീടം ധരിക്കുന്നവൻ എത്രമാത്രം ക്ലേശങ്ങൾ സഹിക്കുന്നുണ്ടെന്നു് മനുഷ്യർ അറിഞ്ഞിരുന്നെങ്കിൽ ഇതു ധരിക്കുന്നതിനു തത്രപ്പെടുകയില്ലായിരുന്നു." ഹെൻറി എട്ടാമൻ തൻെറ സന്ദർശനശാലയിലെ ജനാലയിൽ മുള്ളുകളിന്മേൽ വച്ചുപ്പെട്ടിരുന്ന കിരീടത്തിൻെറ ചിത്രം സ്ഥാപിച്ചിരുന്നു. അസാന്മാർഗ്ഗികവും ക്ലേശപൂർവുമായ ജഡികസന്തോഷങ്ങളിൽ മററു ചിലർ യഥാർത്ഥസുഖം ആരായുന്നു. എന്നാൽ സമുദ്രജലത്തിനു ദാഹം ശമിപ്പിക്കാൻ എത്രമാത്രം ശക്തിയുണ്ടോ അത്രമാത്രമേ യഥാത്ഥ സുഖം നൽകാൻ ജഡികാഭിലാഷങ്ങൾക്കും സാദ്ധ്യതയുള്ളൂ എന്നവർ മനസ്സിലാക്കി. മിന്നാമിനുങ്ങുകൾ രാത്രിസമയം നല്ലതുപോലെ പ്രകാശിക്കുന്നു. എന്നാൽ സൂര്യപ്രകാശത്തിൽ അതു് അവലക്ഷണവും വികൃതവുമായ കൃമിയത്രെ. ഇപ്രകാരം ലോകസുഖങ്ങൾ ജീവിതമാകുന്ന അന്ധകാരത്തിൽ പ്രകാശിക്കുന്നു വിധിദിവസം നീതിസൂര്യനായ ദൈവത്തിൻെറ സാന്നിദ്ധ്യത്തിൽ വിലയില്ലാത്തതായിത്തീരും.

ജ്ഞാനം സമ്പാദിക്കുകയെന്നതു് ശ്രേഷ്ഠവും മഹനീയവുമായ പ്രവൃത്തിയത്രെ. എന്നാൽ വിജ്ഞാനത്തിനും ധനത്തിനും യഥാത്ഥസുഖം പ്രദാനം ചെയ്യാൻ സാദ്ധ്യമല്ലെന്നു് സോളമൻ ഉച്ചൈസ്തരം വിളിച്ചറിയിക്കുന്നു. ഇതുകൊണ്ടത്രെ വി. ആഗുസ്തീനോസ് പറഞ്ഞതു് "കത്താവേ, ഞങ്ങൾ നിനക്കുവേണ്ടി സൃഷ്ടിക്കപ്പെട്ടിരിക്കുന്നു. ഞങ്ങൾ നിന്നിൽ ആശ്രയിക്കാതെ യഥാത്ഥ സുഖവും വിശ്രമവും കണ്ടെത്തുകയില്ല."

—o—



"അപ്പോൾ ഒരു ഭൂചലനമുണ്ടായി. സ്വർഗ്ഗത്തിൽനിന്നു ഒരു ദൈവദൂതൻ ഇറങ്ങിവന്നു കല്ലു തള്ളി മാററുകയും അതിന്മേൽ ഇരിക്കുകയും ചെയ്തു. അവൻെറ മുഖം ഇടിമിന്നൽപോലെയും വസ്ത്രം വെണ്മഞ്ഞുപോലെയും പ്രകാശിച്ചു. കാവൽക്കാർ അവനെക്കണ്ടു ഭയന്നു മരിച്ചവരെപ്പോലെ ആയി. . . . .അവൻ സ്ത്രീകളോടു പറഞ്ഞു: നിങ്ങൾ ക്രൂശിക്കപ്പെട്ട ഈശോയെ അന്വേഷിക്കുന്നു. **അവൻ ഇവിടെയില്ല, അവൻ പറഞ്ഞതുപോലെ ഉത്ഥാനംചെയ്തിരിക്കുന്നു."**

(വിശുദ്ധ മത്തായി 28-,2, 3, 4, 6.)


### അനുകരണങ്ങളെ സൂക്ഷിക്കണം

"കാളൻ'സ് ബുള്ളററി"ൻെറ സാമ്പിൾ കോപ്പി സൗജന്യം. താഴെ കാണുന്ന വിലാസത്തിൽ മാത്രം എഴുതുക.

**കാളൻ, നെല്ലായി**


### XI-ാം പീയൂസ് മുസ്സോലിനിക്കു് മുന്നറിയിപ്പു നൽകിയിരുന്നു

ലാററൻ ഉടമ്പടിക്കുശേഷം പരിശുദ്ധ സിംഹാസനത്തിലേക്കു് നിയമിതനായ ഇററാലിയൻ പ്രതിനിധി ഡെവേച്ചി അവർകൾവഴി XI-ാം പിയൂസ് തിരുമേനി മുസ്സോലിനിക്കു ഒരു സന്ദേശം അയച്ചു. "അദ്ദേഹത്തെ ലക്ഷ്യമാക്കിയുള്ള അതിപ്രശംസകൾ അദ്ദേഹത്തിനു് ആപല്ക്കരമായിത്തീരുമെന്നു നമ്മുടെ നാമത്തിൽ അദ്ദേഹത്തെ അറിയിക്കുക. ആകാശത്തിനും ഭൂമിക്കും മദ്ധ്യേ സ്വയം ഉയരുന്ന ഓരോ മനുഷ്യനും അവൻെറ പാദങ്ങൾ ഭൂമിയിലാണു് ഉറപ്പിക്കപ്പെടേണ്ടതെന്നു് അനുസ്മരിക്കണം. ഒരു ദൈവം മാത്രമേയുള്ളൂ എന്നും, ആ സ്ഥാനത്തിനുവേണ്ടിയുള്ള മുസ്സോലിനിയുടെ ഉയച്ച് അദ്ദേഹത്തെ ഒരു വിഗ്രഹമായി മാററുകയും കള്ളപ്രവാചകന്മാരുടെ ശുശ്രൂഷയ്ക്കു മാത്രം യോഗ്യനാക്കുകയുമായിരിക്കും ചെയ്യുകയെന്നു നമ്മുടെ നാമത്തിൽ അദ്ദേഹത്തോടു പറയുക. മനുഷ്യർ നിർമ്മിച്ചിട്ടുള്ള വിഗ്രഹങ്ങളെ അവർതന്നെ നശിപ്പിച്ചിട്ടുള്ളതാണു് ചരിത്രാനുഭവം. അദ്ദേഹത്തിൻെറ പദ്ധതി സ്വയം ശരിപ്പെടുത്തുന്നില്ലെങ്കിൽ അദ്ദേഹത്തിനു് ദുരന്തമായ ഒരു അനുഭവമായിരിക്കും ഉണ്ടാവുക." ഈ സന്ദേശത്തെ സിഞ്ഞോർ ഡെവേച്ചി മുസ്സോലിനിയെ അറിയിച്ചു.

"മുസ്സോലിനിയുടെ പദ്ധതികൾ തികച്ചും ശരിയായിട്ടുള്ളവയാണെന്നു നിങ്ങൾ മറുപടിയായി മാർപ്പാപ്പായെ അറിയിച്ചുകൊള്ളുക" എന്നായിരുന്നു മുസ്സോലിനിയുടെ ഉദ്ധതമായ മറുപടി. അനുഭവത്തിൽ ശരിയും തെററും അദ്ദേഹത്തിനു മനസ്സിലായിരിക്കണം! ഇററലിയുടെ വിദേശപ്രതിനിധികളിൽ ഒരാളായിരുന്ന സിഞ്ഞോർ ടനാഃറായാണു് ഈയിടെ അദ്ദേഹത്തിൻെറ ഒരു കൃതിയിൽ ഈ വസ്തുത വിശദമാക്കിയതു്.

### മാർപ്പാപ്പാതിരുമനസ്സിലെ സ്വിസ്സ് ഗാർഡുകൾ

സ്വിററ്സർലണ്ടിലെ നാലു പ്രധാന പ്രോവിൻസുകളിൽനിന്നാണു് ഈ അംഗരക്ഷകന്മാർ സ്വീകരിക്കപ്പെടുന്നതു്. അവർ അവിവാഹിതരായിരിക്കണം. അഞ്ചടി എട്ടിഞ്ചെങ്കിലും പൊക്കവും നല്ല ആരോഗ്യവും ഉണ്ടായിരിക്കുന്നതു കൂടാതെ, കുറേക്കാലത്തേക്കെങ്കിലും സ്വരാജ്യത്തു സൈന്യസേവനം ചെയ്തിരിക്കണമെന്നുള്ളതു നിർബന്ധമാണു്. ഒന്നോ രണ്ടോ കൊല്ലത്തെ വത്തിക്കാൻ സേവനംകഴിഞ്ഞു വേണമെങ്കിൽ അവക്കു സ്വരാജ്യത്തേക്കു മടങ്ങിപ്പോകാം. പകരം പുറപ്പെടാൻ ആളുകൾ അപ്പോൾ അവിടെ ഒരുങ്ങിയിരിക്കയാണു്. സ്വിസ് യുവാക്കന്മാർ ഇതു ഏററം വലിയ ഒരു ബഹുമതിയായി പരിഗണിക്കുന്നു.

Permissu Ecclesiastico
Print & Publish b,
K. L. Varke,
at the Mar Louis M morial Pres
Ernakulam—1